# മലങ്കരസഭാ തേജസ്സുകൾ

## മലങ്കരയിൽ ചരിത്രം കുറിച്ച്

## മൺമറഞ്ഞ പിതാക്കന്മാർ

(Malayalam)

**Malankara Sabha Thejasukal**
Malankarayil Charithram Kurichu
Manmaranja Pithakkanmar

**Zacharia Jacob**

Editor : Joice Thottackad

Published by : Sophia Books
Thirunakkara, Kottayam
Mob: 99471 20697

First Edition : August, 2016

Cover Design, Typesetting
& Printing : Sophia Print House, Kottayam

Price: **Rs. 130.00**

# മലങ്കരസഭാ തേജസ്സുകൾ

## മലങ്കരയിൽ ചരിത്രം കുറിച്ച്
## മൺമറഞ്ഞ പിതാക്കന്മാർ

സഖറിയാ ജേക്കബ്

SOPHIA BOOKS

സോഫിയാ ബുക്സ്
കോട്ടയം



## സഖറിയാ ജേക്കബ്

എറണാകുളം ജില്ലയിൽ പിറവത്തിനടുത്ത് പെരുമ്പടവം, പൊലിയ പ്രായിൽ ജേക്കബിന്റെയും ആശാ ജേക്കബിന്റെയും മകനായി ജനിച്ചു. പെരുമ്പടവം സെന്റ് ജോർജ്ജ് പള്ളി ഇടവകാംഗം. ഇപ്പോൾ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ കൂടെ പ്രീസെമിനാരിയനായി മാർ പക്കോമിയോസ് മൗണ്ട് അരമനയിൽ താമസിക്കുന്നു.

വിലാസം: മാർ പക്കോമിയോസ് മൗണ്ട് അരമന
മീമ്പാറ പി.ഒ., പുത്തൻകുരിശ്
എറണാകുളം - 682308

പൊലിയപ്രായിൽ ഹൗസ്
പെരുമ്പടവം പി.ഒ.
ഇലഞ്ഞി-686665
Mob: 8592099472

**MALANKARA ORTHODOX SYRIAN CHURCH**
**DIOCESE OF KANDANAD WEST**

DR. MATHEWS MAR SEVERIOS
METROPOLITAN

PRASADAM CENTRE
KOLENCHERY P.O. - 682 311
ERNAKULAM, KERALA, INDIA
PHONE : 0484 -2760286
Mobile : +91-9447213999
Fax : 0484- 2763025
e-mail : mseverios@gmail.com


12-08-2016

# അനുഗ്രഹാശംസ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വാത്സല്യവാൻ സഖറിയാ ജേക്കബിന് വാഴ്വ്.

പ്രിയനേ,

ശ്രമകരമായ വിദ്യാഭ്യാസത്തിനിടയിലും വളരെ ഗൗരവമായ ഒരു യത്നം പൂർത്തിയാക്കി മലങ്കരസഭാചരിത്രത്തെ അയവിറക്കുവാൻ പ്രിയൻ പ്രസിദ്ധീകരിച്ച ഈ പുസ്തകം വളരെ പ്രശംസനീയമാണ്. സഭയുടെ അസ്ഥിത്വവും വളർച്ചയും സഭാപിതാക്കന്മാരുടെ അനുസ്മരണയിൽ അധിഷ്ഠിതമാണ്. അവരുടെ വേദനയും യാതനയും അറിയുന്നത് ഇന്നത്തെ തലമുറയ്ക്ക് കഴിഞ്ഞ കാലങ്ങളിൽ ഊറ്റംകൊള്ളുവാനും വരുന്ന കാലങ്ങളും ഊർജ്ജസ്വലതയോടെ നേരിടുന്നതിനും പര്യാപ്തമായിരിക്കും. ജീവിതത്തിന്റെ പരുപരുത്ത ദിനങ്ങളെ സഭാജീവിതത്തിന്റെ അഭിമാന ദിവസങ്ങളാക്കിത്തീർക്കുവാൻ അവർക്ക് കഴിഞ്ഞു. അവരുടെ ക്രാന്തദർശിത്വവും സമർപ്പണജീവിതവും സഭാംഗങ്ങൾക്ക് എന്നും പ്രചോദനമാണ്. അവർ പിന്നിട്ട കല്ലും മുള്ളും നിറഞ്ഞ പാതകളുടെ അനുധാവനം നമുക്ക് ആത്മവിശ്വാസവും സഭാജീവിതത്തിന് ഉൾപ്രേരണയും നൽകുന്നു.



പ്രിയന്റെ ഈ സംരംഭം അനേകർക്ക് പ്രയോജനകരവും മാതൃകയും ആകട്ടെ എന്നാംശംസിക്കുന്നു. പ്രിയനെ ദൈവം അനുഗ്രഹിക്കട്ടെ.

**ഡോ. മാത്യൂസ് മാർ**
**സേവേറിയോസ്**

# അവതാരിക

## വെരി. റവ. പി. യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പാ പോത്താറയിൽ

മലങ്കര ഓർത്തഡോക്സ് സഭയിൽ സവിശേഷമായി ആകർഷിച്ച 1653–ലെ കൂനൻകുരിശു സത്യത്തിനുശേഷം പ. സഭയെ നയിച്ച മഹാ പുരോഹിതന്മാരുടെ നഖചിത്രങ്ങൾ ചുരുക്കമായി സഖറിയാ ജേക്കബ് ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ഇതെന്നെ രാഷ്ട്രതന്ത്രജ്ഞ നായ ജോൺ എഫ്. കെന്നഡിയുടെ ''പ്രൊഫൈൽസ് ഓഫ് കറേജ്'' എന്ന ഗ്രന്ഥത്തെ അനുസ്മരിപ്പിച്ചു. അതിൽ രാഷ്ട്രീയ രംഗത്ത് അനർ ഘമായ സംഭാവനകളർപ്പിച്ചവരെ അവതരിപ്പിക്കുന്നുണ്ട്. സഖറിയായിൽ സ്വാധീനം ചെലുത്തിയത് വേദശാസ്ത്ര വിശാരദരും വിശുദ്ധരുമായ മഹാപുരോഹിതന്മാരാണ്. വിശുദ്ധരെന്ന പോലെ ജ്ഞാനികൾക്കും ഇദ്ദേഹം തന്റെ പുസ്തകത്തിൽ ആദരവ് കൊടുക്കുന്നു. ഇദ്ദേഹം തെര ഞ്ഞെടുത്ത നക്ഷത്രങ്ങൾ ആദ്ധ്യാത്മിക പ്രഭാവമുള്ള ഗുരുദേവന്മാരാണ്. പുസ്തകം ആരംഭിക്കുന്നതുതന്നെ മലങ്കരസഭയിലെ ഒന്നാം മാർത്തോ മ്മായുടെ ദീപ്തമായ ചിത്രം മുതലാണ്. 1653–ലെ മാർത്തോമ്മാ ഒന്നാമൻ മുതൽ 1816–ലെ മാർത്തോമ്മാ ഒമ്പതാമൻ വരെയുള്ള മാർത്തോമ്മാ മെത്രാന്മാർ മലങ്കരസഭയെ നയിച്ചു. പകലോമറ്റം മെത്രാൻവാഴ്ചയുടെ അന്ത്യഘട്ടത്തിൽ 19–ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ മലങ്കരസഭയെ ആധുനികയുഗത്തിലേക്കു നയിച്ച പുലിക്കോട്ടിൽ ദീവന്നാസിയോസ് പ്രഥമൻ മലങ്കരമെത്രാപ്പോലീത്തായും മലങ്കരസഭയെ ഇരുപതാം നൂറ്റാ ണ്ടിലെ നവോത്ഥാനത്തിലേക്ക് സഫലമായി സംക്രമിപ്പിച്ച യുഗപുരുഷ നായ പുലിക്കോട്ടിൽ ദീവന്നാസിയോസ് രണ്ടാമൻ മലങ്കര മെത്രാപ്പോ ലീത്തായും ഉൾപ്പെടെ മാർ ദീവന്നാസിയോസ് ആറാമൻ വരെയുള്ള പിതാക്കന്മാർ മലങ്കരസഭയെ ഭരിച്ചു നടത്തി.

മലങ്കരസഭയിലെ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയുടെ പ്രഭാപൂരിതമായ ചിത്രം നമുക്ക് നൽകുന്നു. പ. പരുമല തിരുമേനി മൽ പ്പാന്മാരുടെ മൽപ്പാനായിരുന്നു. വിശുദ്ധരിൽ തന്നെ പരമ വിശുദ്ധൻ. ആ വിശുദ്ധന്റെ സഭയെ സംശുദ്ധമാക്കണമെന്ന പ്രാർത്ഥനയോടു കൂടി യുമാണ്, യോഗാത്മകത ഓളംവെട്ടുന്ന ഈ നഖചിത്രം ലേഖകൻ അവ തരിപ്പിക്കുന്നത്. അതിനുശേഷം സഭാഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അവസാനം വരെ പോരാടി അതു സഫലീകരിച്ച വിമോചകനായി കാണിച്ചിരിക്കുന്നു. വിമോചകനായ എബ്രാഹം ലിങ്കന്റെ കബറിടത്തിൽ ആയിരമായിരം

മാലാഖമാർ നൃത്തം ചെയ്യുന്നതുപോലെ വിമോചകനായ പ. വട്ടശ്ശേരിൽ തിരുമേനിയുടെ കബറിടത്തിലും അനേകം മാലാഖമാർ നൃത്തം ചെയ്യുന്നുണ്ട് എന്നുള്ളത് തീർച്ചയാണ്. ആധുനിക മലങ്കര ഓർത്തഡോക്സ് സഭയുടെ ആധാരശില്പികളായ മാർത്തോമ്മാ മെത്രാന്മാരെപ്പറ്റിയും പ. പരുമല കൊച്ചുതിരുമേനി, സഭാഭാസുരൻ എന്നിവരെപ്പറ്റിയും പ്രതിപാദിച്ചതിനുശേഷം ഈ അടിസ്ഥാന ശിലകളുടെമേൽ സഭാമന്ദിരം പടുത്തുയർത്തിയ ഏഴ് പരിശുദ്ധ ബാവാമാരുടെ സജീവ ചിത്രങ്ങളാണ് ഗ്രന്ഥകർത്താവ് അവതരിപ്പിക്കുന്നത്. കണ്ടനാട് ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്തായും മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കാ സിംഹാസനത്തിലെ പ്രഥമ കാതോലിക്കായും ആയിരുന്ന പ. മുറിമറ്റത്തിൽ മാർ ഈവാനിയോസ് തിരുമേനിക്ക് കാതോലിക്കാ സിംഹാസനത്തെ ഈ മണ്ണിൽ ഉറപ്പിക്കുവാൻ കഴിഞ്ഞു. ആരാധനയിലൂടെയും ഉപവാസത്തിലൂടെയും ദൈവസാന്നിദ്ധ്യമറിഞ്ഞ പ. തിരുമേനി ചെറിയ മനുഷ്യനായി ജീവിക്കുകയും ലളിതജീവിതം നയിക്കുകയും ചെയ്ത് വലിയ മനുഷ്യനായി കാലം ചെയ്തു. അദ്ദേഹത്തിനുശേഷം പ. ബസ്സേലിയോസ് ഗീവർഗീസ് ഒന്നാമൻ കാതോലിക്കാ സിംഹാസനത്തിൽ ആരൂഢനായി. പിന്നീട് ഏകകാലത്ത് അസാമാന്യ ഭരണാധികാരിയും പരമഭക്തനുമായിരുന്നു. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സമുജ്ജ്വല വ്യക്തിത്വത്തിന് പിന്നാലെ വന്ന പ. ഔഗേൻ പ്രഥമൻ ബാവായെ ഗ്രന്ഥകർത്താവ് കാതോലിക്കാ സിംഹാസനത്തിന്റെ സംരക്ഷകനും സഹദായുമായാണ് ചിത്രീകരിക്കുന്നത്. സുറിയാനിയിൽ അഗാധ പണ്ഡിതനായിരുന്ന തിരുമേനി കാതോലിക്കാ സിംഹാസനത്തിന്റെ പവിത്രതയിൽ അവഗാഢമായി വിശ്വസിച്ചിരുന്നു. പ. ഔഗേൻ ബാവായ്ക്ക് പിന്നാലെ വന്ന പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായ്ക്ക് കാപട്യത്തിന്റെ സ്പർശമില്ലാതെ സർവ്വരോടും ഇടപെടാൻ കഴിഞ്ഞു. പ്രബലനായ ഭരണകർത്താവായിരുന്നു പ. ബാവാതിരുമേനി. സർവ്വേശ്വരന്റെ പവിത്രപാണിയാൽ സംരക്ഷിക്കപ്പെടുന്നുവെന്ന നിറഞ്ഞ വിശ്വാസവും ആ സ്വർഗ്ഗീയ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള നിറഞ്ഞ അവബോധവും അദ്ദേഹത്തിന്റെ ചിന്തയിൽ മാത്രമല്ല സത്തയിലും ശബ്ദത്തിലും മുറ്റിനിന്നിരുന്നു.

കത്തോലിക്കാസഭ വി. തോമസ് അക്വിനാസിനെ മാലാഖയ്ക്ക് സദൃശ്യൻ എന്ന് വിശേഷിപ്പിക്കാറുണ്ട്. പ. മാത്യൂസ് ദ്വിതീയൻ ബാവായെ മാലാഖയായി വർണ്ണിക്കുമ്പോൾ അദ്ദേഹത്തിന്റെ ആകാരഭംഗിയും നൈർമല്യത്തിനുമാണ് ആദരവുകളർപ്പിക്കുന്നത്. തുടർന്ന് മലങ്കരസഭയെ നയിച്ച പ. ദിദിമോസ് ബാവായെ എടുത്തു കാണിക്കുന്നു. ദിദിമോസ് ബാവായുടെ ആർഭാടരഹിതമായ ജീവിതവും എളിമയുമാണ് ഏറ്റവും ആകർഷകമായി അനുഭവപ്പെട്ടിരുന്നത്. സമ്പത്തിന്റെ മധ്യ

ത്തിലും മരുഭൂമിയിലെ താപസന്മാരുടെ വിശുദ്ധി സാക്ഷാത്ക്കരിക്കുന്ന പ. ദിദിമോസ് ബാവാ ജനഹൃദയങ്ങളിൽ വാഴുന്നുവെന്നതിന് സംശയമില്ല.

അവസാനമായി മലങ്കര ഓർത്തഡോക്സ് സഭയിൽ ഭരണം നടത്തിയിട്ടുള്ള മെത്രാപ്പോലീത്താമാരെ ചിത്രീകരിക്കുന്നു. പൗരസ്ത്യ ക്രൈസ്തവ ദർശനവും ഭാരതീയ ഋഷിപൈതൃകവും സമന്വയിപ്പിച്ച ആദ്ധ്യാത്മിക ശൈലിയുടെ മകുടോദാഹരണമായി ചരിച്ച ഋഷിവര്യന്മാരായിരുന്ന ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താവരെയുള്ള സഭയിലെ വാങ്ങിപ്പോയ മഹാരഥന്മാരായ പിതാക്കന്മാരെ ചുരുക്കമായിയെങ്കിലും അതീവ ഗഹനമായിത്തന്നെ ഗ്രന്ഥകർത്താവ് അവതരിപ്പിക്കുന്നു. വിശുദ്ധിയോടുള്ള ആദരവും ഭക്തിയും അന്യരിൽ വളർത്തുന്ന ഈ ഗ്രന്ഥം ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്വർഗ്ഗീയ ഭക്ഷണമായിത്തീരുന്നു. ആയുഷ്കാലത്തിൽ വിശുദ്ധി സ്വാംശീകരിച്ച മഹാപുരോഹിതന്മാരുടെ സജീവ ജീവിതമടങ്ങുന്ന ഈ ഗ്രന്ഥം വിശുദ്ധമാണ്. ഇത് അനുവാചകരെ സഭാവിശ്വാസത്തിന്റെ പാതയിൽക്കൂടി ബഹുദൂരം നയിക്കുമെന്നത് തീർച്ചയാണ്. ഈ ഗ്രന്ഥം ഓർത്തഡോക്സ് സഭാംഗങ്ങളിൽ അവരെ നയിക്കുന്ന നായകന്മാരിലുള്ള വിശ്വാസത്തെ ദൃഢീകരിക്കുന്നു. സത്യവിശ്വാസത്തെ അവരിൽ രൂഢമൂലമാക്കുന്നു. ഹൃദയശുദ്ധിയുള്ളവർക്കു മാത്രമേ മനുഷ്യരിലുള്ള നന്മ കണ്ടെത്തുവാനും അതിനെ പുകഴ്ത്തുവാനും അതിനെ സ്വാംശീകരിക്കുവാനും അനുവാചകരെ പ്രേരിപ്പിക്കുവാനും കഴിയൂ. ഇതുപോലുള്ള വിശിഷ്ട ഗ്രന്ഥം ആദർശച്യുതി സംഭവിച്ചിരിക്കുന്ന ആധുനിക കാലഘട്ടത്തിന്റെ അടിയന്തിര ആവശ്യമാണ്. അന്ധകാരം തിങ്ങിക്കൂടുന്ന ആധുനികഘട്ടത്തിൽ അദ്ഭുതദ്യുതി വിതറുന്ന പ്രകാശഗോപുരമായി ഇത് വിരാജിക്കുമെന്ന് തീർച്ച. പ്രകാശമേ നയിച്ചാലും എന്ന ഗീതം ഈ പുസ്തകം നമ്മുടെ ഹൃദയത്തിലുണർത്തുന്നു.

ഈ വിശുദ്ധ പിതാക്കന്മാരുടെ ചരിത്രം വളരെ ചുരുങ്ങിയ ഭാഷയിൽ അന്തസത്തകളൊന്നും കളയാതെ വരച്ചുകാട്ടിയ യുവാവായ സഖറിയാ ജേക്കബിനെ ഹാർദ്ദമായി അനുമോദിച്ചുകൊണ്ടും പ്രദീപ്തമായ ഈ മഹത് കൃതിക്ക് സർവ്വ മംഗളങ്ങളും ആശംസിച്ചുകൊണ്ടും ഇത് സവിനയം സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.



കൂടാരപെരുന്നാൾ
2016

# ആമുഖം

## ഫാ. ഡോ. ഒ. പി. വറുഗീസ്
### (മാനേജർ, മാർ പക്കോമിയോസ് മൗണ്ട് അരമന)

കണ്ടനാട് ഭദ്രാസനത്തിലെ പ്രീ സെമിനാരിയൻ ആയ സഖറിയാ ജേക്കബ് രചിച്ച 'മലങ്കരയിൽ ചരിത്രം കുറിച്ച് മൺമറഞ്ഞ പിതാക്കന്മാർ' എന്ന ഗ്രന്ഥം എന്തുകൊണ്ടും പ്രശംസനീയം തന്നെ. കേവലം യുവത്വത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന സ്കറിയാ തന്റെ സഭയുടെ ആധുനികയുഗത്തിലെ പിതാക്കന്മാരെ ഒരു ചരടിൽ കോർത്തിണക്കി പഠിക്കുവാൻ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത് സഭയിലെ ആദ്യ സൃഷ്ടിയാണ്. പല പുസ്തകങ്ങൾ പരതിയാലും ഇവരെയെല്ലാം ഒന്ന് ഒരുമിച്ച് കാണുവാൻ പെടാപ്പാട് പെടേണ്ടി വരും. കൂനൻകുരിശ് സത്യത്തിനുശേഷം മലങ്കരസഭ ഭരിച്ച് 2016 വരെ കടന്നുപോയിട്ടുള്ള മാർ തോമ്മാർ, മാർ ദീവന്നാസ്യോസുമാർ, ബസ്സേലിയോസ് കാതോലിക്കാമാർ, മേല്പട്ടക്കാർ തുടങ്ങിയവരെയെല്ലാം ഈ പുസ്തകത്തിൽ അവതരിപ്പിക്കുന്നു. അത് അതിശ്രേഷ്ഠം തന്നെ. അനേകർ ആഗ്രഹിച്ചെങ്കിലും നടക്കാതെ പോയതത് സ്കറിയാക്കുഞ്ഞിന്റെ സൃഷ്ടിയിൽ നടന്നത് അതിശ്രേഷ്ഠം തന്നെയെന്ന് ഒരിക്കൽ കൂടി പ്രസ്താവിക്കുന്നു.

കൂനൻകുരിശിൽ ആലാത്തുകെട്ടി മലങ്കരനസ്രാണികൾ സത്യപ്രതിജ്ഞ ചെയ്തു – ഞങ്ങൾ മാർത്തോമ്മയുടെ മക്കൾ, മലങ്കര നസ്രാണികൾ, പറങ്കിമതത്തെയും ഉപദേശത്തെയും ബഹിഷ്കരിക്കുന്നു. അപ്പോൾ ആധുനിക മലങ്കരയിലെ നസ്രാണികളിൽപെട്ട ഏതാനുംപേർ പറയുന്നു – അമ്മയെ മറന്നാലും അന്ത്യോഖ്യായെ മറക്കുകയില്ല. 'കൂനൻകുരിശ് സത്യം ചെയ്ത നിന്റെ പൂർവ്വികർ നിങ്ങളെ ഓടിച്ചിട്ട് തല്ലുകയില്ലെ മക്കളെ' എന്ന് സ്കറിയാ ഈ പിതാക്കന്മാരെ അവതരിപ്പിച്ചുകൊണ്ട് ഓർമ്മിപ്പിക്കുന്നതും വായനക്കാർ കാണണമേ.

വൈദേശിക ശക്തികളായ പോർച്ചുഗീസുകാർ മലങ്കരസഭയെ റോമൻ കത്തോലിക്കാ സഭയിലേക്കും ഇംഗ്ലീഷുകാർ (ബ്രിട്ടീഷുകാർ) ഈ സഭയെ നവീകരണ സഭയിലേക്കും എത്തിക്കുവാൻ അവരുടെ സർവ്വശക്തിയും ഉപയോഗിച്ചപ്പോൾ അതിനെ എതിർത്ത് തോല്പിച്ച് മാർത്തോമ്മാശ്ലീഹായുടെ മക്കളാണ് മലങ്കരസഭ എന്ന് ലോകത്തിന് കാണിച്ചു കൊടുത്തവരാണ് ഈ സഭയും മാർത്തോമ്മാ ഒന്നാമൻ മുതലുള്ള പിതാക്കന്മാരും.



കത്തോലിക്കാ, നവീകരണ വിശ്വാസികളുടെ ആക്രമണത്തിൽ

നിന്നും രക്ഷിക്കുവാൻ വന്ന ഓർത്തഡോക്സ് വിശ്വാസികളായ അന്ത്യോഖ്യൻ സുറിയാനിസഭ പാത്രിയർക്കീസുമാർ ഈ സഭയെ പിടിച്ചടക്കുവാൻ നോക്കിയപ്പോൾ അതിനെ പല്ലും നഖവും ഉപയോഗിച്ച് എതിർത്ത് അന്ത്യോഖ്യയുടെ അധികാരം അറബിക്കടലിന് അക്കരെ എന്ന് പ്രഖ്യാപിച്ച് മലങ്കരസഭയെ നയിച്ചവരാണ് മാർ ദീവന്നാസ്യോസ് പിതാക്കന്മാർ. ലോകത്തിലെ സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസികളുടെ സഭയാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളായ ഈഗുപ്തായസഭ, അന്ത്യോഖ്യൻ സഭ, മലങ്കരസഭ, അർമീനിയൻ സഭ, എത്യോപ്യൻ സഭ എന്നിവകൾ. ഈ അതിപുരാതനസഭകളുടെ നിരയിലേക്ക് മലങ്കരസഭയെ എത്തിച്ച് അതിന്റെ അന്തസ്സും ആഭിജാത്യവും വീണ്ടെടുത്ത പിതാക്കന്മാരാണ് മലങ്കരയിലെ പൗരസ്ത്യ കാതോലിക്കാമാരും അവരോടൊന്നിച്ചു നിന്ന മെത്രാപ്പോലീത്തന്മാരും. ഇങ്ങനെയുള്ള ഈ പിതാക്കന്മാരെ എല്ലാം ഒറ്റച്ചരടിൽ കോർത്തിണക്കി, വളരെ വിസ്തൃതമാകാതെ ഗുളികപരുവത്തിൽ, ഗുണം നഷ്ടപ്പെടാതെ ഈ പുസ്തകം പ്രകാശിപ്പിച്ച സ്കറിയാ ജേക്കബിനെ വാനോളം വാഴ്ത്തുന്നു. ഈ പുസ്തകം അനേകർക്ക് അറിവും ഉൾക്കാഴ്ചയും ഉത്തേജനവും നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അയ്മേനിയും തിരുമേനിയും കൂടി അച്ചന്മാരെ പുറത്താക്കുന്നതും; വലിയച്ചന്മാരും കൊച്ചച്ചന്മാരും, വലിയ ചേട്ടന്മാരും, കൊച്ചേട്ടന്മാരും കൂടി തിരുമേനിയെ പുറത്താക്കുന്നതും അവസാനിപ്പിച്ച് തിരുമേനിയും, അച്ചന്മാരും, അയ്മേനികളും ഒത്തൊരുമിച്ച് ഒറ്റമുനയായി നീങ്ങി മലങ്കരയിലെ മാർത്തോമ്മാ നസ്രാണികൾ മുന്നേറണമെന്നാണ് ഈ പിതാക്കന്മാർ എല്ലാവരും ആഗ്രഹിക്കുന്നത്. അതിന് നമുക്ക് സാധിക്കട്ടെ എന്നും ആശംസിക്കുന്നു.

ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണപ്പെരുന്നാൾ
2016



# സമർപ്പണം

ഭക്തിയും ബുദ്ധിയും പ്രാപ്തിയും ഒത്തുചേർന്ന വ്യക്തിത്വവും, ഗമയും ഗൗരവവുമുള്ള മുഖഭാവവും, ശക്തിയും ശുദ്ധിയുമുള്ള ശബ്ദവും, ശരീരവും മനസ്സും നിവർത്തിയുള്ള നിൽപ്പും, പ്രവൃത്തിയും പ്രസംഗവുമായുള്ള പൊരുത്തവും എല്ലാം ഒത്തിണങ്ങിയ, മലങ്കര സഭയുടെ സുവർണ്ണയുഗശിൽപ്പിയും, പുരുഷകേസരിയും ഉരുക്കു കോട്ട യുമായ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെയും മലങ്കരയിൽ നിറഞ്ഞു നിന്നിരുന്ന കർമ്മയോഗിയും സഭാസ്വാതന്ത്ര്യപ്രേമിയും, എപ്പി സ്കോപ്പസിയുടെ കാവൽഭടനും, കാതോലിക്കേറ്റ് സെന്ററുകളുടെ ഉപ ജ്ഞാതാവും മലങ്കരയുടെ ഒന്നാമത്തെ പക്കോമിയോസും ആയ അഭി വന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെയും പാവനസ്മര ണയ്ക്കു മുമ്പിൽ ഈ ചെറുഗ്രന്ഥം സമർപ്പിക്കുന്നു.

# ഉള്ളടക്കം

അനുഗ്രഹാശംസ – ഡോ. മാത്യൂസ് മാർ സേവേറിയോസ് 5
അവതാരിക – വെരി. റവ. പി. യു. കുര്യാക്കോസ് കോറെപ്പിസ്ക്കോപ്പാ 6
ആമുഖം – ഫാ. ഡോ. ഒ. പി. വർഗീസ് 9
അർക്കദ്യയക്കോൻ മുതൽ കാതോലിക്കാ... – എം. കുര്യൻ തോമസ് 14

**മാർത്തോമ്മാ മെത്രാന്മാർ**

മഹാനായ മാർത്തോമ്മാ ഒന്നാമൻ 27
മാർത്തോമ്മാ രണ്ടാമൻ 29
മാർത്തോമ്മാ മൂന്നാമൻ 30
മാർത്തോമ്മാ നാലാമൻ 31
മാർത്തോമ്മാ അഞ്ചാമൻ 32
മാർത്തോമ്മാ ആറാമൻ (മാർ ദീവന്നാസ്യോസ് I) 34
മാർത്തോമ്മാ ഏഴാമൻ 37
മാർത്തോമ്മാ എട്ടാമൻ 38

**മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താമാർ**

മാർ ദീവന്നാസ്യോസ് രണ്ടാമൻ, പുലിക്കോട്ടിൽ 41
കിടങ്ങൻ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ 44
മാർ ദീവന്നാസ്യോസ് മൂന്നാമൻ, പുന്നത്ര 45
മാർ ദീവന്നാസ്യോസ് നാലാമൻ, ചേപ്പാട് 47
മാത്യൂസ് മാർ അത്താനാസ്യോസ്, പാലക്കുന്നത്ത് 49
മാർ ദീവന്നാസ്യോസ് അഞ്ചാമൻ, പുലിക്കോട്ടിൽ 51
പ. മാർ ദീവന്നാസ്യോസ് ആറാമൻ, വട്ടശ്ശേരിൽ 53

**ബസേലിയോസ് കാതോലിക്കാമാർ**

ബസേലിയോസ് പൗലോസ് പ്രഥമൻ 57
ബസേലിയോസ് ഗീവർഗീസ് പ്രഥമൻ 59
ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ 61
ബസേലിയോസ് ഔഗേൻ പ്രഥമൻ 64
ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ 67
ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ 71
ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ 74

**മെത്രാപ്പോലീത്തന്മാർ**

മാർത്തോമ്മാ ഒമ്പതാമൻ 79
ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, കോനാട്ട് 80
ശെമവൂൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, കരവട്ടുവീട്ടിൽ 81

ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, അമ്പാട്ട് 82
പ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, പരുമല 83
പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ, കടവിൽ 86
പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, കൊച്ചുപറമ്പിൽ 88
അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ 89
യൂയാക്കീം മാർ ഈവാനിയോസ് 91
ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ 93
പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ 95
കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ 97
അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ 99
ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ 101
പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ 102
തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 104
യൂഹാനോൻ മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ 106
മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 107
യാക്കോബ് മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ 109
യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ 110
ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ 112
ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ 114
ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ 117
സഖറിയാസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ 119
ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ 121
ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ 123
ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 125
സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ 127
ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ 129
ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ 131
മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ 133
ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ 135
ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ 137
പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ 140
മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ 142
ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 145
**അനുബന്ധം**
Church Dignitaries 148

# അർക്കദ്യക്കോൻ മുതൽ കാതോലിക്കാവരെ

## ഡോ. എം. കുര്യൻ തോമസ്

കാതോലിക്കേറ്റിന്റെ ശതാബ്ദിയോടനുബന്ധിച്ചു വളരെയധികം പ്രസ്താവിക്കപ്പെട്ട ഒരു വസ്തുതയാണ് അതിന്റെ ദേശീയത. വളരയധികം തവണ ചർവിതചർവണം ചെയ്യപ്പെടുമ്പോഴും ഈ ദേശീയതയുടെ യഥാർത്ഥ മാനങ്ങളെപ്പറ്റി തികഞ്ഞ നിശബ്ദത പുലർത്തുന്ന പ്രവണതയാണ് കണ്ടത്. ഈ വ്യാഖ്യാനരാഹിത്യം ഒട്ടനവധി സംശയങ്ങൾക്ക് വഴിവെച്ചു എന്നതും യാഥാർത്ഥ്യമാണ്.

ദേശീയതയ്ക്ക് പല തലങ്ങളുണ്ട്. അവയിൽ ഏറ്റവും ശ്രദ്ധേയമായത് ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമാണ്. ഇതു കൂടാതെ ഭാഷ, വംശം, സംസ്ക്കാരം തുടങ്ങിയ മറ്റനവധി തലങ്ങളും ദേശീയതയ്ക്കുണ്ട്. നസ്രാണികളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ ദേശീയത കുന്നംകുളം മുതൽ ചാത്തന്നൂർ വരെ അനേകം നാട്ടുരാജ്യങ്ങളിൽ ചിതറിക്കിടന്നിരുന്നു. അതു പിന്നീട് തിരുവിതാംകൂർ, കൊച്ചി ദേശീയതകളും അവസാനം 1947-ൽ ഇന്ത്യൻ ദേശീയതയുമായി. ഇന്ന് നസ്രാണികൾ അനേക രാജ്യങ്ങളിലെ പൗരന്മാരാണ്. അതിനാൽ ദേശീയതയുടെ രാഷ്ട്രീയ - ഭൂമിശാസ്ത്ര തലങ്ങൾക്ക് ഇന്നു പ്രസക്തിയില്ല. ഭാഷ, സംസ്ക്കാരം മുതലായവയിലും ദേശീയതയുടെ ഏകമുഖ സ്വഭാവം നസ്രാണികൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

ദേശീയതയുടെ വിവിധ തലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് നിയമ വാഴ്ച. ഏതൊരു ഭരണസംവിധാനത്തിനും അതിന്റേതായ ചട്ടക്കൂടുകളുണ്ട്. അത് ഏകാധിപത്യമായാലും ജനാധിപത്യമായാലും രാജവാഴ്ചയായാലും മാറ്റമില്ല. ഈ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കുന്ന പരിഷ്ക്കാരങ്ങൾക്കു മാത്രമേ ആ സംവിധാനത്തിനുള്ളിൽ നിയമപരമായ സാധുതയുള്ളു. അധിനിവേശങ്ങളെ നിരാകരിക്കുന്നത് ദേശീയതയുടെ ഈ നിയമപരമായ ചട്ടക്കൂടു മൂലമാണ്.

നിയമവാഴ്ചയ്ക്ക് മൂന്നു ഭാഗങ്ങളുണ്ട്. അവ യഥാക്രമം നിയമനിർമ്മാണം, ഭരണനിർവഹണം, നിയമങ്ങളുടെ വ്യാഖ്യാനവും നീതിന്യായ നിർവഹണവും എന്നിവയാണ്. മലങ്കര നസ്രാണികളെ സംബന്ധിച്ചിടത്തോളം ഇവയെല്ലാം എന്നും നിയമപരമായ ചട്ടക്കൂടിനുള്ളിലാണ് നിലനിന്നത്. അവയിൽ പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, അവയെല്ലാം എന്നും നിയമത്തിന്റെ പരിധിക്കുള്ളിൽത്തന്നെയായിരുന്നു

സംഭവിച്ചത്. ഇന്ത്യയിലെ മറ്റൊരു ക്രൈസ്തവസഭയ്ക്കും ഈ അവകാശവാദം ഉന്നയിക്കാനാവില്ല. അതിനാൽത്തന്നെ ഇന്ത്യയിലെ ഏക ദേശീയ ക്രൈസ്തവസഭ, മലങ്കരസഭയും, ഏക ദേശീയ ക്രൈസ്തവ സഭാതലവൻ പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കായുമാണ്.

ഇതു വിശദമാക്കാൻ നിയമവാഴ്ചയുടെ മൂന്നു ഭാഗങ്ങളേയും വ്യത്യസ്തമായി എടുക്കാം. ആദ്യമായി നിയമ നിർമ്മാണം പരിഗണിക്കാം. ദ്രാവിഡകാലത്തെ *മൻറം* മുതലായ നാട്ടുകൂട്ടങ്ങളുടെ സ്വാധീനം ചില ചരിത്രകാരന്മാർ ദർശിക്കുന്നുണ്ടെങ്കിലും നമ്പൂതിരികേന്ദ്രീകൃത സാമൂഹികവ്യവസ്ഥയുടെ *ഗ്രാമ-ദേശ* സമ്പ്രദായത്തിൽനിന്നും രൂപംകൊണ്ടതാണ് നസ്രാണികളുടെ ജനാധിപത്യ ഭരണവ്യവസ്ഥയായ *പള്ളിയോഗങ്ങളും* അതിനുപരി *മലങ്കര പള്ളിയോഗവും*. ഗ്രാമക്ഷേത്രങ്ങളുടെ നടയിൽ ആ ഗ്രാമത്തിലെ നമ്പൂതിരി ഇല്ലങ്ങളിലെ ഗൃഹനാഥന്മാർ യോഗം ചേർന്നായിരുന്നു നിയമം വ്യാഖ്യാനിക്കുന്നതും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതും. അവരുടെ പ്രതിനിധികൾ ചേർന്ന ദേശസഭയായിരുന്നു നിയമം നിർമ്മിക്കുന്നതും, ഗ്രാമസഭകളുടെ അപ്പീൽ അധികാരിയും. ഇതേ രീതിയിൽ തന്നെയാണ് *പള്ളിയോഗങ്ങളും മലങ്കര പള്ളിയോഗവും* ഇന്നും പ്രവർത്തിക്കുന്നത്. ലിഖിത ഭരണഘടനയുടെ അഭാവത്തിൽപോലും ശക്തമായ കീഴ്വഴക്കങ്ങൾ ഇവയ്ക്ക് നിയതമായ ചട്ടക്കൂട് സൃഷ്ടിച്ചിരുന്നു.

കാലക്രമത്തിൽ നമ്പൂതിരിമാരുടെ ഗ്രാമ-ദേശ സഭകൾ ഇല്ലാതായി. നസ്രാണികളാകട്ടെ തങ്ങളുടെ *പള്ളിയോഗങ്ങളും മലങ്കര പള്ളിയോഗവും* ഇന്നും പൂർവികമായ ശക്തിയോടെ നിലനിർത്തുന്നു. ചുരുക്കത്തിൽ കേരളത്തിന്റെ ദേശീയമായ ഭരണ സംവിധാനം ഇന്നും അവശേഷിക്കുന്നത് നസ്രാണികൾക്കു മാത്രമാണ്. കാലക്രമത്തിൽ കുടുംബനാഥന്മാരുടെ സ്ഥാനത്ത് പ്രായപൂർത്തിയായ എല്ലാ പുരുഷന്മാർക്കും പിന്നീട് സ്ത്രീകൾക്കും *പള്ളിയോഗത്തിൽ* അംഗത്വം നൽകി അതിനെ കൂടുതൽ ജനാധിപത്യപരമാക്കി.

നമ്പൂതിരി സാമൂഹ്യ വ്യവസ്ഥയിലേതുപോലെതന്നെ *മലങ്കര പള്ളിയോഗ*ത്തിന്റെ തീരുമാനം കൂടാതെ നസ്രാണികളുടെ ആത്മീയവും ലൗകികവുമായ യാതൊരു സംഗതികളും ഭേദപ്പെടുത്തുക അസാദ്ധ്യമായിരുന്നു. അതിനാലാണ് ഒരൊറ്റ അവൈദികൻ പങ്കെടുത്താൽ അക്കാരണത്താൽ മാത്രം ഏതു സുന്നഹദോസും അസാധുവാകും എന്ന റോമൻ കത്തോലിക്കാ സഭയുടെ കാനോൻ നിയമത്തിനു വിരുദ്ധമായി ആർച്ചുബിഷപ്പ് അലക്സിസ് ഡി മെനേസിസിന് 1599-ൽ അവൈദികർക്ക് ഭൂരിപക്ഷമുള്ള ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടേണ്ടി വന്നത്.

1653-ൽ റോമൻ കത്തോലിക്കാ ബന്ധം വിച്ഛേദിച്ച് കൂനൻകുരിശു സത്യം ചെയ്യാൻ തീരുമാനിച്ചത് *മലങ്കര പള്ളിയോഗം* ആയിരുന്നു. 1686-ൽ ഓർത്തഡോക്സ് വിശ്വാസവും അലക്സാന്ത്രിയൻ വേദ ശാസ്ത്രവും നസ്രാണികൾ അംഗീകരിച്ചത് ചെങ്ങന്നൂരിൽ *മലങ്കര പള്ളി യോഗം* ചേർന്നാണ്. 1770-ൽ ഭാഗികമായും 1809-ൽ പൂർണ്ണമായും പാശ്ചാത്യ സുറിയാനി ആരാധനക്രമങ്ങൾ അംഗീകരിച്ചതും യഥാക്രമം മാവേലിക്കരയും കണ്ടനാട്ടും *മലങ്കര പള്ളിയോഗ*ങ്ങൾ ചേർന്നാണ്. 1815-ൽ പകലോമറ്റം പാരമ്പര്യവാഴ്ച അവസാനിപ്പിച്ചതും, 1912-ൽ കാതോലിക്കേറ്റ് സ്ഥാപിച്ചതും ഈ നിയമപരമായ സംവിധാനത്തിലൂ ടെയാണ്.

1853-ലെ *ചട്ടവര്യോല*പ്രകാരം *പരാതികളും വിധികളും* മലങ്കര മെത്രാ പ്പോലീത്തായുടെ അധികാരാവകാശമായി. 1934-ലെ മലങ്കരസഭാ ഭര ണഘടനപ്രകാരം *വിശ്വാസം, പട്ടത്വം, അച്ചടക്കം* എന്നീ വിഷയങ്ങളി ലുള്ള തങ്ങളുടെ അധികാരം *മലങ്കര പള്ളിയോഗം* പ. എപ്പിസ്ക്കോ പ്പൽ സുന്നഹദോസിനു പൂർണ്ണമായും വിട്ടുകൊടുത്തു. എന്നാൽ *വിശ്വാസം ഭേദപ്പെടുത്താൻ പാടില്ലാ* എന്നും 1934-ലെ ഭരണഘടന അനു ശാസിക്കുന്നുണ്ട്. നീതിന്യായ നിർവഹണം ഇടവക മെത്രാപ്പോലീത്താ, മലങ്കര മെത്രാപ്പോലീത്താ, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് എന്നി വയിൽ മാത്രം ഇന്നു നിക്ഷിപ്തമാണ്. ഇവ ഇനി ഏകപക്ഷീയമായി തിരിച്ചെടുക്കാൻ മലങ്കര അസോസിയേഷനു സാദ്ധ്യമല്ല.

ഭരണനിർവഹണ സംവിധാനത്തിലും സ്വന്തം ചട്ടക്കൂടിൽത്തന്നെയും കാലോചിതമായ പരിഷ്ക്കരണങ്ങൾ *മലങ്കര പള്ളിയോഗം* വരുത്തി. 1809-ലെ *കണ്ടനാടു പടിയോല*യും 1853-ലെ *ചട്ടവര്യോല*യും ഇടവകപ്പ ള്ളികളുടെ ഭരണക്രമം, പരാതികളും വിധികളും എന്നിവയ്ക്ക് ലിഖിത നിയമങ്ങളുണ്ടാക്കി. 1876-ലെ *മുളന്തുരുത്തി സുന്നഹദോസ്* എന്നറിയ പ്പെടുന്ന *മലങ്കര പള്ളിയോഗം, സുറിയാനി ക്രിസ്ത്യാനി അസോസിയേ ഷൻ* എന്നപേരിൽ സ്വയം രൂപഭേദം വരുത്തി. ഈ *സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ* 1934-ൽ മലങ്കരസഭാ ഭരണഘടനയും പാസാക്കി.

ഈ ചട്ടക്കൂടിനുള്ളിൽ നിന്നു മാത്രമാണ് മറ്റു പരിഷ്ക്കാരങ്ങളും പ്രാവർത്തികമാക്കിയത്. അവ നിയമപരമാണെന്ന് ഉറപ്പു വരുത്താൻ എപ്പോഴും നസ്രാണികൾ ശ്രദ്ധാലുക്കളായിരുന്നു. 1873-ൽ പരുമലയിൽ കൂടിയ *മലങ്കര പള്ളിയോഗം* രൂപീകരിച്ച മലങ്കര അസോസിയേഷൻ സാധുവാണോ എന്ന സന്ദേഹം ഉണ്ടായതിനാലാണ് അതേ നിശ്ചയ ങ്ങൾ 1876-ൽ മുളന്തുരുത്തിയിൽ വീണ്ടും പാസ്സാക്കിയത്. ഈ നിശ്ചയങ്ങ

ളെല്ലാം തികച്ചും നിയമപരമായ രീതിയിൽ *മലങ്കര പള്ളിയോഗം* എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയവ ആയിരുന്നു. ആയതിനാൽ അവ എല്ലാം സാധുവും നിലനിൽക്കുന്നതുമാണ്.

രാജ്യത്തെ നിയമവാഴ്ചയെ നസ്രാണികൾ എന്നും അംഗീകരിച്ചു. അവയുടെ നിർദ്ദേശമനുസരിച്ച് തങ്ങളുടെ ഭരണസംവിധാനം പുനഃക്രമീകരിക്കാനും അവർ തയാറായിരുന്നു. അതിനാൽ സാധുവും കെട്ടുറപ്പുള്ളതുമായ ഒരു ഭരണസംവിധാനം നസ്രാണികൾക്ക് ലഭ്യമായി.

അധിനിവേശപൂർവകാലം മുതലേ നസ്രാണികളുടെ ഭരണനിർവഹണം *ജാതിക്കു തലവൻ* എന്ന സ്ഥാനിയിൽ നിക്ഷിപ്തമായിരുന്നു. തദ്ദേശീയനായ ഈ സ്ഥാനി, നമ്പൂതിരികേന്ദ്രീകൃത ദേശവ്യവസ്ഥയിലെ *തമ്പ്രാക്കൾ* എന്ന സ്ഥാനിക്ക് സമമായി രൂപംകൊണ്ടതാണ്. നമ്പൂതിരി കേന്ദ്രീകൃതമായി കേരളത്തിലെ സാമൂഹ്യവ്യവസ്ഥ പുനഃസംഘടിപ്പിച്ചപ്പോൾ തദനുസൃതമായി രൂപംകൊണ്ട ഈ സ്ഥാനി തികച്ചും നിയമപരമായ സാധുത്വവും നിലനിൽപ്പുമുള്ള ഒന്നായിരുന്നു. പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടപ്പോൾ അവർ ഈ സ്ഥാനിക്ക് കശ്ശീശ്ശാമാരിൽ ഏറ്റവും ഉയർന്ന *അർക്കദ്‌യക്കോൻ* എന്ന വൈദികസ്ഥാനം നൽകി. അപ്പോഴും *ജാതിക്കു തലവൻ* എന്ന സ്ഥാനം നിലനിന്നു.

ഇക്കാലത്തൊന്നും വൈദികാധികാരം നസ്രാണിക്ക് ഒരു പ്രശ്നമായിരുന്നില്ല. കത്തനാർമാരെയും ശെമ്മാശന്മാരെയും പട്ടം കെട്ടുവാൻ മാത്രമായിരുന്നു അവർക്ക് മെത്രാന്മാരുടെ ആവശ്യം. പേർഷ്യയിൽ നിന്ന് കാലാകാലങ്ങളിലെത്തുന്ന മെത്രാന്മാർ ഈ ആവശ്യം നിവർത്തിച്ചിരുന്നു. ഇവരുടെ ആഗമനം അഭംഗുരമല്ലായിരുന്നു എന്നു ചില ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഒരു പക്ഷേ അവരെ ലഭ്യമാകുമ്പോൾ ആവശ്യമുള്ളത്രയുംപേർക്ക് പ്രായം പരിഗണിക്കാതെ പട്ടം വാങ്ങുക എന്നതിൽ നിന്നാവും നസ്രാണികളിൽ തീരെ കുറഞ്ഞ പ്രായത്തിൽ പട്ടക്കാരാക്കുന്ന പതിവ് ആരംഭിച്ചത്. ഇക്കാലത്തൊന്നും നസ്രാണികൾ സ്വന്തമായ ഒരു മേല്പട്ടക്കാരനെപ്പറ്റി ചിന്തിച്ചിരുന്നില്ല. ഭരിക്കാൻ *ജാതിക്കു തലവൻ* ഉള്ളപ്പോൾ അതിന്റെ ആവശ്യമില്ലായിരുന്നു എന്നതാണ് വസ്തുത.

1599–1652 കാലഘട്ടത്തിൽ ലത്തീൻ മെത്രാന്മാരായിരുന്നു നസ്രാണികളുടെ പട്ടത്വപരമായ ആവശ്യങ്ങൾ പൂർത്തീകരിച്ചിരുന്നത്. തങ്ങളുടെമേൽ ബലമുപയോഗിച്ച് അടിച്ചേൽപ്പിച്ച റോമൻ നുകത്തോട് ആദ്യം മുതൽ മറുതലിച്ചുനിന്ന നസ്രാണികളുടെമേൽ റോമൻ കത്തോലിക്കാ സഭയ്ക്കുണ്ടായിരുന്ന ഏക നിയന്ത്രണോപാധി *പട്ടം* മാത്രമായിരുന്നു. ഈ കടിഞ്ഞാൺ നഷ്ടപ്പെടാതിരിക്കാൻ ഒരു പൗരസ്ത്യ മെത്രാനും

മലങ്കരയിൽ കാൽ കുത്താതിരിക്കാൻ റോമൻ കത്തോലിക്കർ അതീവ ജാഗ്രത പുലർത്തിയിരുന്നു. 1653-ലെ കൂനൻകുരിശു സത്യത്തെപ്പോലും ലാഘവബുദ്ധ്യാ കണക്കാക്കാൻ അവരെ പ്രേരിപ്പിച്ചത് പട്ടം ഏൽക്കാറാകുമ്പോൾ നസ്രാണികൾ തങ്ങളുടെ അടുത്തേയ്ക്കു മടങ്ങിവരും എന്ന ആത്മവിശ്വാസമായിരുന്നു. നസ്രാണികളും ഈ തുറുപ്പുചീട്ടിനെപ്പറ്റി ബോധവാന്മാരായിരുന്നു.

1599 വരെ നസ്രാണികളുടെ *വേദതലവൻ* ബാഗ്ദാദിലെ കാതോലിക്കാ ആയിരുന്നു. ഒരിക്കലും നേരിട്ടു കണ്ടിട്ടില്ലെങ്കിലും അദ്ദേഹത്തെ നിത്യ നമസ്ക്കാരത്തിലും കുർബാനകളിലും ഓർത്ത് പ്രാർത്ഥിച്ചിരുന്നു. പട്ടത്വശ്രേണി നിലനിർത്താൻ മെത്രാന്മാരെ ലഭ്യമാക്കുക എന്നതായിരുന്നു വേദതലവന്റെ കർത്തവ്യം. കുപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസ് നസ്രാണികളുടെ *വേദതലവൻ* സ്ഥാനം റോമാപാപ്പായ്ക്കാണെന്നു പ്രഖ്യാപിച്ചു. 1653-ൽ കൂനൻകുരിശു സത്യം ചെയ്യാൻ തീരുമാനിച്ച മട്ടാഞ്ചേരി *മലങ്കര പള്ളിയോഗം* റോമാപാപ്പായെ ആ സ്ഥാനത്തുനിന്നു നീക്കി. ബലപ്രയോഗത്തിലൂടെ ബാഗ്ദാദിലെ കാതോലിക്കായെ *വേദതലവൻ* സ്ഥാനത്തുനിന്നു നീക്കിയ ഉദയംപേരൂർ സുന്നഹദോസ് എന്ന *മലങ്കര പള്ളിയോഗ*നിശ്ചയം അംഗീകരിച്ചവർക്ക് പരപ്രേരണയും ബാഹ്യമായ ഇടപെടലുകളും കൂടാതെ റോമാ പാപ്പായെ പുറത്താക്കിയ കൂനൻകുരിശു സത്യം നിരാകരിക്കുക അസാദ്ധ്യമായിരുന്നു.

നസ്രാണികൾക്കു ബാധകമായിരുന്ന പേർഷ്യൻ സഭയുടെ കാനോനാകൾക്കു പകരം ഉദയംപേരൂർ സുന്നഹദോസു വഴി റോമൻ കത്തോലിക്കാ കാനോനാകൾ അവർക്കു ബാധകമാക്കി. കൂനൻകുരിശു സത്യം നിയമപരമായിത്തന്നെ റോമൻ കത്തോലിക്കാ സഭയുടെ കാനോനാകളെ നിരാകരിച്ചു. അതിനാൽ 1653 ജനുവരി 3 മുതൽ തങ്ങളുടെ ജാതി നിയമമൊഴിച്ച് മറ്റൊരു നിയമവും നസ്രാണിക്ക് ബാധകമല്ലായിരുന്നു. ഒരു *വേദതലവനും* അതോടെ അവർക്കില്ലാതെയായി. 1653-ലെ മൂന്നു നോമ്പിൽ ഇടപ്പള്ളിയിൽ ചേർന്ന *മലങ്കര പള്ളിയോഗം* ജാതിക്കു തലവനായ തോമ്മാ അർക്കദ്യക്കോനെ *വേദതലവനായി* തിരഞ്ഞെടുത്തത് ഈ പശ്ചാത്തലത്തിലാണ്. അത് നിയമപരമായി തികച്ചും സാധുവായ ഒരു നടപടിയായിരുന്നു.

പക്ഷേ, പട്ടത്വ പ്രതിസന്ധിക്ക് ഇത് പരിഹാരമായില്ല. അതിനാലാണ് അതേവർഷം മെയ് 2-നു ആലങ്ങാട്ടു ചേർന്ന *മലങ്കര പള്ളിയോഗം* വേദതലവനും ജാതിക്കു തലവനുമായ തോമ്മാ അർക്കദ്യക്കോനെ മേല്പട്ടക്കാരനായി ഉയർത്താൻ തീരുമാനിച്ചതും *മാർത്തോമ്മാ* എന്ന പേരിൽ എപ്പിസ്ക്കോപ്പായായി വാഴിച്ചതും. ഈ മേല്പട്ട സ്ഥാനാരോ

ഹണം ക്രമരഹിതമാണെന്നു നസ്രാണികൾക്കു അറിവുണ്ടായിരുന്നു. അതിനാലാണ് *മാർത്തോമ്മാ ഒന്നാമന്റെ* മേല്പട്ടസ്ഥാനം ക്രമപ്പെടു ത്താൻ ഒരു മേല്പട്ടക്കാരനായി പൗരസ്ത്യ സഭകളെയെല്ലാം നസ്രാ ണികൾ സമീപിച്ചത്. 1665-ൽ യേറുശലേമിലെ സുറിയാനി പാത്രിയർ ക്കീസ് മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ ഈ അഭ്യർത്ഥനപ്രകാരം കേരളത്തിലെത്തിയതോടെ നസ്രാണികളുടെ അന്ത്യോഖ്യൻ ബന്ധം ആരംഭിച്ചു.

1686-ലെ *ചെങ്ങന്നൂർ സുന്നഹദോസ്* മുതൽ 1809-ലെ *കണ്ടനാടു പടിയോല* വരെയുള്ള കാലംകൊണ്ട് നസ്രാണികളുടെ *വേദതലവൻ* സ്ഥാനം അന്ത്യോഖ്യാ പാത്രിയർക്കീസിനാണെന്ന ഒരു വിശ്വാസം നസ്രാ ണികളുടെ ഇടയിൽ ഉറച്ചു. പക്ഷേ, പ്രായോഗികതലത്തിൽ യാതൊരു ചലനവും ഇതിനുണ്ടാക്കാനായില്ല. മാർത്തോമ്മാ മെത്രാന്മാരും തുടർന്ന് ദീവന്നാസ്യോസ് മെത്രാപ്പോലീത്താമാരും നിർബാധം പിൻഗാമികളെ വാഴിച്ചുവന്നു. പതിനെട്ട്-പത്തൊമ്പത് നൂറ്റാണ്ടുകളിൽ അന്ത്യോഖ്യാ പാത്രിയർക്കീസന്മാരും അവിടെനിന്നും എത്തിയിരുന്ന മെത്രാന്മാരും നസ്രാണികളുടെ ആത്മീയ-ലൗകിക അധികാരം അവകാശപ്പെട്ടിരുന്നെ ങ്കിലും നസ്രാണികൾ അതു വകവെച്ചു കൊടുത്തിരുന്നില്ല.

ഇക്കാലത്തൊന്നും *കാതോലിക്കാ* എന്ന സ്ഥാനിയാണ് തങ്ങളുടെ *വേദതലവൻ* എന്ന പൂർവിക വിശ്വാസം നസ്രാണികളിൽ നിന്ന് അപ്ര ത്യക്ഷമായില്ല. കേരളത്തിലെത്തിയ അന്ത്യോഖ്യൻ മെത്രാന്മാരെയും പാത്രിയർക്കീസിനെത്തന്നെയും നസ്രാണികൾ *കാതോലിക്കാ* എന്നു സംബോധന ചെയ്ത ചരിത്രമുണ്ട്. 1599-ൽ ഉദയംപേരൂർ സുന്നഹദോസ് ബാഗ്ദാദിലെ പാത്രിയർക്കീസിന്റെ സ്ഥാനത്ത് റോമാ പാപ്പായെ കാതോ ലിക്കാ സ്ഥാനത്തു പ്രതിഷ്ഠിച്ചതുപോലുള്ള ഒരു നടപടിയായി മാത്ര മാണ് നസ്രാണികൾ ഇതിനെ കണ്ടത്.

ഈ സ്വതന്ത്ര നിലയ്ക്ക് മാറ്റംവരാൻ കാരണം പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസാണ്. മലങ്കര മെത്രാൻ ജീവിച്ചിരിക്കെ, *മല ങ്കര പള്ളിയോഗ*ത്തിന്റെ തിരഞ്ഞെടുപ്പു കൂടാതെ ഏകപക്ഷീയമായി അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേല്പട്ടസ്ഥാനം സ്വീകരിച്ചു. മലങ്കര മെത്രാൻ സ്ഥാനത്തിന് അവകാശവാദം ഉന്നയിക്കു വാൻ അദ്ദേഹത്തിനു സാധുവായ യാതൊരു ന്യായങ്ങളും ഇല്ലായിരുന്നു. അതിനാൽ മലങ്കര മെത്രാനെ *ആക്കാനും നീക്കാനുമുള്ള അധികാരം* പാത്രിയർക്കീസിനാണെന്നും, തനിക്ക് പാത്രിയർക്കീസിന്റെ കൈവെപ്പു ള്ളതിനാൽ മലങ്കര മെത്രാൻ സ്ഥാനം തനിക്കവകാശപ്പെട്ടതാണെന്നും മാർ മാത്യൂസ് അത്താനാസ്യോസ് വാദിച്ചു. 1843-ൽ കണ്ടനാട്ടു കൂടിയ *മലങ്കര പള്ളിയോഗം* ഈ വാദം നിരാകരിച്ചു.

ഇക്കാലത്ത് മലങ്കര സിംഹാസനത്തിന്മേൽ അവകാശവാദവുമായി ശീമക്കാരൻ യൂയാക്കീം മാർ കൂറിലോസ് കേരളത്തിലെത്തി. പ്രൊട്ട സ്റ്റന്റുകാർക്കു കീഴടങ്ങാൻ വിസമ്മതിച്ചതിനാൽ അവർ ആരംഭിച്ച പീഡ നംകൊണ്ടു പൊറുതിമുട്ടിയ മലങ്കര മെത്രാൻ ചേപ്പാട്ട് ദീവന്നാസ്യോസ് ആ സ്ഥാനം രാജിവെച്ചതിനെത്തുടർന്ന് യുദ്ധം മാർ മാത്യൂസ് അത്താ നാസ്യോസും യൂയാക്കീം മാർ കൂറിലോസും തമ്മിലായി. തർക്കം കൊല്ലം പഞ്ചായത്തു കോടതിക്കു വിട്ടു.

അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈവെപ്പിന്റെ ബലത്തിൽ മല ങ്കര സിംഹാസനം അവകാശപ്പെട്ട മാത്യൂസ് മാർ അത്താനാസ്യോസും അതേ പാത്രിയർക്കീസിന്റെ അധികാരപത്രത്തോടെ വാദിച്ച യൂയാക്കീം കൂറിലോസും കോടതിയിൽ ഇക്കാര്യം ഉന്നയിക്കാഞ്ഞതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കരമേലുള്ള അധികാരം തർക്ക വിഷയമായില്ല. പക്ഷേ, മലങ്കര മെത്രാൻ ഒരു തദ്ദേശീയനായിരിക്കണ മെന്ന കാരണത്താൽ യൂയാക്കീം കൂറിലോസിന്റെ അവകാശവാദം തള്ളി, മാർ മാത്യൂസ് അത്താനാസ്യോസിനെ മലങ്കര മെത്രാനായി അംഗീകരി ച്ചപ്പോൾ സ്വാഭാവികമായി കേസിലെ ഇരുകക്ഷികളും അംഗീകരിച്ച *അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈവെപ്പ്* എന്നത് മലങ്കര മെത്രാൻ സ്ഥാനത്തിനു നിയമപരമായി അനിവാര്യമാവുകയായിരുന്നു.

*മലങ്കര പള്ളിയോഗ*ത്തിന്റെ അംഗീകാരം കൂടാതെ മാത്യൂസ് മാർ അത്താനാസ്യോസ് ഏകപക്ഷീയമായി വാഴിച്ച പാലക്കുന്നത്ത് തോമസ് അത്താനാസ്യോസും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമനും തമ്മിൽ 1877-ൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിനു വേണ്ടി *സെമി നാരിക്കേസ്* എന്ന നിയമയുദ്ധം ആരംഭിച്ചു. ഈ കേസിൽ പാത്രിയർക്കീ സിന്റെ കൈവെപ്പ്, ജനങ്ങളുടെ തിരഞ്ഞെടുപ്പ് ഇവ രണ്ടും മലങ്കര മെത്രാ പ്പോലീത്താ സ്ഥാനത്തിനു അത്യന്താപേക്ഷിതമാണെന്നായിരുന്നു തിരു വിതാംകൂർ റോയൽ കോടതിയുടെ 1889-ലെ അന്തിമ വിധി. എന്നാൽ പാത്രിയർക്കീസിനു ലൗകികാധികാരം ഇല്ലെന്നും ഈ വിധിയിൽ വ്യക്ത മാക്കിയിരുന്നു.

പാത്രിയർക്കീസിന്റെ കൈവെപ്പും, 1877-ൽ മലങ്കര അസോസിയേ ഷൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതോടെ ജനങ്ങളുടെ തിരഞ്ഞെ ടുപ്പും തനിക്കുണ്ടെന്നായിരുന്നു മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ വാദം. തോമസ് അത്താനാസ്യോസിന് ഇവ രണ്ടും അവകാശപ്പെടാമായിരുന്നില്ല. എന്നു മാത്രമല്ല, മാത്യൂസ് മാർ അത്താനാസ്യോസ് അന്ത്യോഖ്യാ പാത്രി യർക്കീസിന്റെ കൈവെപ്പ്, മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിനു അത്യന്താപേക്ഷിതമാണെന്നു അംഗീകരിച്ചതിനാൽ അതിനെതിരെ ഫല

പ്രദമായി വാദിക്കുവാൻ തോമസ് അത്താനാസ്യോസിനു സാദ്ധ്യമായിരുന്നില്ല. നിയമാനുസൃത മലങ്കരമെത്രാൻ എന്ന നിലയിൽ ഒരു *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടാൻ അധികാരമുണ്ടായിരുന്നിട്ടും മാത്യൂസ് മാർ അത്താനാസ്യോസ് അപ്രകാരം ചെയ്യാതെ ഏകപക്ഷീയമായി തന്നെ വാഴിച്ചതും തോമസ് അത്താനാസ്യോസിന് തിരിച്ചടിയായി.

മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിനായി ചേപ്പാട്ടു മാർ ദീവന്നാസ്യോസ് കാലം ചെയ്യുന്നതുവരെ കാത്തിരിക്കുവാനും പിൻഗാമിയെ *മലങ്കര പള്ളിയോഗ*ത്തിന്റെ അംഗീകാരത്തോടെ വാഴിക്കാനും മാത്യൂസ് മാർ അത്താനാസ്യോസ് തയാറായിരുന്നെങ്കിൽ നസ്രാണികളുടെ ഗതി മറ്റൊന്നാകുമായിരുന്നു.

കോടതിവിധിയിലൂടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൈവശമായെങ്കിലും ആ വിധിയിലെ അപകടത്തെക്കുറിച്ച് മാർ ദീവന്നാസ്യോസ് അഞ്ചാമൻ തികച്ചും ബോധവാനായിരുന്നു. 1876–77 കാലഘട്ടത്തിൽ കേരളത്തിൽ പര്യടനം നടത്തിയ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ അധികാരപ്രമത്തതയും ധനതൃഷ്ണയും ഈ കോടതിവിധിയുടെ വെളിച്ചത്തിൽ ഭാവിയിൽ മേൽപ്പട്ടത്വവും വി. മൂറോനും വെച്ചു വിലപേശുന്ന അവസ്ഥ സംജാതമാക്കുമെന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമനും കൂട്ടരും ഭയപ്പെട്ടു. 1889–ലെ വിധിയിൽ തനിക്ക് ലൗകികാധികാരം ഇല്ലെന്ന പരാമർശനം പാത്രിയർക്കീസിനെ വിറളിപിടിപ്പിക്കുകയും തദനുസൃതമായ കൽപ്പനകൾ തുടരെ എത്തിച്ചേരുകയും ചെയ്തതോടെ തങ്ങളുടെ ഭയം അസ്ഥാനത്തല്ല എന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമനും കൂട്ടർക്കും ബോദ്ധ്യമായി. ഈ പ്രതിസന്ധിക്ക് (പട്ടവും മൂറോനും മലങ്കരയിൽ നിർവിഘ്നം ലഭ്യമാകാതിരിക്കുക) ഒരു ശാശ്വത പരിഹാരമാർഗ്ഗമായിരുന്നു പിന്നീട് അവരുടെ ലക്ഷ്യം.

ഏതു മാർഗ്ഗമായാലും നിലവിലുള്ള നിയമ വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ടുള്ള ഒരു പരിഹാരം മാത്രമേ നിയമപരമായി നിലനിൽക്കൂ എന്നു മാർ ദീവന്നാസ്യോസ് അഞ്ചാമന് ബോദ്ധ്യമുണ്ടായിരുന്നു. 1889–ലെ കോടതിവിധിപ്രകാരം പാത്രിയർക്കീസിനു സിദ്ധിച്ച മലങ്കരയിലെ മേല്പട്ടവാഴ്ചയ്ക്കുള്ള അധികാരം അദ്ദേഹം സ്വമേധയാ വിട്ടുതരിക എന്നതു മാത്രമായിരുന്നു ആ മാർഗ്ഗം. ഏകപക്ഷീയമായ മറ്റൊരു നടപടിക്കും നിയമസാധുത്വമില്ലായിരുന്നു. നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ മാത്രം നൂറ്റാണ്ടുകളായി ചരിക്കുന്ന നസ്രാണികൾക്ക് നിയമവിരുദ്ധമായ ഏതൊരു നടപടിയും അചിന്ത്യവുമായിരുന്നു.

നസ്രാണികൾക്ക് അന്ന് നിലവിലുള്ള നിയമവ്യവസ്ഥ പാശ്ചാത്യ സുറിയാനി സഭാവിജ്ഞാനീയമായിരുന്നു. അതനുസരിച്ച് പാത്രിയർക്കീ

സിനും, മഫ്രിയാനായ്ക്കും, മെത്രാപ്പോലീത്തായ്ക്കും മേല്പട്ടക്കാരെ വാഴിക്കാനും മൂറോൻ കൂദാശ ചെയ്യുവാനുമുള്ള അധികാരമുണ്ട്. പക്ഷേ മെത്രാപ്പോലീത്തന്മാർക്കുള്ള ഈ അധികാരങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിനു മുമ്പുതന്നെ പാശ്ചാത്യ സുറിയാനി സഭയിൽ ഇല്ലാതായിരുന്നു. മഫ്രിയാനാ സ്ഥാനം അപ്പോഴേയ്ക്കും അസ്തമിച്ചിരുന്നു. മേല്പട്ട സ്ഥാനാഭിഷേകത്തിനുള്ള അധികാരം പാത്രിയർക്കീസ് വിട്ടുതരുന്ന പക്ഷം, പാശ്ചാത്യ സുറിയാനി സഭാവിജ്ഞാനീയത്തിനുള്ളിൽ നിന്നു കൊണ്ട് അതു സ്വീകരിക്കാൻ സാദ്ധ്യമായ ഏക സ്ഥാനി അന്ന് മഫ്രിയാനാ മാത്രമായിരുന്നു. അതിനാൽ മലങ്കരയിൽ പിന്തുടർച്ചാവകാശത്തോടുകൂടിയുള്ള ഒരു മഫ്രിയാനേറ്റ് സ്ഥാപിച്ച് സുരക്ഷിതരാകാനുള്ള ശ്രമം കുറഞ്ഞത് 1895 മുതലെങ്കിലും നസ്രാണികൾ ആരംഭിച്ചു. പക്ഷേ, ഇതു ഫലപ്രാപ്തിയിലെത്തിയത് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ പിൻഗാമി പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്തായുടെ കാലത്താണ്.

1912-ൽ അന്ത്യോഖ്യയുടെ അബ്ദൽ മ്ശീഹാ ദ്വിതീയൻ പാത്രിയർക്കീസ് കേരളത്തിലെത്തി. 1889-ലെ റോയൽകോടതി വിധിപ്രകാരം പാത്രിയർക്കീസിനു സിദ്ധമായിരുന്ന മേല്പട്ട സ്ഥാനാഭിഷേക അധികാരം വിട്ടുതരാൻ സമ്മതമാണെന്ന് അറിയിച്ചു. ഇതിനെ തുടർന്ന് അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി തിരഞ്ഞെടുത്ത കണ്ടനാടിന്റെ പൗലൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ 1912 സെപ്തംബർ 15-ന് നിരണത്തു പള്ളിയിൽ വെച്ച് മലങ്കരയിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സഹകരണത്തോടെ *ശ്ലീഹായ്ക്കടുത്ത കിഴക്കേ സിംഹാസനത്തിൽ ബസേലിയോസ് മഫ്രിയാനാ അതായത് കാതോലിക്കാ* ആയി വാഴിച്ചു. അബ്ദൽ മ്ശീഹാ ദ്വിതീയൻ പാത്രിയർക്കീസ് നൽകിയ സ്ഥാത്തിക്കോനിൽ അഞ്ചു കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവ,

1. ഇദ്ദേഹം പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിൽ ബസേലിയോസ് കാതോലിക്കായാണ്,

2. അദ്ദേഹത്തിന് മലങ്കരയിലെ മെത്രാന്മാരുടെ സഹകരണത്തോടെ മേല്പട്ടക്കാരെ വാഴിക്കുവാനും മൂറോൻ കൂദാശ ചെയ്യുവാനും അധികാരമുണ്ട്.

3. അദ്ദേഹത്തിന്റെ കാലശേഷം പിൻഗാമിയെ വാഴിക്കാൻ നസ്രാണികൾക്ക് അവകാശമുണ്ട്.

4. എല്ലാം മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരിക്കുന്ന അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമായിരിക്കണം.

5. താൻ ഈ സ്ഥാനം പ്രദാനം ചെയ്യുന്നത് പാശ്ചാത്യ സുറിയാനി സഭയുടെ കാനോനാകൾക്ക് അനുസൃതമായാണ്.

1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തോടെ 1889-ലെ റോയൽ കോടതി വിധി വരെ നസ്രാണികളിൽ നിന്ന് പല കാലങ്ങളിലായി തനിക്കു ലഭ്യമായ അധികാരങ്ങളെല്ലാം പാത്രിയർക്കീസ് തികച്ചും നിയമവിധേയമായിത്തന്നെ മടക്കിനൽകി. അതിനാലാണ് 1958-ലേയും 1995 -ലേയും സുപ്രീംകോടതി വിധികളിൽ കാതോലിക്കേറ്റ് സ്ഥാപനത്തോടെ *പാത്രിയർക്കീസിന്റെ അധികാരം ശൂന്യമാവുന്ന അവസ്ഥയിലെത്തി* എന്നും, *ഒരു പാത്രിയർക്കീസ് വിട്ടുകൊടുത്ത അധികാരം മറ്റൊരു പാത്രിയർക്കീസിനു തിരിച്ചെടുക്കാനാവില്ല* എന്നും വ്യക്തമാക്കിയത്.

തികച്ചും നിയമവിധേയമായ ഒരു കാതോലിക്കേറ്റാണ് 1912-ൽ ഇന്ത്യയിൽ സ്ഥാപിതമായത്. റോമാ പാപ്പായേപ്പോലെ അപ്രമാദിത്വമോ, അന്ത്യോഖ്യാ പാത്രിയർക്കീസിനെപ്പോലെ സ്വേച്ഛാധിപത്യമോ ഇന്ത്യയിലെ കാതോലിക്കായ്ക്കില്ല. മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരിക്കുന്ന മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം മാത്രമേ കാതോലിക്കായ്ക്കടുത്ത അധികാരങ്ങൾ അദ്ദേഹത്തിനു പ്രയോഗിക്കാനാവൂ. 1934-ലെ ഭരണഘടന ഈ വസ്തുതകൾ ശരിവയ്ക്കുകയും പൗരസ്ത്യ കാതോലിക്കായെ മലങ്കരയിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അദ്ധ്യക്ഷനാക്കുകയും ചെയ്തു.

വൈദികാദ്ധ്യക്ഷനാണെങ്കിലും കാതോലിക്കാ നസ്രാണികളുടെ ജനാധിപത്യ പാരമ്പര്യങ്ങൾക്കു വിധേയനാണ്. വൈദികരും അവൈദികരുമടങ്ങുന്ന മലങ്കര അസോസിയേഷനാണ് കാതോലിക്കായെ തിരഞ്ഞെടുക്കുന്നത്.


1912-ൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ട ശേഷവും *ജാതിക്കു തലവനായ* മലങ്കര മെത്രാപ്പോലീത്താ സ്ഥാനം നിലനിൽക്കുകയാണ്. ചരിത്രപരമായ ആ സ്ഥാനം ഇല്ലായ്മ ചെയ്യുക എന്നത് നിയമപരമായി അസാദ്ധ്യമാണ്. അത്തരമൊരവസ്ഥ നൂറ്റാണ്ടുകളിലൂടെ നിയമ വ്യവസ്ഥയ്ക്കുള്ളിൽ നിന്നു മാത്രം പരിഷ്ക്കാരങ്ങൾ വരുത്തിയ നസ്രാണികളുടെ പാരമ്പര്യവും പിന്തുടർച്ചയും ചരിത്രപരമായ നിലനിൽപ്പും അസാധുവാക്കും. സഭാഭരണഘടനാ ശില്പികൾക്ക് ഈ വസ്തുത അറിയാമായിരുന്നു. അതിനാലാണ് 1934-ൽ കാതോലിക്കേറ്റ് സ്ഥാപനത്തിനു ശേഷവും മലങ്കര മെത്രാപ്പോലീത്താ സ്ഥാനം *ജാതിക്കു തലവനായി* - യഥാർത്ഥ ഭരണാധികാരിയായി - നിലനിർത്തിയത്.

1653 മുതലുള്ള ചുരുങ്ങിയ ഒരു കാലം മാത്രമാണ് *വേദതലവനും ജാതിക്കു തലവനും* ഒരേ നസ്രാണി തന്നെയായിരുന്നത്. 1934-ൽ

കാതോലിക്കാ സ്ഥാനവും മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും ഒരേ വ്യക്തിയിൽ മലങ്കരസഭാ ഭരണഘടന കേന്ദ്രീകരിച്ചപ്പോൾ 1653-ലെ നില പുനഃസ്ഥാപിക്കപ്പെട്ടു. 1912-ൽ പ്രതീക്ഷിച്ച മഫ്രിയാനേറ്റിനു പകരം കാതോലിക്കേറ്റ് സ്ഥാപിച്ചപ്പോൾ സഹസ്രാബ്ദത്തിലധികം പുരാതനത്വമുള്ള നസ്രാണികളുടെ *വേദതലവൻ*സ്ഥാനം ഇന്ത്യയിലെത്തുകയായിരുന്നു. ഇന്ന് നസ്രാണികളുടെ *വേദതലവനും ജാതിക്കു തലവനും* കാതോലിക്കാ-മലങ്കര മെത്രാപ്പോലീത്തായാണ്.

ഇന്ത്യയിലെ കാതോലിക്കേറ്റിന്റെ ചരിത്രം കേവലം 1912 മുതലുള്ള ഒരു നാളാഗമം മാത്രമല്ല. അത് നൂറ്റാണ്ടുകളിലൂടെ പരിണമിച്ചുവന്ന നിയമപരമായി നിലനില്പുള്ള ഒരു സ്ഥാനമാണ്. നസ്രാണികളുടെ പരമ്പരാഗത നിയമ സംവിധാനത്തിന്റെ ചട്ടക്കൂടിലും രാജ്യത്തിന്റെ നീതിന്യായവ്യവസ്ഥയ്ക്ക് വിധേയമായും മാത്രം വികസിച്ച ഒരു സ്ഥാനം. ഇത്തരമൊരു അനന്യവും അന്യൂനവുമായ നില ഇന്ത്യയിലെ - വിശിഷ്യാ മാർത്തോമ്മൻ പൈതൃകം അവകാശപ്പെടുന്ന - മറ്റൊരു സഭാദ്ധ്യക്ഷനും ഇല്ല. അതിനാലാണ് കാതോലിക്കേറ്റ് ദേശീയതയുടെ പ്രതീകമാണെന്ന് നിസംശയം പറയാനാവുന്നത്.





**മാർത്തോമ്മാ ശ്ലീഹാ**
**ഇന്ത്യയുടെ അപ്പോസ്തോലനും**
**മലങ്കരസഭാ സ്ഥാപകനുമായ ക്രിസ്തുശിഷ്യൻ**

# മാർത്തോമ്മാ മെത്രാന്മാർ




# മാർത്തോമ്മാ ഒന്നാമൻ
## (1653–1670)

കൂനൻകുരിശ് സത്യത്തെ തുടർന്ന് നസ്രാണി സമുദായം മുഴുവനായി തോമ്മാ അർക്കദിയാക്കോനെ സഭാതലവനായും ഭരണകർത്താവായും അംഗീകരിക്കുകയും ഭരണസഹായത്തിനായി വൈദികരായ കുറവില ങ്ങ ാട് പറമ്പിൽ ചാണ്ടി, അകപ്പറമ്പ് വേങ്ങൂർ ഗീവർഗ്ഗീസ്, കടുത്തു രുത്തി കടവിൽ ചാണ്ടി, കല്ലിശ്ശേരിൽ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ എന്നിവർ ചേർന്ന കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. പിന്നീട് ജൂൺ ഒന്നിന് (ഇടവം 22) ആലങ്ങാട്ട് ചേർന്ന യോഗത്തിൽ പന്ത്രണ്ട് പട്ടക്കാർ ചേർന്ന് തോമ്മാ അർക്കദിയാക്കോനെ എപ്പിസ്കോപ്പാ സ്ഥാനത്ത് 'മാർ തോമ്മാ' എന്ന പേരിൽ അവരോധിച്ചു.

മലങ്കരസഭ റോമായുടെ അധീശത്വത്തിൽനിന്നും സ്വയം വിമുക്ത മായതിൽ അസ്വധാളിച്ച റോമൻ മിഷണറിമാർ മാർ തോമ്മാ ഒന്നാമനെ നിർവീര്യനാക്കുന്നതിനും, മലങ്കരസഭയെ വീണ്ടും റോമിന് വിധേയമാ ക്കുന്നതിനും പല പ്രകാരേണ പ്രയത്നിച്ചിരുന്നു. പ്രധാനമായും അവർ ഉന്നയിച്ച പ്രധാന ആരോപണം മാർതോമ്മായുടെ സ്ഥാനാരോഹണം ന്യൂനതയുള്ളതായിരുന്നു എന്നതാണ്. 1661-ൽ മാർതോമ്മായേയും ഇട്ടി തൊമ്മൻ കത്തനാരെയും ബന്ധനസ്ഥരാക്കി വധിക്കുവാനുള്ള

ഗൂഢാലോചന നടന്നു. പോർട്ടുഗീസ് ഭടന്മാരിൽനിന്നും ജീവരക്ഷാർത്ഥം മാർതോമ്മാ പലായനം ചെയ്ത് മലയോരങ്ങളിൽ ചെന്ന് ഒളിച്ചു പാർത്തു. 1663-ൽ മാർത്തോമ്മായുടെ ഉപദേശക സമിതിയിൽ അംഗങ്ങളായ കടവിൽ ചാണ്ടി, പറമ്പിൽ ചാണ്ടി എന്നീ കത്തനാരന്മാർ റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. ഇവരിൽ പറമ്പിൽ ചാണ്ടിയെ റോമൻ കത്തോലിക്കർ മെത്രാനായി വാഴിച്ചു. സഭയുടെ സ്വാതന്ത്ര്യ സംരക്ഷ ണാർത്ഥം ജീവൻ തൃണവൽഗണിച്ച് റോമൻ കത്തോലിക്കാ സർവ്വാ ധിപത്യത്തിനെതിരെ സന്ധിയില്ലാത്ത സമരം ചെയ്ത ധീരസഭാ സേനാ നിയായിരുന്നു മാർതോമ്മാ ഒന്നാമൻ. 1663-ൽ ഡച്ചുകാർ കൊച്ചി കൈവ ശപ്പെടുത്തുകയും റോമൻ കത്തോലിക്കാ മിഷനറിമാർ നിഷ്ക്രമിക്കു കയും ചെയ്തതിന്റെ ഫലമായി മാർതോമ്മായുടെ വിഷമസന്ധി മാറി ത്തുടങ്ങി. 1665-ൽ യെരുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ കേരളത്തിൽ എത്തി. ഗ്രീഗോറി യോസ് മാർ തോമ്മായുടെ സ്ഥാനം ക്രമപ്പെടുത്തുകയും സഭയുടെ വിശ്വാസാചാരങ്ങളെ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ കൊണ്ടു വരുന്നതിനു പ്രാരംഭമിടുകയും ചെയ്തു. മാർതോമ്മാ ഒന്നാമൻ, 1670 ഏപ്രിൽ 22-നു കാലം ചെയ്ത് അങ്കമാലി ചെറിയപള്ളിയിൽ കബറടങ്ങി. 'മഹാനായ മാർതോമ്മാ' എന്ന് ഇദ്ദേഹം സഭാചരിത്രത്തിൽ അറിയ പ്പെടുന്നു.



# മാർ തോമ്മാ രണ്ടാമൻ
## (1670–1686)

മാർതോമ്മാ ഒന്നാമന്റെ കാലത്തു തന്നെ മേല്പ്പട്ടം ഏറ്റിരുന്ന അദ്ദേഹത്തിന്റെ ഭാഗിനേയൻ 1670–ൽ മാർത്തോമ്മാ രണ്ടാമനായി സ്ഥാനം ഏറ്റു. 16 വർഷം അദ്ദേഹം സഭയെ ഭരിച്ചു. 1686 ഏപ്രിൽ 13–ന് അദ്ദേഹം കാലം ചെയ്തു. നിരണത്ത് പള്ളിയിൽ കബറടക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലത്താണ് പ. ബസേലിയോസ് യൽദോ ബാവാ കേരളത്തിലെത്തിയത്.



# മാർ തോമ്മാ മൂന്നാമൻ
## (1686–1688)

പിൻഗാമിയെ വാഴിക്കാതെ രണ്ടാം മാർത്തോമ്മാ കാലംചെയ്തതിനാൽ സുറിയാനി മെത്രാൻ മാർ ഈവാനിയോസ് ഹദിയള്ളാ, മാർ തോമ്മാ രണ്ടാമന്റെ ഭാഗിനേയനെ മൂന്നാം മാർത്തോമ്മായായി 1686–ൽ വാഴിച്ചു. മൂന്നാം മാർതോമ്മാ 1688 ഏപ്രിൽ 19–ന് കാലം ചെയ്തു. കടമ്പനാട് വിശുദ്ധ തോമ്മാ ശ്ലീഹായുടെ പള്ളിയിൽ അടക്കപ്പെട്ടു.



# മാർ തോമ്മാ നാലാമൻ
## (1688–1728)

പിൻഗാമിയെ വാഴിക്കാതെ മൂന്നാം മാർത്തോമ്മാ കാലംചെയ്തതിനാൽ 1688–ൽ സുറിയാനി മെത്രാൻ മാർ ഈവാനിയോസ് ഹദിയള്ളാ മാർതോമ്മാ നാലാമനെ വാഴിച്ചു. മാർതോമ്മാ നാലാമന്റെ കാലത്ത് 1708–ൽ മാർ ഗബ്രിയേൽ എന്നൊരു നെസ്തോറിയൻ മെത്രാൻ കേരളത്തിൽ എത്തി. മാർതോമ്മാ ഇദ്ദേഹത്തിന്റെ സ്വാധീനത്തെ ശക്തിയായി ചെറുത്തു.

ഇരുപതു വർഷത്തെ വാഴ്ചക്കുശേഷം മാർത്തോമ്മാ നാലാമൻ അഞ്ചാം മാർത്തോമ്മായെ വാഴിച്ചശേഷം 1728 മാർച്ച് 24–ന് കണ്ടനാട്ടു വച്ച് കാലംചെയ്തു. കണ്ടനാട് മർത്തമറിയം പള്ളിയിൽ കബറടക്കി.



# മാർ തോമ്മാ അഞ്ചാമൻ
## (1728–1765)

മാർതോമ്മാ നാലാമൻ പകലോമറ്റം പള്ളിപ്പുറത്ത് വീട്ടുകാരനായ ഭാഗിനേയനെ സ്വന്തം പിൻഗാമിയായി 1728–ൽ വാഴിച്ചു. 1765 വരെ മാർ തോമ്മാ അഞ്ചാമൻ സഭയെ നയിച്ചു.

മാർ ഗബ്രിയേലിന്റെ നെസ്തോറിയൻ പഠിപ്പിക്കലുകളെ പ്രതിരോധിക്കുവാനായി സിറിയയിൽ നിന്നും പണ്ഡിതന്മാരെ അയച്ചുതരുവാൻ ഇദ്ദേഹം വിദേശ സഭാമേലദ്ധ്യക്ഷന്മാരോട് അഭ്യർത്ഥിച്ചു. അതനുസരിച്ച് മൂസലിൽ നിന്ന് ബസ്സേലിയോസ് ശക്രള്ളാ മഫ്രിയാനാ, മാർ ഗ്രീഗോറിയോസ് യൂഹാനോൻ മെത്രാപ്പോലീത്താ, മാർ ഈവാനിയോസ് യൂഹാനോൻ എപ്പിസ്ക്കോപ്പാ എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘം 1751–ൽ മലങ്കരയിലെത്തി. എന്നാൽ മാർതോമ്മാ ഇവരുടെ നടപടിക്ക് വഴങ്ങിയില്ല. അവസാനം 1754–ൽ മാർതോമ്മായുടെ സ്ഥാനം സാധുവാണെന്നും അദ്ദേഹം മലങ്കരസഭയുടെ ഭരണാധികാരി ആണെന്നും മാർ ശക്രള്ളാ സമ്മതിച്ചു. ഈ വ്യവസ്ഥയിന്മേൽ വിദേശ മെത്രാന്മാരും മാർത്തോമ്മായും ഒരു ഒത്തുതീർപ്പിൽ എത്തി.

വിദേശ മെത്രാന്മാർ മലങ്കര മെത്രാന്റെ അനുമതികൂടാതെ ആർക്കും

പട്ടം കൊടുക്കുകയോ സഭാ ഭരണ കാര്യങ്ങളിൽ ഇടപെടുകയോ ചെയ്യു കയില്ലെന്നു 1754–ൽ ഉടമ്പടി ഉണ്ടായി. ഇവരുടെ വരവു മൂലം മാർതോമ്മാ അഞ്ചാമൻ ഡച്ചുകമ്പനിക്ക് ഈ സംഘത്തിന്റെ കപ്പൽയാത്ര കൂലിയായി 12,000 രൂപ കൊടുക്കേണ്ടി വന്നു.

മാർതോമ്മാ അഞ്ചാമൻ തന്റെ ജീവിതകാലത്തുതന്നെ 1761–ൽ സ്വന്തം ഭാഗിനേയനെ പിൻഗാമിയായി വാഴിച്ചു. മലങ്കര സഭയുടെ സ്വാതന്ത്ര്യ ത്തിനും പ്രവർത്തനത്തിനും അക്ഷീണം പ്രയത്നിച്ചു. 1765 മെയ് 8–ന് നിരണത്തുവച്ച് ഇദ്ദേഹം കാലംചെയ്തു. നിരണം പള്ളിയിൽ അടക്ക പ്പെട്ടു.



# മാർത്തോമ്മാ ആറാമൻ
## (മാർ ദീവന്നാസ്യോസ് ഒന്നാമൻ)
## (1728–1808)

കൂനൻകുരിശ് സത്യത്തിനു (1653) ശേഷം മലങ്കരയിലെ ആറാമത്തെ മെത്രാപ്പോലീത്താ. 1728-നോടടുത്തു പകലോമറ്റം കുടുംബത്തിൽ ജനിച്ചു. തന്റെ അനന്തിരവനെ മാർത്തോമ്മാ അഞ്ചാമൻ 1761 ജൂലൈ 10-ന് മാർത്തോമ്മാ ആറാമനായി വാഴിച്ചു. മുൻഗാമിയുടെ കാലശേഷം മലങ്കരമെത്രാൻസ്ഥാനം ഏറ്റെടുത്തു. നാല്പത്തിമൂന്നു വർഷം സഭയെ നയിച്ച വലിയ മാർ ദീവന്നാസ്യോസ് എന്നറിയപ്പെടുന്ന മാർതോമ്മാ ആറാമന് അന്ത്യോഖ്യൻ സഭയോടും റോമൻ കത്തോലിക്കാ സഭയോടും ആംഗ്ലിക്കൻ സഭയോടും ബന്ധപ്പെടേണ്ടി വന്നു. ഈ അവസരങ്ങളി ലെല്ലാം അദ്ദേഹം ദീർഘദൃഷ്ടിയോടെ പ്രവർത്തിച്ചു. മലങ്കര നസ്രാണി കളുടെ ഐക്യം പോലെയുള്ള ഉന്നതമായ ഉദ്ദേശ്യങ്ങൾ മുന്നിൽ കണ്ടു കൊണ്ട് ചില വിട്ടുവീഴ്ചകൾക്ക് തയ്യാറായിരുന്നെങ്കിലും മലങ്കരസഭ യുടെ സ്വാതന്ത്ര്യം അഭംഗുരം പരിപാലിക്കുന്നതിൽ അദ്ദേഹം അചഞ്ച ലനായിതന്നെ നിന്നു. വിദേശ മെത്രാന്മാരായ മാർ ഗ്രീഗോറിയോസ് യൂഹാനോൻ, മാർ ഈവാനിയോസ് യൂഹാനോൻ എന്നിവരാൽ 1770 ജൂലൈ 10-നു നിരണം പള്ളിയിൽവച്ച് മാർ ദീവന്നാസ്യോസ് എന്ന

സ്ഥാനനാമത്തിൽ മെത്രാപ്പോലീത്താ ആയി ഉയർത്തപ്പെട്ടു. എങ്കിലും പിൻഗാമിയെ മാർതോമ്മാ എന്ന മലങ്കരസഭയുടെ പാരമ്പര്യനാമത്തിൽ തന്നെയാണ് അദ്ദേഹം വാഴിച്ചത്. 1772-ൽ മാർ ഗ്രീഗോറിയോസ് വാഴിച്ച കാട്ടുമങ്ങാട്ട് മാർ കൂറിലോസിനെ മലങ്കരസഭയിൽ സ്വീകരിക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല.

സംഭവ ബഹുലമായിരുന്നു ഇദ്ദേഹത്തിന്റെ കാലഘട്ടം. മാർതോമാ അഞ്ചാമന്റെ മെത്രാൻ സ്ഥാനം സാധുവല്ല എന്ന വാദവുമായി എത്തിയ വിദേശ മെത്രാന്മാർ അതേ ആരോപണം ഇദ്ദേഹത്തെക്കുറിച്ചും ഉന്നയിച്ചു. അവരോടൊപ്പം ഒരു വിഭാഗം ആളുകൾ ചേർന്ന് സഭയിൽ ഭിന്നത ഉണ്ടായതിനെ തുടർന്നാണ് അവരുമായി രമ്യതപ്പെട്ട് മെത്രാപ്പോലീത്താ സ്ഥാനവും മാർ ദീവന്നാസ്യോസ് എന്ന പേരും സ്വീകരിച്ചത്.

വിദേശ മെത്രാൻ മാർ ഗ്രീഗോറിയോസിൽ നിന്നും കൂറിലോസ് എന്ന പേരിൽ 1772-ൽ മേല്പട്ടസ്ഥാനം സ്വീകരിച്ച കാട്ടുമങ്ങാട്ട് അബ്രാഹം റമ്പാൻ മലങ്കരയുടെ വടക്കുഭാഗത്ത് സമാന്തര ഭരണം നടത്തിയിരുന്നു. അദ്ദേഹത്തെക്കൊണ്ട് വടിയും മുടിയും വെപ്പിച്ച് തിരുവിതാംകൂറിലും കൊച്ചിയിലും നിരോധനം ഏർപ്പെടുത്തിയതോടെ ഈ കലഹം ശമിച്ചു എങ്കിലും ബ്രിട്ടീഷ് മലബാറിലെ ആഞ്ഞൂർ കേന്ദ്രമാക്കി അദ്ദേഹം പ്രവർത്തനം തുടർന്നു.

1653-ലെ കൂനൻകുരിശു സത്യത്തിനു ശേഷം 1663-ൽ മലങ്കര നസ്രാണികളിൽ കുറെപ്പേർ സാമ്പത്തിക പ്രലോഭനം മൂലം കത്തോലിക്കാ സഭയിൽ ചേർന്നു. അവരെ തിരികെ വരുത്തുവാൻ മാർത്തോമ്മാ ആറാമൻ നടത്തിയ ശ്രമങ്ങൾ അപകടത്തിലാണ് കലാശിച്ചത്. പാറേമ്മാക്കൽ തോമ്മാ കത്തനാർ, കരിയാറ്റിൽ യൗസേഫ് മല്പാൻ എന്നീ റോമാ സുറിയാനി നേതാക്കന്മാരിലൂടെ ആരംഭിച്ച ചർച്ചകൾ അവസാനം തച്ചിൽ മാത്തു തരകനിൽ എത്തി നിന്നു. അക്കാലത്ത് തിരുവിതാംകൂറിൽ അപരിമേയമായ അധികാരങ്ങൾ കൈയാളിയിരുന്ന തരകൻ തന്റെ നാടായ തത്തംപള്ളിയിൽ മാർ ദീവന്നാസ്യോസിനെ ബലമായി കൊണ്ടുപോവുകയും അവിടെവച്ച് 1799-ൽ ഇദ്ദേഹത്തെ കൊണ്ട് റോമൻ ക്രമത്തിൽ പത്തീറാ വെച്ച് കുർബാന ചൊല്ലിക്കുകയും ചെയ്തു. തരകന്റെ പെട്ടെന്നുണ്ടായ പതനംമൂലം മാത്രം അവിടെനിന്നും രക്ഷപെട്ട ആറാം മാർത്തോമ്മാ മടങ്ങി നിരണത്തെത്തി. പത്തീറാ വെച്ച് കുർബാന ചൊല്ലാൻ ഇടയായതിന് പ്രായശ്ചിത്തമായി അന്നു മലങ്കരയിലുണ്ടായിരുന്ന 72 പള്ളികളിലും സ്വന്തം ചെലവിൽ അദ്ദേഹം വി. കുർബാന ചൊല്ലിച്ചു.

ഇദ്ദേഹത്തിന്റെ കാലത്താണ് മലങ്കരസഭയെപ്പറ്റി പഠിക്കുവാൻ കൽ

ക്കത്തായിലെ ആംഗ്ലിക്കൻ ബിഷപ്പിന്റെ ഡീനായ ഡോ. ക്ലോഡിയസ് ബുക്കാനൻ 1806-ൽ മലങ്കര സഭ സന്ദർശിച്ചത്.

മലങ്കരസഭയെ സഹായിക്കുവാൻ ആംഗ്ലിക്കൻ സഭയ്ക്കുള്ള സന്നദ്ധത അദ്ദേഹം അറിയിച്ചു. ബുക്കാനന് 1000 വർഷത്തോളം പഴക്കമുള്ളതും സുറിയാനിയിൽ എഴുതപ്പെട്ടതുമായ ഒരു വേദപുസ്തകം സമ്മാനമായി കൊടുത്തു. കൂടാതെ അച്ചടിച്ചു നൽകാമെന്നു ബുക്കാനൻ വാഗ്ദാനം ചെയ്തു. തുടർന്ന് കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം പീലിപ്പോസ് റമ്പാനും ചേർന്ന് വേദപുസ്തക പരിഭാഷ നടത്തുവാൻ മെത്രാപ്പോലീത്താ നിർദ്ദേശിച്ചു. 1811-ൽ ബുക്കാനൻ നാലു സുവിശേഷങ്ങൾ മലയാളത്തിൽ അച്ചടിച്ചു നൽകി.

വട്ടിപ്പണം എന്ന പേരിൽ പിന്നീട് പ്രസിദ്ധമായ 3000 പൂവരാഹന്റെ സ്ഥിരനിക്ഷേപം നടത്തുന്നതിനുള്ള പ്രരംഭനടപടികൾ സ്വീകരിച്ചതും 1793-ൽ പുത്തൻകാവ് പള്ളി സ്ഥാപിച്ചതും ഇദ്ദേഹമാണ്. 1805-1806 കാലഘട്ടത്തിൽ മലങ്കരയിലെത്തി കലഹമുണ്ടാക്കിയ വിദേശ മെത്രാൻ ദീയസ്കോറോസിനെ ഇദ്ദേഹം നാടുകടത്തിച്ചു.

ഇതിനിടയിൽ അനന്തരവൻ മാ ത്തൻ റമ്പാനെ 1796 മെയ് 5-നു (മേടം 24) പിൻഗാമിയായി മാർത്തോമ്മാ ഏഴാമൻ എന്ന പേരിൽ ചെങ്ങന്നൂർ പള്ളിയിൽ വച്ച് വാഴിച്ചു. നാല്പത്തിമൂന്നു വർഷത്തെ സംഭവബഹുലമായ സഭാഭരണത്തിനുശേഷം 1808 ഏപ്രിൽ 8-ന് 40-ാം വെള്ളിയാഴ്ച നിരണം പള്ളിയിൽ വെച്ച് കാലം ചെയ്തു. 12-ാം തീയതി പുത്തൻകാവ് പള്ളിയിൽ കബറടക്കപ്പെട്ടു.



# മാർ തോമ്മാ ഏഴാമൻ
## (1808–1809)

വലിയ മാർ ദീവന്നാസ്യോസ് ഏഴാം മാർത്തോമ്മായ്ക്ക് 1794 ഏപ്രിൽ 17–ന് റമ്പാൻ സ്ഥാനവും 1796 മെയ് 5–ന് മെത്രാൻ സ്ഥാനവും നൽകി. മുൻഗാമി നിശ്ചയിച്ചിരുന്നപ്രകാരം 1808 ഡിസംബറിൽ 3,000 പൂവരാഹൻ (10500 രൂപ) എട്ട് ശതമാനം പലിശ നിരക്കിൽ ഈസ്റ്റ് ഇൻഡ്യാ കമ്പനിയിൽ സ്ഥിരനിക്ഷേപമായി അടച്ചു. ഇതിൽനിന്നും കിട്ടുന്ന പലിശ ധർമ്മവിഷയത്തിന് വിനിയോഗിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. ഈ സ്ഥിരനിക്ഷേപ തുക പിൽക്കാലത്ത് 'വട്ടിപ്പണം' എന്ന പേരിൽ അറിയപ്പെട്ടു. ഇദ്ദേഹം 1809 ജൂലൈ 4–ന് കണ്ടനാട്ടുവെച്ച് കാലംചെയ്തു. കോലഞ്ചേരി മാർ പത്രോസ് പൗലൂസ് പള്ളിയിൽ അടക്കപ്പെട്ടു.



# മാർ തോമ്മാ എട്ടാമൻ
## (1809–1816)

മാർത്തോമ്മാ ഏഴാമന്റെ മരണക്കിടക്കയിൽവച്ചു വാഴിച്ചതിനാൽ മാർ ത്തോമ്മാ എട്ടാമന്റെ സ്ഥാനസാധുത്വത്തെപ്പറ്റി തർക്കമുണ്ടായി. ഇതിനെ ത്തുടർന്ന് 1809 ആഗസ്റ്റ് 13–ന് കണ്ടനാട് ഒരു മലങ്കര പള്ളിയോഗം വിളി ച്ചുകൂട്ടി. ഈ യോഗം മാർത്തോമ്മാ എട്ടാമന്റെ മേല്പട്ടസ്ഥാനം അംഗീ കരിച്ചു. സഭാ ഭരണകാര്യങ്ങളെ സംബന്ധിച്ച് കണ്ടനാട് പടിയോല പാസാക്കി. ഈ യോഗതീരുമാനങ്ങളിൽ രണ്ടെണ്ണം പ്രത്യേകം പ്രസ്താ വ്യമാണ്. ഒന്ന്, കായംകുളം പീലിപ്പോസ് റമ്പാനെയും കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെയും (സെമിനാരി സ്ഥാപകൻ) മാർതോമ്മാ യുടെ ഉപദേശകരായി നിയമിച്ചുവെന്നതും, രണ്ടാമത്തേത് വൈദിക വിദ്യാർത്ഥികൾക്കായി തെക്കും വടക്കും പഠിത്തവീടുകൾ (സെമിനാരി) ഉണ്ടാക്കണമെന്നതും അതിനുള്ള ചെലവ് പള്ളികളിൽ നിന്നും സംഭരി ക്കണം എന്നുള്ളതുമാണ്.

മെത്രാനും ഉപദേശകരും അധികനാൾ ഐക്യത്തിൽ കഴിഞ്ഞില്ല. ഇട്ടൂപ്പ് റമ്പാന്റെ അനുയായികൾ ബ്രിട്ടീഷ് റസിഡന്റ് മൺറോയ്ക്ക് മെത്രാനെതിരായി ഹർജി സമർപ്പിച്ചു. 1813–ൽ മൺറോ ഇട്ടൂപ്പ് റമ്പാന്റെ വാദമുഖങ്ങളെ അംഗീകരിച്ചു. പക്ഷേ മാർത്തോമ്മാ എട്ടാമന്റെ അന്ത്യം

വരെ വിധി പറപ്പെടുവിച്ചില്ല. പക്ഷേ റമ്പാന് കോട്ടയത്ത് പഠിത്തവീടിന് വേണ്ട അനുവാദം നൽകി. അതു സ്ഥാപിക്കാനുള്ള സ്ഥലവും പണവും തിരുവിതാംകൂർ സർക്കാർ ദാനം ചെയ്തു. റമ്പാൻ പഠിത്തവീട് പണിത് വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. കായംകുളം പീലിപ്പോസ് റമ്പാൻ പരിഭാഷപ്പെടുത്തി റവ. ബുക്കാനൻ അച്ചടിപ്പിച്ച മലയാളം സുവിശേഷങ്ങൾ ഇദ്ദേഹത്തിന്റെ ഭരണകാലത്ത് 1811–ൽ മലങ്കരയിലെത്തുകയും പള്ളികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. മാർതോമ്മാ എട്ടാമൻ 1816 ജനുവരി 22–നു കാലംചെയ്തു. പുത്തൻകാവ് പള്ളിയിൽ കബറടക്കപ്പെട്ടു.

മാർത്തോമ്മാ എട്ടാമന്റെ അന്ത്യത്തോടെ പകലോമറ്റം കുടുംബവാഴ്ച അവസാനിച്ചു.

# മാർ ദീവന്നാസ്യോസ്
# മെത്രാപ്പോലീത്താമാർ



# മാർ ദീവന്നാസ്യോസ് രണ്ടാമൻ
# (– 1816)

“മലങ്കരസഭാ ജ്യോതിസ്സ്” എന്ന ബഹുമതി നൽകി സഭ ആദരിച്ച കോട്ടയം ഓർത്തഡോക്സ് സെമിനാരി സ്ഥാപകൻ. മലങ്കസഭയുടെ ചരിത്രം ഒരു നിർണ്ണായകമാർഗ്ഗത്തിലൂടെ തിരിച്ചുവിടുന്നതിന് മുഖാന്തിരമായ ഒരു മഹദ് വ്യക്തിയായിരുന്നു കുന്നംകുളം സ്വദേശിയായിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ. പിന്നീട് അദ്ദേഹം മെത്രാപ്പോലീത്താ ആയപ്പോൾ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് എന്ന നാമധേയത്തിൽ അറിയപ്പെട്ടു. പരമ ഭക്തനും സാത്വികനും ആയിരുന്ന ഇട്ടൂപ്പ് കത്തനാർ കുന്നംകുളം ആർത്താറ്റുപള്ളിയിൽ താമസിക്കുന്ന കാലത്താണ് മൈസൂർ വ്യാഘ്രം എന്നറിയപ്പെട്ടിരുന്ന ടിപ്പു സുൽത്താൻ ആർത്താറ്റുപള്ളിയും കുന്നംകുളം അങ്ങാടിയും ആക്രമിക്കുകയും നശിപ്പിക്കുകയും കൊള്ളയടിക്കുകയും കൊള്ളിവയ്ക്കുകയും ചെയ്തത്. കുന്നംകുളം അങ്ങാടിയിലെ താമസക്കാരായിരുന്ന പലരും ഭയവിഹ്വലരായി പ്രാണരക്ഷാർത്ഥം ഓടിപ്പോയിയെങ്കിലും ഇട്ടൂപ്പ് കത്തനാർ പള്ളിയിൽത്തന്നെ തന്റെ പ്രാണനെ തൃണവൽഗണിച്ചുകൊണ്ട് കഴിച്ചുകൂട്ടി. ടിപ്പുവിന്റെ ഭീഷണികളെ ദൈവാശ്രയ ത്താലും നോമ്പാലും ഉപവാസത്താലും അദ്ദേഹം അതിജീവിച്ചു. മാർത്തോമ്മാ ആറാമന്റെ കാലശേഷം

(1808) മാർത്തോമ്മാ ഏഴാമൻ മലങ്കരസഭാ ഭരണം ഏറ്റെടുത്തു. എങ്കിലും 1809-ൽ കാലം ചെയ്കയാൽ മാർത്തോമ്മാ എട്ടാമനാണ് പിൻഗാമിയായി വന്നത്. അദ്ദേഹത്തെ ഭരണകാര്യങ്ങളിൽ സഹായിക്കുവാനായി കായം കുളം പീലിപ്പോസ് റമ്പാനേയും കുന്നംകുളം ഇട്ടൂപ്പു കത്തനാരെ 1809 ആഗസ്റ്റ് 27-ന് റമ്പാനാക്കിക്കൊണ്ട് അദ്ദേഹത്തെയും നിയമിച്ചു. മാർ ത്തോമ്മാ ഏഴാമന്റെ 40-ാം ചരമദിവസം അടിയന്തിരത്തിൽ കണ്ടനാട്ട് വിളിച്ചുകൂട്ടിയ മലങ്കര പള്ളിയോഗ നിശ്ചയപ്രകാരം വൈദിക വിദ്യാഭ്യാ സത്തിനുള്ള പഠിത്തവീട് (വൈദികസെമിനാരി) സ്ഥാപിക്കണമെന്നു റമ്പാന്മാർ ആഗ്രഹിച്ചു. പക്ഷേ മാർത്തോമ്മാ എട്ടാമൻ അതിനു തയാറാ യില്ല. മാർത്തോമ്മാ എട്ടാമനെതിരെ പരാതിയുമായി ബ്രിട്ടീഷ് റസിഡന്റ് കേണൽ മൺട്രോയുടെ അടുക്കൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കായം കുളം പീലിപ്പോസ് റമ്പാനും അവരെ അനുകൂലിക്കുന്നവരും എത്തി. തുടർന്ന് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കേണൽ മൺട്രോയും തമ്മിൽ സുഹൃത്തുക്കളായി തീർന്നു. ആ സ്വാധീനം ഉപയോഗിച്ചും, ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാ കമ്പനിയിലുള്ള സ്ഥിരനിക്ഷേപമായ വട്ടിപ്പണത്തിന്റെ നാളിതുവരെയുള്ള പലിശ ഉപയോഗിച്ചും, പള്ളികളിൽനിന്നും പിരിവെ ടുത്തും കോട്ടയത്ത് സെമിനാരി സ്ഥാപിച്ചു. ആയതിലേക്കു കേണൽ മൺട്രോ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും വട്ടിപ്പണ ത്തിന്റെ ഏഴാം മാത്തോമ്മാ കൈപ്പറ്റിയ ഒരു വർഷത്തെ പലിശ 840 രൂപ കഴിച്ചു നാളതുവരെയുണ്ടായിരുന്ന 3,360 രൂപ റമ്പാനെ ഏല്പിക്കു കയും ചെയ്തു. തിരുവല്ലായിലെ പള്ളി കത്തിച്ചതിന് പിഴയായി വാങ്ങിയ 8,000 രൂപയും റാണി ഗൗരി ലക്ഷ്മിഭായി സംഭാവന ചെയ്ത 20,000 രൂപയും, പലരിൽനിന്നും സംഭാവനയായി കിട്ടിയ 14,065 രൂപയും ഉപയോഗിച്ച് സർക്കാരിൽ നിന്നും കരമൊഴിവായി ലഭിച്ച 16 ഏക്കർ സ്ഥലത്ത് 1813 കുംഭം മൂന്നാം തീയതി സെമിനാരിക്കു കല്ലിട്ടു പണി ആരംഭിക്കുകയും ഇന്നു കാണുന്ന രീതിയിലുള്ള നാലുകെട്ടും ചാപ്പ ലുമായി 1814-ൽ പണിപൂർത്തിയാക്കി വൈദികപഠനം ആരംഭിക്കുകയും ചെയ്തു.

എന്നാൽ വട്ടിപ്പണത്തിന്റെ പലിശ ഒരു റമ്പാനെ ഏല്പിക്കുന്നത് നിയ മാനുസൃതമായ നടപടി അല്ലെന്നു മദ്രാസ് ഗവൺമെന്റ് റസിഡന്റിനെ അറിയിച്ചതിനാൽ ആ നിയമ വൈകല്യം തിരുത്തേണ്ടത് ആവശ്യമായി വന്നു. അതിനുവേണ്ടി ആഞ്ഞൂർ മെത്രാനായിരുന്ന കിടങ്ങൻ മാർ പീലക്സിനോസിനെ സമീപിച്ചു. അദ്ദേഹം വിളിച്ചു കൂട്ടിയ മലങ്കര പള്ളി യോഗ നിശ്ചയപ്രകാരം 1815 മാർച്ച് മാസം 21-നു ഇട്ടൂപ്പു റമ്പാനെ മാർ ദീവന്നാസ്യോസ് എന്ന നാമധേയത്തിൽ മെത്രാനായി അഭിഷേകം ചെയ്തു. ഇതോടുകൂടി പുരാതനമായ പകലോമറ്റം തറവാട്ടിൽ മലങ്കര

സഭയുടെ പൗരോഹിത്യ പാരമ്പര്യം അവസാനിച്ചു. മാർ ദീവന്നാസ്യോസിന്റെ വാഴ്ചയോടുകൂടി ഇംഗ്ലീഷ് മിഷനറിമാരും റസിഡന്റന്മാരും സഭാകാര്യങ്ങളിലും മെത്രാൻ വാഴ്ചക്കാര്യങ്ങളിലും സ്വാധീനം ചെലുത്താനും ഇടപെടാനും നിയന്ത്രണ ങ്ങൾ നടത്താനുമുള്ള ശ്രമത്തിനു ആരംഭമിട്ടു. അതു പിന്നീട് മറ്റൊരു വഴിത്തിരിവിനും സഭയുടെ പിളർപ്പുകൾക്കും വഴിഒരുക്കുകയും ചെയ്തു. മാർ ദീവന്നാസ്യോസ് പിന്നീട് അധികനാൾ ജീവിച്ചിരുന്നില്ല. 1816 നവംബർ 24-നു കാലം ചെയ്തു. അദ്ദേഹം സ്ഥാപിച്ച സെമിനാരിയിൽത്തന്നെ സംസ്കരിക്കപ്പെട്ടു.

അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ സംഭാവനയാണ് ഇന്നു പഴയസെമിനാരി എന്ന് പരക്കെ അറിയപ്പെടുന്നതും സഭയിലെ അനേകം ചരിത്രസംഭവങ്ങൾക്കും സഭയുടെ ചരിത്രത്തിലെ ഗതിവിഗതികൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ളതുമായ കോട്ടയത്തെ ഓർത്തഡോക്സ് വൈദികസെമിനാരി.

# ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ (- 1829)

ആർത്താറ്റുപള്ളി വികാരിയായിരുന്ന ഇദ്ദേഹത്തെ 1811-ൽ ചീരൻ സ്കറിയാ മാർ പീലക്സിനോസ് തൊഴിയൂർ മെത്രാനായി വാഴിച്ചു. 1829 വരെ തൊഴിയൂരിന്റെ അദ്ധ്യക്ഷനായിരുന്ന ഇദ്ദേഹം മലങ്കരസഭാചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ട മഹാപുരുഷനും പണ്ഡിതനുമായിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയനെ 1815-ൽ വാഴിച്ചതോടെ ഇദ്ദേഹം മലങ്കരസഭാ ചരിത്രത്തിൽ അറിയപ്പെട്ടു തുടങ്ങി. 1816-ൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ കാലം ചെയ്തപ്പോൾ മലങ്കരസഭയുടെയും ബ്രിട്ടീഷ് മിഷനറിമാരുടെയും നിർബന്ധപൂർവ്വമായ അപേക്ഷയെ പരിഗണിച്ച് ഇദ്ദേഹം കോട്ടയം ത്തത്തി സെമിനാരിയുടെ ചുമതലയും മലങ്കരമെത്രാപ്പോലീത്താ സ്ഥാനവും ഔപചാരികമായി സ്വീകരിച്ചു. ഈ കാര്യങ്ങൾക്ക് രാജകീയ വിളംബരവും ഉണ്ടായി. 1817-ൽ ഇദ്ദേഹം പുന്നത്ര മാർ ദീവന്നാസ്യോസിനെ മെത്രാനായി വാഴിച്ചു. ഭരണഭാരം അദ്ദേഹത്തെ ഏൽപ്പിച്ചു തൊഴിയൂർക്കു മടങ്ങി. പുന്നത്ര മാർ ദീവന്നാസ്യോസ് തൃതീയൻ 1825-ൽ പെട്ടെന്ന് കാലംചെയ്തതിനെ തുടർന്ന് വീണ്ടും മലങ്കരമെത്രാൻ സ്ഥാനം ഏറ്റെടുത്തു. അതേ വർഷംതന്നെ ചേപ്പാട് മാർ ദീവന്നാസ്യോസിനെ വാഴിച്ചശേഷം തൊഴിയൂർക്കു മടങ്ങി. അവിടെവെച്ച് 1829 ഫെബ്രുവരി 6-ന് കാലം ചെയ്തു. തൊഴിയൂർ പള്ളിയിൽ കബറടക്കി.



# മാർ ദീവന്നാസ്യോസ് മൂന്നാമൻ
## (– 1825)

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ കാല ശേഷം ഏകദേശം രണ്ടു വർഷത്തെ ഇടവേളയ്ക്കുശേഷമാണ് പുന്നത്ര ഗീവർഗീസ് മാർ ദീവന്നാസ്യോസ് മൂന്നാമൻ വാഴിക്കപ്പെട്ടത്. ഇദ്ദേഹം കോട്ടയം പുന്നത്ര കുടുംബാംഗവും ചെറിയപള്ളി വികാരിയും ചെറുപ്പ ത്തിൽത്തന്നെ പണ്ഡിത മല്പാൻ എന്ന് പ്രശസ്തനുമായിരുന്നു. പഴയ സെമിനാരിയിലെ ആദ്യ രണ്ടു മല്പാന്മാരിൽ ഒരാളായിരുന്നു മുമ്പ് പുന്നത്ര കുര്യൻ കത്തനാർ എന്ന പേരിലറിയപ്പെട്ടിരുന്ന ഇദ്ദേഹം. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ കാലശേഷം മലങ്കരസഭാ ഭരണം നടത്തിയിരുന്ന കിടങ്ങൻ മാർ പീലക്സിനോസ് മെത്രാപ്പോലീ ത്തായുടെ വികാരിജനറാൾ എന്ന നിലയിൽ ഇദ്ദേഹം പ്രവർത്തിച്ചിരുന്നു. സമർത്ഥനും സുമുഖനും സംസ്കാര സമ്പന്നനുമായ ഇദ്ദേഹം 1817 ഒക്ടോബറിൽ കിടങ്ങൻ മാർ പീലക്സിനോസിൽനിന്നു 33–ാം വയസിൽ മെത്രാൻ സ്ഥാനമേറ്റു. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് സി.എം.എസ്. മിഷനറിമാർ കൂടുതലായി സഭാകാര്യങ്ങളിൽ ഇടപെടാൻ തുടങ്ങി. സെമിനാരി പ്രിൻസിപ്പലായിരുന്ന ഒരു മിഷനറി, മെത്രാപ്പോലീത്താ യോടുകൂടി കൂട്ടുമാനേജരായി സെമിനാരി ഭരണം നടത്താൻ ആരംഭമിട്ടു.

ഇതിനിടെ പ്രാർത്ഥനാക്രമ നവീകരണത്തിനുള്ള ആശയങ്ങൾ രാഷ്ട്രീയ പ്രമാണികത്വമുള്ള മിഷനറിമാർ മുമ്പോട്ടു വച്ചതിനെത്തുടർന്ന് പുന്നത്ര മാർ ദീവന്നാസ്യോസ് മൂന്നാമൻ 1818 ഡിസംബർ 3-നു മാവേലിക്കര ഒരു പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. കോനാട്ട് മല്പാൻ തുടങ്ങിയവരുടെ എതിർപ്പ് മൂലം മിഷനറിമാരുടെ സംരംഭം വിഫലമായിത്തീർന്നു. മിഷനറിമാർക്കു അർഹിക്കുന്നതിൽ കൂടുതൽ സ്ഥാനം ദീവന്നാസ്യോസ് വകവച്ചു കൊടുത്തു എന്നൊരു പരാതി അദ്ദേഹത്തെപ്പറ്റിയുണ്ട്. തന്നെയുമല്ല, അദ്ദേഹത്തിന്റെ സന്മനോഭാവത്തെ മുതലെടുത്തുകൊണ്ട് മിഷണറിമാർ സഭയുടെ വിശ്വാസകാര്യങ്ങളിൽ മുൻ ധാരണകൾക്ക് എതിരായി കൈകടത്തുവാനും തുടങ്ങി. പക്ഷേ നയകോവിദനായ ഇദ്ദേഹം പരസ്പര സംഘർഷം കൂടാതെ ഭരണം മുമ്പോട്ടുകൊണ്ടുപോയി. പക്ഷേ ഈ അഭിപ്രായഭിന്നത പിന്നീടു വന്ന മെത്രാപ്പോലീത്തായുടെ കാലത്ത് തുറന്ന യുദ്ധമായി തീരുവാൻ ഇടയായി. കോളറ രോഗബാധിതനായി നാല്പതാം വയസ്സിൽ 1825 മെയ് 16-ന് അദ്ദേഹം കാലംചെയ്തു. കോട്ടയം ചെറിയപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.



# മാർ ദീവന്നാസ്യോസ് നാലാമൻ
## (1781–1855)

ചേപ്പാട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കാർത്തികപ്പള്ളി പള്ളിപ്പാട്ട് ആഞ്ഞിലിമൂട്ടിൽ കുടുംബത്തിൽ 1781–ൽ ജാതനായി. കായംകുളം പീലിപ്പോസ് റമ്പാന്റെ ശിഷ്യനും പ്രമുഖ മല്പാനുമായിരുന്നു. പുന്നത്ര മാർ ദീവന്നാസ്യോസിന്റെ കാലശേഷം പിൻഗാമിയായി ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. കിടങ്ങൻ മാർ പീലക്സിനോസ് രണ്ടാമൻ, 1825–ൽ ഇദ്ദേഹത്തെ മാർ ദീവന്നാസ്യോസ് നാലാമൻ എന്ന പേരിൽ കോട്ടയം ചെറിയപള്ളിയിൽ വച്ച് മെത്രാനായി അഭിഷേകം ചെയ്തു. തുടർന്ന് മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിച്ചുകൊണ്ടുള്ള തിരുവെഴുത്തു വിളംബരവും ഉണ്ടായി. ഇദ്ദേഹത്തിന്റെ കാലത്താണ് മാരാമൺ പാലക്കുന്നത്ത് അബ്രഹാം മല്പാന്റെയും പുതുപ്പള്ളി കൈതയിൽ ഗീവർഗ്ഗീസ് മല്പാന്റെയും നേതൃത്വത്തിൽ മലങ്കര സുറിയാനി സഭയിൽ നവീകരണ അനുകൂലികൾ ഉണ്ടായത്. അക്കാലത്തു മലങ്കരസഭയിൽ പ്രവർത്തിച്ചിരുന്ന മിഷണറിമാരും മെത്രാപ്പോലീത്തായും തമ്മിലുള്ള തർക്കം രൂക്ഷമായി.

സെമിനാരി–സഭാ ഭരണം നിയന്ത്രിക്കുവാനും, പ്രൊട്ടസ്റ്റന്റ് വിശ്വാസം അടിച്ചേൽപ്പിക്കുവാനുമായി കൽക്കട്ടായിലെ ആംഗ്ലിക്കൻ ബിഷപ്പ്

ഡാനിയേൽ വിൽസൺ 1825-ൽ കുറെ നിർദ്ദേശങ്ങൾ മുമ്പോട്ടുവെച്ചു. ഇതേപ്പറ്റി ആലോചിക്കുവാൻ 1836 ജനുവരി 16-നു മാവേലിക്കരയിൽ ഒരു മലങ്കര പള്ളിയോഗം ഇദ്ദേഹം വിളിച്ചുകൂട്ടി. മാവേലിക്കര സുന്നഹദോസ് നവീകരണ നിർദ്ദേശങ്ങൾ തള്ളുകയും മിഷണറിബന്ധം അവസാനിപ്പിക്കുകയും ചെയ്തു. ഈ സുന്നഹദോസ് നിശ്ചങ്ങളാണ് 'മാവേലിക്കര പടിയോല' എന്നറിയപ്പെടുന്നത്.

സെമിനാരിയിൽനിന്നും പുറത്താക്കപ്പെട്ടതിനെ തുടർന്ന് ബ്രിട്ടീഷ് മിഷണറിമാർ ചേപ്പാട്ട് മാർ ദീവന്നാസ്യോസിനെ പീഡിപ്പിക്കുകയും സഭാസ്വത്തുക്കളിന്മേൽ അവകാശവാദം ഉന്നയിക്കുകയും ചെയ്തു. 1840 ഏപ്രിൽ 4-നു കൊച്ചി പഞ്ചായത്തു കോടതി സ്വത്തുക്കൾ മലങ്കരസഭയ്ക്കും മിഷനറിമാർക്കുമായി വിഭജിച്ചു നൽകി. പീഡനം സഹിക്കാനാവാതെ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് തന്റെ സ്ഥാനത്യാഗ സന്നദ്ധത സഭയെ അറിയിച്ചു.

ഇതിനിടെ മലങ്കര പള്ളിയോഗത്തിന്റെ തിരഞ്ഞെടുപ്പു കൂടാതെ പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ അന്ത്യോഖ്യായിൽ പോയി. മാർ ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസിൽനിന്നും മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാഭിഷിക്തനായി എന്ന് അവകാശപ്പെട്ടുകൊണ്ട് 1843-ൽ അദ്ദേഹം മടങ്ങിയെത്തി. അദ്ദേഹവും, പിന്നാലെ 1846-ൽ മലങ്കരയിൽ വന്നെത്തിയ അന്ത്യോഖ്യൻ മെത്രാൻ യൂയാക്കിം മാർ കൂറിലോസും മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിനു അവകാശവാദം ഉന്നയിച്ചു. ഈ അവകാശവാദങ്ങൾ പരിഗണിച്ച കൊല്ലം പഞ്ചായത്തു കോടതി 1848-ൽ വിധി പ്രസ്താവിച്ചു. മലങ്കരമെത്രാൻ ഒരു മലങ്കര ദേശീയനായിരിക്കണം എന്ന കാരണത്താൽ മാർ അത്താനാസ്യോസിന്റെ വാദം അംഗീകരിച്ചു. തുടർന്ന് ചേപ്പാട്ടു മാർ ദീവന്നാസ്യോസ് സഭാഭരണത്തിൽ നിന്നു വിരമിച്ച് ചേപ്പാട്ടു പള്ളിയിൽ താമസമാക്കി. 1855 ഒക്ടോബർ 9-ന് കാലം ചെയ്തു. ചേപ്പാട്ടു പള്ളിയിൽ കബറടക്കി.



# മാത്യൂസ് മാർ അത്താനാസ്യോസ്
## (1818–1877)

1818 മേട മാസം പത്താം തീയതി പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ സഹോദരപുത്രനായി ജനിച്ചു. മാർ ദീവന്നാസ്യോസ് നാലാമനിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. പഴയസെമിനാരിയിലും തുടർന്ന് മദ്രാസിലെ കോറീസ് ഗ്രാമർ സ്കൂളിലും പഠിച്ചു. തുടർന്ന് സ്വന്ത ഇഷ്ട പ്രകാരം മെസപ്പെട്ടോമ്യയിലേയ്ക്കു പോയി. 24–ാം വയസിൽ അന്ത്യോഖ്യയുടെ ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് 1842 ഫെബ്രുവരി 14–നു ഇദ്ദേഹത്തിന് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനം നൽകി. മൂസൽ ഇടവകയുടെ മെത്രാപ്പോലീത്തായായി കുറെനാൾ ഭരണം നടത്തി (ഇക്കാര്യങ്ങൾ അദ്ദേഹം അവകാശപ്പെട്ടവയാണ്. ഇവയുടെ നിജസ്ഥിതിയെപ്പറ്റി ചരിത്രകാരന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായമാണുള്ളത്).

1843 മെയ് മാസത്തിൽ മലങ്കരയിൽ എത്തി. മലങ്കരസഭ നിരാകരിച്ച പ്രൊട്ടസ്റ്റന്റ് നവീകരണം നടപ്പാക്കാൻ ഒരു മെത്രാപ്പോലീത്താ സ്വന്തമായി ഉണ്ടാകണം എന്ന തന്റെ ആഗ്രഹം മാർ അത്താനാസ്യോസിലൂടെ സഫലീകരിക്കുമെന്ന് അബ്രഹാം മല്പാൻ പ്രതീക്ഷിച്ചു. പക്ഷേ അദ്ദേഹത്തിന്റെ ഇംഗിതത്തിനെതിരായി മാർ അത്താനാസ്യോസ് മലങ്കര

മെത്രാൻ സ്ഥാനത്തിനു അവകാശവാദം ഉന്നയിച്ചു. മാർ അത്താനാസ്യോസിന്റെ സ്ഥാത്തിക്കോൻ വായിച്ചു കേൾക്കുവാൻ 1844-ൽ ദീവന്നാസ്യോസ് നാലാമൻ കണ്ടനാട്ട് ഒരു മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടി. എന്നാൽ സ്ഥാത്തിക്കോൻ യോഗം അംഗീകരിച്ചില്ല. ഒരു മാസത്തിനു ശേഷം മാർ അത്താനാസ്യോസിന്റെ അനുയായികൾ കല്ലുങ്കത്രപള്ളിയിൽ ഒരു യോഗം കൂടുകയും, ജനങ്ങളുടെ പിൻബലം ഇദ്ദേഹത്തിനുണ്ടെന്നു കാണിക്കുന്ന ഒരു പടിയോല ഉണ്ടാക്കുകയും ചെയ്തു. ഈ പടിയോലയുടെ പിൻബലത്തോടെ രാജകീയ വിളംബരം തനിക്ക് അനുകൂലമായി ലഭിക്കുവാൻ ഇദ്ദേഹം പരിശ്രമിച്ചെങ്കിലും ആ ശ്രമം വിജയിച്ചില്ല. ഇതിനിടയിൽ യൂയാക്കിം മാർ കൂറിലോസ് എന്ന അന്ത്യോഖ്യൻ മെത്രാപ്പോലീത്താ മലങ്കരയിലെത്തി. ഇരുവരും മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിനു അവകാശവാദം ഉന്നയിച്ചു. ഈ അവകാശവാദങ്ങൾ പരിഗണിച്ച കൊല്ലം പഞ്ചായത്തു കോടതി 1848-ൽ മലങ്കര മെത്രാൻ ഒരു മലബാർ ദേശീയനായിരിക്കണം എന്ന കാരണത്താൽ മാർ അത്താനാസ്യോസിന്റെ വാദം അംഗീകരിച്ചു. അതിനെത്തുടർന്ന് 1852-ൽ രാജകീയ വിളംബരം മാർ അത്താനാസ്യോസിന് അനുകൂലമായി ലഭിക്കുകയും, അദ്ദേഹം നിയമാനുസൃത മലങ്കര മെത്രാപ്പോലീത്താ ആയിത്തീരുകയും ചെയ്തു. തികഞ്ഞ ജാത്യാഭിമാനി ആയിരുന്ന ഇദ്ദേഹം ഒരു മെത്രാപ്പോലീത്തായുടെ ആത്മിക പ്രവർത്തനങ്ങൾക്കുപരിയായി ഒരു ഭരണാധിപന്റെ മേധാശക്തി പ്രദർശിപ്പിച്ചിരുന്നു. അനിതരസാധാരണമായ കഴിവുകൾ ഉണ്ടായിരുന്ന ഊർജ്ജസ്വലനായ ഇദ്ദേഹം മലങ്കര നസ്രാണികളുടെ ചരിത്രത്തിലെ പ്രഭാപൂർണ്ണരായ നായകന്മാരിൽ ഒരാളായിരുന്നു. 1868-ൽ തന്റെ പിൻഗാമിയായി, തിരഞ്ഞെടുപ്പു കൂടാതെ ഏകപക്ഷീയമായി സ്വപിതൃസഹോദര പുത്രനായ തോമസ് മാർ അത്താനാസ്യോസിനെ വാഴിച്ചു. 1869-ൽ വട്ടിപ്പണത്തിന്റെ 35 വർഷത്തെ പലിശ ഒരുമിച്ചു വാങ്ങി. 1877 ജൂലൈ 16-ന് കാലം ചെയ്തു. ഇപ്പോൾ മാർത്തോമ്മാ സഭയുടെ കൈവശമിരിക്കുന്ന മാരാമൺ പള്ളിയിൽ കബറടക്കി.

അദ്ദേഹത്തിന്റെ കാലത്തു പ്രസിദ്ധപ്പെടുത്തിയ ആരാധനക്രമങ്ങളുടെ പഠനത്തിൽ നിന്നും മെത്രാപ്പോലീത്താ നവീകരണ ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നതായി ആധുനിക സഭാചരിത്ര ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ മലങ്കര മെത്രാപ്പോലീത്താമാരുടെ പട്ടികയിൽ അദ്ദേഹത്തെ ഉൾപ്പെടുത്തുന്നതിനെയും അവർ ചോദ്യം ചെയ്യുന്നു.



# മാർ ദീവന്നാസ്യോസ് അഞ്ചാമൻ
## (1833 - 1909)

കുന്നംകുളം പുലിക്കോട്ടിൽ താരു കുര്യന്റെയും താണ്ടമ്മയുടെയും മകനായി 1833 ഡിസംബർ 7-ന് ഇട്ടൂപ്പ് ജനിച്ചു. മാമോദീസാ നാമം ജോസഫ്. 1845-ൽ കോതമംഗലം ചെറിയപള്ളിയിൽ വച്ച് ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നാലാമനിൽ നിന്ന് ശെമ്മാശുപട്ടവും 1849-ൽ ആർത്താറ്റു പള്ളിയിൽ വച്ച് സ്തേഫാനോസ് മാർ അത്താനാസ്യോസിൽ നിന്ന് പൂർണ്ണ ശെമ്മാശുപട്ടവും, 1853 ഓഗസ്റ്റ് 18-ന് ചാലിശ്ശേരി പള്ളിയിൽ വച്ച് യൂയാക്കീം മാർ കൂറിലോസിൽ നിന്ന് കശ്ശീശാപട്ടവും, 1865 ഏപ്രിൽ 30-ന് ആമീദിൽ (ഡയർബക്കർ) വച്ച് മാർ യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസിൽ നിന്നും മാർ ദീവന്നാസ്യോസ് അഞ്ചാമൻ എന്ന പേരിൽ മേല്പട്ടസ്ഥാനവും സ്വീകരിച്ചു. പാലക്കുന്നത്ത് അബ്രഹാം മല്പാന്റെയും മറ്റും സ്വാധീനത്തിൽ മലങ്കരസഭയിൽ നടപ്പാക്കുവാൻ ശ്രമിച്ച നവീനോപദേശങ്ങളും ആചാരങ്ങളും പ്രതിരോധിക്കുന്നതിൽ മാർ മാത്യൂസ് അത്താനാസ്യോസ് പരാജയപ്പെട്ടപ്പോൾ ദൈവം ഉയർത്തിയ വിശ്വാസ സംരക്ഷകനാണ് മാർ ദീവന്നാസ്യോസ്. കോട്ടയം എം.ഡി സെമിനാരിയും പരുമല സെമിനാരിയും വടക്കും തെക്കുമുള്ള പല പള്ളികളും അനേകം സ്കൂളുകളും മെത്രാപ്പോലീത്താ മുൻകൈ എടുത്ത് സ്ഥാപിച്ചി


ട്ടുള്ളതാണ്. പാലക്കുന്നത്തു മെത്രാൻ, നവീകരിച്ച നമസ്കാര പുസ്തകവും കുർബ്ബാനാക്രമവും അച്ചടിച്ചു പ്രസിദ്ധീകരിച്ചപ്പോൾ മാർ ദീവന്നാസ്യോസ് ഓർത്തഡോക്സ് സഭയുടെ ശരിയായിട്ടുള്ള ക്രമം പതിനൊന്ന് പതിപ്പുകളോളം പ്രസിദ്ധീകരിച്ചു. നിധിയിരിക്കൽ മാണിക്കത്തനാരുമായി സഹകരിച്ച് നസ്രാണി ജാത്യൈക്യസംഘം സ്ഥാപിച്ചു. ''ഇടവകപത്രിക'' എന്നൊരു മാസിക നടത്തി. ''കേരളപത്രിക'' എന്ന പേരിൽ ഒരു വൃത്താന്തപത്രം നടത്തി. 1870-ൽ കൊച്ചിയിൽ ''സെന്റ് തോമസ്'' പ്രസ് ആരംഭിച്ചു. 1876-ൽ ''മുളന്തുരുത്തി സുന്നഹദോസ്'' ചേരുകയും ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ പാസാക്കിയെടുക്കുകയും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മാനേജിംഗ് കമ്മിറ്റി എന്നിവയ്ക്ക് രൂപംകൊടുക്കുകയും ചെയ്തു.

1876-ൽ അസോസ്യേഷൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും 1877-ൽ മാർ മാത്യൂസ് അത്താനാസ്യോസ് കാലം ചെയ്യുകയും ചെയ്തതിനെത്തുടർന്ന് സെമിനാരിയും ഇതര സഭാ സ്വത്തുക്കളും വിട്ടുകിട്ടുന്നതിന് കേസ് ഫയൽ ചെയ്തു. ''സെമിനാരിക്കേസ്'' എന്നറിയപ്പെടുന്ന ഈ വ്യവഹാരത്തിൽ തിരുവിതാംകൂർ റോയൽ കോടതി വിധിയിലൂടെ മാർ ദീവന്നാസ്യോസ് അന്തിമ വിജയം നേടി. സഭാ സ്വത്തുക്കൾ നടത്തിയെടുത്തു.

1875-77 കാലത്ത് മലങ്കര സന്ദർശിച്ച അന്ത്യോഖ്യയുടെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് അപ്പോഴും പിൽക്കാലത്തും ആവർത്തിച്ചാവശ്യപ്പെട്ടിട്ടും വിധേയത്വത്തിന്റെ രജിസ്റ്റർ ഉടമ്പടി നല്കാൻ വിസമ്മതിച്ചു. തന്നെ ദുർബലപ്പെടുത്താൻ അദ്ദേഹം വാഴിച്ച മറ്റു ആറ് മെത്രാന്മാരെ തന്റെ സഹായികളാക്കുന്നതിൽ മാർ ദീവന്നാസ്യോസ് വിജയിച്ചു.

പത്രപ്രവർത്തനം മുതൽ കായൽകൃഷി വരെ സമസ്ത മേഖലകളിലും മുന്നിട്ടിറങ്ങിയ മാർ ദീവന്നാസ്യോസ് അഞ്ചാമനാണ് ആധുനിക മലങ്കരസഭയ്ക്ക് അത്മീയമായും ലൗകികമായും അടിസ്ഥാനമിട്ടത്.

തന്റെ ജീവിതകാലത്തുതന്നെ പിൻഗാമിയെ തിരഞ്ഞെടുത്തു വാഴിക്കുന്നതിൽ വിജയിച്ച ആ ധന്യജീവിതം 1909 ജൂലെ 11-ന് കോട്ടയം ചെറിയപള്ളിയിൽ വെച്ച് അവസാനിച്ചു. പഴയസെമിനാരി ചാപ്പലിൽ ജൂലൈ 12-ന് അദ്ദേഹം കബറടക്കപ്പെട്ടു.



# പ. ദീവന്നാസ്യോസ് ആറാമൻ
## (പ. വട്ടശ്ശേരിൽ തിരുമേനി)
## (1858-1934)

മല്ലപ്പള്ളി വട്ടശ്ശേരിൽ ജോസഫിന്റെയും ഏലിയാമ്മയുടേയും പുത്രനായി 1858 ഒക്ടോബർ 31-ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മല്ലപ്പള്ളിയിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം കോട്ടയം സി.എം.എസ്. ഹൈസ്ക്കൂളിലും നടത്തി. 1876 ഒക്ടോബർ 12-ന് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മ്സമ്രോനോ സ്ഥാനം നൽകി.

സഭാചരിത്രം, സുറിയാനി, വിശ്വാസസംഹിതകൾ എന്നിവ അഭ്യസിക്കുന്നതിനായി പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ വെട്ടിക്കൽ ദയറായിലും പരുമല സെമിനാരിയിലും താമസിച്ചു. 1879 ഒക്ടോബർ 16-ന് പൂർണ്ണ ശെമ്മാശുപട്ടവും 1880 ജനുവരി 18-ന് കശ്ശീശ്ശാപ്പട്ടവും പ. പരുമല തിരുമേനിയിൽ നിന്നും സ്വീകരിച്ചു. തുടർന്ന് പരുമല സെമിനാരിയിൽ ശെമ്മാശ്ശന്മാരെ പഠിപ്പിക്കുന്നതിനായി നിയമിതനായി. നവീകരണപ്രസ്ഥാനത്തിന്റെ ആക്രമണത്തെ തടഞ്ഞു നിർത്തി സമുദായാംഗങ്ങളിൽ മതവിശ്വാസത്തിന്റെ അറിവ് വർദ്ധിപ്പിക്കുന്നതിനായി പ. പരുമല തിരുമേനിയോടൊപ്പം വളരെക്കാലം

പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ അംഗീകാരമായി 1892-ൽ അദ്ദേഹത്തിനു 'മലങ്കര മല്പാൻ' സ്ഥാനം നൽകി സഭ ആദരിച്ചു. കോനാട്ടു കുടുംബത്തിനു പുറത്ത് ഈ സ്ഥാനം ലഭിക്കുന്ന പ്രഥമ വ്യക്തിയാണ് ഇദ്ദേഹം. എം.ഡി. സെമിനാരി പ്രിൻസിപ്പാളായും പഴയ സെമിനാരി മല്പാനായും സേവനം അനുഷ്ഠിച്ചുവന്ന ഇദ്ദേഹത്തിന് 1903 നവംബർ 2-ന് പരുമല സെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമൻ മെത്രാപ്പോലീത്താ റമ്പാൻസ്ഥാനം നൽകി.

1908 ഫെബ്രുവരി 14-ന് പഴയസെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ ഇദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായി തിരഞ്ഞെടുത്തു. 1908 മെയ് 31-ന് യറുശലേമിൽ വച്ച് പ. അബ്ദുള്ളാ പാത്രിയർക്കീസ്, ഗീവർഗീസ് മാർ ദീവന്നാസിയോസ് ആറാമൻ എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു. 1909 ജൂലൈ 12-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് കാലം ചെയ്തതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്തായായി വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് അവരോധിക്കപ്പെട്ടു. 1912 സെപ്റ്റംബർ 15-നു നിരണത്തു നടന്ന കാതോലിക്കേറ്റ് സ്ഥാപനത്തിനു പിന്നിൽ സുധീരമായ നേതൃത്വം വഹിച്ചു.


വിദ്യാർത്ഥി പ്രസ്ഥാനം, വനിതാസമാജം, സ്ലീബാദാ സമൂഹം, ദയറാ പ്രസ്ഥാനം തുടങ്ങിയ ആദ്ധ്യാത്മിക സംഘടനകൾക്ക് രൂപംനൽകിയ ഇദ്ദേഹത്തിന് ആരാധനാക്രമങ്ങൾ മലയാളത്തിലേയ്ക്ക് ഭാഷാന്തരം നടത്തുന്നതിനും കഴിഞ്ഞു. സഭയുടെ വിശ്വാസാചാരങ്ങളെക്കുറിച്ച് മലയാളത്തിൽ ആധികാരികമായി ഇദംപ്രഥമമായി ഇദ്ദേഹം പ്രസിദ്ധീകരിച്ച 'മതോപദേശസാരം' എന്ന ഗ്രന്ഥം സഭയ്ക്കെന്നും വിലപ്പെട്ട ഒരു അമൂല്യ ഗ്രന്ഥമാണ്.

അഗാധമായ ബുദ്ധിനിപുണത, ഭക്തിനിർഭരമായ ആദ്ധ്യാത്മിക ജീവിതം, വേദശാസ്ത്ര പാണ്ഡിത്യം, ഭരണതന്ത്രജ്ഞത തുടങ്ങിയ വിശിഷ്ട ഗുണങ്ങൾ കൊണ്ട് അനന്യസാധാരണമായ വ്യക്തിമാഹാത്മ്യത്തിന്റെ ഉടമയായ മാർ ദീവന്നാസ്യോസ് ആറാമൻ കാതോലിക്കാ സിംഹാസനത്തിന്റെ സ്വാതന്ത്ര്യത്തിനും, വളർച്ചയ്ക്കുമായി അക്ഷീണം പരിശ്രമിച്ചു. സഭയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ നിത്യഭാസുരമായ സുവർണ്ണകാലഘട്ടത്തിന് രൂപംകൊടുത്ത് സഭയുടെ അടിസ്ഥാനവിശ്വാസത്തിൽ അചഞ്ചലമായ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് ഒരു പുരുഷായുസ്സു മുഴുവൻ ജീവനെപ്പോലും പണയം വച്ചുകൊണ്ട് പ്രതികൂലസാഹചര്യങ്ങളെ നിർഭയം അഭിമുഖീകരിച്ചു കാതോലിക്കാ സിംഹാസനത്തിനുവേണ്ടി അടരാടി വിജയശ്രീലാളിതനായ വട്ടശ്ശേരിൽ ഗീവർ

ഗീസ് മാർ ദീവന്നാസിയോസ് ജീവിതകാലത്തു തന്നെ മലങ്കരസഭാ ഭാസുരൻ ആയി അറിയപ്പെട്ടു തുടങ്ങി. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, മഹാകവി വള്ളത്തോൾ നാരായണ മേനോൻ എന്നിവരാണ് 'മലങ്കര സഭാഭാസുരൻ' എന്ന വിശേഷണം രൂപപ്പെടുത്തിയത്.

1909 മുതൽ 1934 വരെ മലങ്കര മെത്രാപ്പൊലീത്തായായി ഭരണം നടത്തിയ ഇദ്ദേഹം 1934 ഫെബ്രുവരി 23-ന് കാലം ചെയ്തു. മൃതദേഹം കോട്ടയം പഴയസെമിനാരി ചാപ്പലിന്റെ തെക്കുവശത്ത് കബറടക്കി. 2003 ഫെബ്രുവരി 23-ന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചു. ഫെബ്രുവരി 23-ന് വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നു.

# പരിശുദ്ധ ബസേലിയോസ് കാതോലിക്കാമാർ



# പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ (1836-1913)

കോലഞ്ചേരി മുറിമറ്റത്തിൽ കുര്യന്റേയും മറിയാമ്മയുടേയും മകനായി 1836 ജനുവരി 19-ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസാനന്തരം പാമ്പാക്കുട യോഹന്നാൻ മല്പാന്റെ ശിക്ഷണത്തിൽ സുറിയാനി ഭാഷയിലും വേദ ശാസ്ത്രത്തിലും നൈപുണ്യം നേടി. സിറിയായിൽ നിന്ന് മലങ്കരയിൽ എത്തിയ മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് സുറിയാനി യിലും വേദശാസ്ത്രത്തിലും കൂടുതൽ വൈദഗ്ധ്യം നേടി.

1843-ൽ യൂയാക്കിം മാർ കൂറിലോസിൽ നിന്ന് ശെമ്മാശുപട്ടവും 1852-ൽ കശ്ശീശ്ശാപട്ടവും സ്വീകരിച്ചു. തുടർന്ന് കോലഞ്ചേരിപള്ളി വികാ രിയായി ദീർഘകാലം സേവനമനുഷ്ഠിച്ചു. 1877 മെയ് 17-ന് പത്രോസ് പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ കുന്നംകുളം ചിറളയം പള്ളിയിൽ വച്ച് പൗലോസ് മാർ ഈവാനിയോസ് എന്ന നാമധേയത്തിൽ കണ്ട നാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു. മാമ്മലശ്ശേരി മാർ മീഖായേൽ പള്ളിയിൽ വച്ച് സുന്ത്രോണിസോ നൽകി.

മുപ്പതുവർഷം കണ്ടനാട് ഭദ്രാസനാധിപനായിരുന്നു ഭദ്രാസനത്തിന്റെ


ബഹുമുഖമായ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ കാലത്താണ് ഭദ്രാസനാസ്ഥാനം മുവാറ്റുപുഴയിൽ സ്ഥാപിച്ചത്.

അബ്ദേദ് മശിഹാ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ പരുമല സെമിനാരിയിൽ കൂടിയ സുന്നഹദോസ് കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തു. അതിൻപ്രകാരം 1912 സെപ്റ്റംബർ 15-ന് പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ്, വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തിൽ ഇദ്ദേഹത്തെ വി. മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്റെ കാതോലിക്കായായി മാർ ബസ്സേലിയോസ് എന്ന നാമധേയത്തിൽ അവരോധിച്ചു.

നിഷ്കളങ്കമായ ദൈവഭക്തി, മതാചാരങ്ങളിലുള്ള നിഷ്ഠ, വിനയം, സ്വഭാവനൈർമ്മല്യം എന്നിവകൊണ്ട് ധന്യമായ ജീവിതം നയിച്ച ഇദ്ദേഹം ഗീവർഗീസ് മാർ പീലക്സീനോസ്, യൂയാക്കീം മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാരെ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വച്ച് വാഴിച്ചപ്പോൾ, പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

സഭയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനും സഭാവിശ്വാസ പരിപാലനത്തിനുമായി അജഗണങ്ങളെ നയിച്ച ഇദ്ദേഹം മെത്രാപ്പോലീത്തായായിരുന്നപ്പോൾ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കന്തീലാശുശ്രൂഷയ്ക്കും കബറടക്ക ശുശ്രൂഷയ്ക്കും പ്രധാന കാർമ്മികത്വം വഹിച്ചു.

മലങ്കരസഭയിലെ പ്രഥമ കാതോലിക്കായായ ഇദ്ദേഹം 1913 മെയ് 3-ന് കാലം ചെയ്തു. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ്, യൂയാക്കീം മാർ ഈവാനിയോസ്, കല്ലാശ്ശേരിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പിന്നീട് കാതോലിക്കാ) എന്നീ മെത്രാപ്പോലീത്താമാരുടെ കാർമ്മികത്വത്തിൽ പാമ്പാക്കുട ചെറിയപള്ളിയിൽ ഭൗതികദേഹം കബറടക്കി. മെയ് 3-ന് പാമ്പാക്കുട ചെറിയപള്ളിയിൽ പ. ബാവായുടെ ഓർമ്മപ്പെരുന്നാൾ ഭക്തിപുരസ്സരം ആഘോഷിക്കുന്നു.



# പ. ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവാ (1869-1928)

വാകത്താനം കാരുചിറ പൗലോസിന്റെ രണ്ടാമത്തെ പുത്രനായി 1869 ധനു 29-നു ജനിച്ചു. എഴുത്തും വായനയും സ്വപിതാവിൽ നിന്നഭ്യസിച്ച തിനു ശേഷം കോട്ടയം വയസ്ക്കര കുന്നിൽ പ്രൈമറി വിദ്യാഭ്യാസം നടത്തി. കളപ്പുരയ്ക്കൽ പൗലോസ് കത്തനാരിൽ നിന്ന് സുറിയാനി ഭാഷയും വ്യാകരണവും അഭ്യസിച്ചു. 1885-ൽ പഴയസെമിനാരിയിൽ ചേർന്ന് വട്ടശ്ശേരിൽ മല്പാന്റെയും കോനാട്ട് മല്പാന്റെയും ശിക്ഷണ ത്തിൽ വൈദികാഭ്യസനം പൂർത്തിയാക്കി.

1885 ജൂലൈ 16-നു കോറൂയോപട്ടവും 1889-ൽ ശെമ്മാശുപട്ടവും 1897-ൽ കശ്ശീശാ പട്ടവും അടുത്തദിവസം റമ്പാൻ സ്ഥാനവും, കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്നും സ്വീകരിച്ചു. കടവിൽ പൗലോസ് മാർ അത്താനാസിയോസിനോടൊപ്പം ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ താമസിച്ച ഇദ്ദേഹം 1908 മുതൽ 1910 വരെ സെമിനാരി മാനേജരായി സേവനം അനുഷ്ഠിച്ചു.

പ. അബ്ദേദ് മശിഹാ പാത്രിയർക്കീസും പ. കാതോലിക്കാ ബാവായും ചേർന്ന് 1913 ജനുവരിയിൽ, ഗീവർഗീസ് മാർ പീലക്സീനോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. തുടർന്ന് കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ അധിപനായി നിയമിതനായി. ഒരു പാത്രിയർക്കീസും ഒരു കാതോലിക്കായും ചേർന്ന് ഇദംപ്രഥമമായി മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട ഇദ്ദേഹം വള്ളിക്കാട്ടു ദയറാ ആസ്ഥാനമാക്കി ഭരണം നടത്തി.

പുതുശ്ശേരി എം.ജി.ഡി. സ്കൂൾ, വാകത്താനം എൽ.പി.ബി. സ്കൂൾ, ഇത്തിത്താനം സെന്റ് ജോൺസ് സ്കൂൾ മുതലായവ ആരംഭിക്കുന്നതിനും വള്ളിക്കാട്ടു ദയറായുടേയും ചാപ്പലിന്റേയും അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും, ദയറായ്ക്കു ചുറ്റുമുള്ള ആറര ഏക്കർ സ്ഥലം, ഭദ്രാസനത്തിൽ നിന്നും ശേഖരിച്ച പണം കൊണ്ട് വാങ്ങുന്നതിനും ഇദ്ദേഹം നേതൃത്വം നൽകി.

പ. ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗത്തെ തുടർന്ന് ഇദ്ദേഹത്തിന്റെ പേര് കാതോലിക്കാ സ്ഥാനത്തേയ്ക്ക് നിർദ്ദേശിച്ചെങ്കിലും ആ സ്ഥാനം ഏറ്റെടുക്കുവാൻ വിസമ്മതിച്ചു. എന്നാൽ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് പേര് എഴുതി ചീട്ടിട്ടപ്പോൾ ഇദ്ദേഹത്തിന് ചീട്ടു വീഴുകയും ദൈവനിശ്ചയം എന്നു കരുതി ആ സ്ഥാനം സ്വീകരിക്കുകയും ചെയ്തു. 1925 മെയ് 1-നു നിരണത്തു വച്ചു കൂടിയ മലങ്കര അസ്സോസിയേഷൻ അദ്ദേഹത്തെ കാതോലിക്കാ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. തുടർന്ന് പ. സുന്നഹദോസ് മലങ്കരസഭയുടെ കാതോലിക്കായായി അവരോധിച്ചു.

1925 മെയ് 3-ന് ബഥനിയുടെ പി. ടി. ഗീവർഗീസ് റമ്പാനെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായായി വാഴിച്ചു. പ്രാർത്ഥനയാലും ഉപവാസത്താലും നേടി എടുത്ത ആത്മീയ ശക്തി കൊണ്ട് മലങ്കരസഭയെ നയിച്ച ഇദ്ദേഹം 1928 ഡിസംബർ 17-നു നെയ്യൂർ ആശുപത്രിയിൽ വച്ച് കാലം ചെയ്തു. ഭൗതികദേഹം നെയ്യൂരിൽ നിന്ന് തിരുവിതാംകോടും തിരുവനന്തപുരത്തും പൊതുദർശനത്തിനു വച്ച ശേഷം വാകത്താനത്തേയ്ക്ക് കൊണ്ടുവരികയും മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസിന്റെ പ്രധാന കാർമ്മികത്വത്തിൽ വള്ളിക്കാട്ടു ദയറാ ചാപ്പലിന്റെ വടക്കുവശത്ത് കബറടക്കുകയും ചെയ്തു. ഡിസംബർ 17-ന് വള്ളിക്കാട്ട് ദയറായിൽ പ. ബാവായുടെ ഓർമ്മ ഭക്തിപുരസ്സരം ആഘോഷിക്കുന്നു. കാതോലിക്കാ ബാവാമാരുടെ സ്ഥാന ചിഹ്നങ്ങളിൽ ഭൂരിഭാഗവും ഇദ്ദേഹം രൂപകൽപ്പന ചെയ്തതാണ്.



# പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (1874-1964)

കോട്ടയത്തിനടുത്ത് കുറിച്ചി കല്ലാശ്ശേരി കുടുംബത്തിൽ ഉലഹന്നാന്റെയും ആച്ചിയമ്മയുടേയും മകനായി 1874 ജൂൺ 16-ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസാനന്തരം പരുമല സെമിനാരിയിൽ പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടേയും വട്ടശ്ശേരിൽ ഗീവർഗീസ് മല്പാന്റെയും ശിക്ഷണത്തിൽ സുറിയാനിയിലും വേദശാസ്ത്രത്തിലും അഭ്യസനം നേടി. സി.എം.എസ്. ഹൈസ്കൂൾ, എം.ഡി. സെമിനാരി എന്നിവിടങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും പഴയസെമിനാരിയിൽ വൈദിക പരിശീലനവും പൂർത്തിയാക്കി.

1852 മെയ് 24-ന് കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശുപട്ടവും 1898 നവംബർ 26-ന് പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശ്ശാപട്ടവും നവംബർ 29-ന് റമ്പാൻ സ്ഥാനവും സ്വീകരിച്ചു. പരുമല തിരുമേനിയുടെ കല്പനപ്രകാരം കടമ്പനാട് പള്ളിയിൽ താമസിച്ച് തെക്കൻ ഭദ്രാസനങ്ങളുടെ ചുമതല വഹിച്ചു. പഴയസെമിനാരി മാനേജരായും സെമിനാരി

മല്പാനായും പ്രവർത്തിച്ചു. ഗ്രന്ഥപാരായണത്തിലും പുസ്തകരചന യിലും വ്യപൃതനായിരുന്നു. സഹദേന്മാരുടെ ചരിത്രം, രഹസ്യപ്രാർത്ഥന കൾ, പറുദൈസാ, മാർ യൂഹാനോൻ മാംദാനായുടെ ചരിത്രം തുടങ്ങി ഒമ്പതു ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധീക രിച്ചു.

1912 സെപ്റ്റംബർ 10-ന് പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് പരു മല സെമിനാരിയിൽ വച്ച് അദ്ദേഹത്തെ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. തുമ്പമൺ, നിരണം, കൊല്ലം എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായി നിയമിത നായി. മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാ സിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ 1929 ഫെബ്രു വരി 15-ന് കിഴക്കിന്റെ കാതോലിക്കായായി വാഴിച്ചു. 1934 ഡിസംബർ 28-ന് കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസ്സോസി യേഷൻ പ. ബാവായെ മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെ ടുത്തു. ഈ അസ്സോസിയേഷനിൽ വച്ച് ഇപ്പോൾ നിലവിലിരിക്കുന്ന ഭര ണഘടന അംഗീകരിച്ചു.

പ്രശ്നസങ്കീർണ്ണമായ കാലഘട്ടത്തിൽ, ദൈവത്തിൽ നിന്നാർജ്ജിച്ച ശക്തികൊണ്ട് മലങ്കരസഭയെ സധൈര്യം നയിച്ച് സഭയുടെ ബഹുമുഖ മായ വളർച്ചയ്ക്കും നവോത്ഥാനത്തിനുമായി 30 വർഷം സുധീര നേതൃത്വം നൽകി. 1908-ൽ യെറുശലേമിലും 1934-ൽ സിറിയായിലും സന്ദർശനം നടത്തി. 1934-ൽ സഭാസമാധാനത്തിന്റെ ആലോചനകൾ ക്കായി സിറിയായിലെത്തിയ അദ്ദേഹം അപ്രേം പാത്രിയർക്കീസിനെ സന്ദർശിച്ചു സംഭാഷണം നടത്തി. 1937-ൽ എഡിൻബറോയിൽ വച്ചു നടന്ന അഖിലലോക സഭാകൗൺസിലിൽ പങ്കെടുക്കുകയും മടക്കയാത്ര യിൽ ഈജിപ്തിൽ എത്തി അലക്സന്ത്രിയാ പാത്രിയർക്കീസിനേയും, യൂഗോസ്ലാവിയായിലെ സേർബിയൻ പാത്രിയർക്കീസിനേയും സന്ദർ ശിച്ചു. അദ്ദേഹത്തിന്റെ കാലത്ത് എത്യോപ്യൻ പാത്രിയർക്കീസ് ഹെയ്ലി സെലാസി, സൈപ്രസ് പാത്രിയർക്കീസ് മക്കാറിയോസ്, അർമ്മീനിയൻ പാത്രിയർക്കീസ് വസ്ക്കൻ തുടങ്ങിയ വിദേശ സഭാമേലദ്ധ്യക്ഷന്മാർ മല ങ്കരസഭ സന്ദർശിച്ചു.

സഭയിലുണ്ടായിരുന്ന ആഭ്യന്തരവും ബാഹ്യവുമായ അസ്വസ്ഥത കളെ സമചിത്തതയോടെ നേരിട്ട് വിശ്വാസം പരിരക്ഷിച്ചു. "സമുദായ കേസിലുണ്ടായ പരാജയം വിജയത്തിന്റെ മുന്നോടിയാണ്. എന്തൊക്കെ അഗ്നിപരീക്ഷണങ്ങൾ നേരിട്ടാലും മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിൻകീഴ് ഞങ്ങളും ഞങ്ങളുടെ

സന്തതിപരമ്പരകളും ലോകാവസാനത്തോളം ഭക്തിപൂർവ്വം നിലകൊള്ളുന്നതാണെന്ന് ദൈവതിരുമുമ്പാകെ പ്രതിജ്ഞ ചെയ്യുന്നു" എന്ന് കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന മഹാസമ്മേളനത്തിൽ വച്ച് പതിനായിരക്കണക്കിനാളുകളോടൊപ്പം പ്രഖ്യാപിച്ചു.

പന്ത്രണ്ടു മെത്രാപ്പോലീത്തന്മാരെ വാഴിക്കുകയും ആയിരത്തിൽപ്പരം പട്ടക്കാർക്കും ശെമ്മാശന്മാർക്കും പട്ടം നൽകുകയും ചെയ്ത ഇദ്ദേഹം അനവധി പള്ളികൾ സ്ഥാപിച്ച് കൂദാശ നടത്തി. 1931-ലും 1950-ലും വി. മൂറോൻ കൂദാശ പഴയസെമിനാരിയിൽ വച്ച് നടത്തി. 1947 നവംബർ 2-ന് പരുമല മാർ ഗ്രീഗോറിയോസിനേയും യൽദോ മാർ ബസ്സേലിയോസിനേയും പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. മലങ്കരസഭാ ചരിത്രത്തിൽ പ്രോജ്ജ്വലിച്ചിരുന്ന ക്രാന്തദർശിയായിരുന്ന ഇദ്ദേഹം 1964 ജനുവരി 3-ന് ദേവലോകം അരമനയിൽ വച്ച് കാലം ചെയ്തു. ഭൗതികദേഹം ദേവലോകം അരമനചാപ്പലിനു സമീപമുള്ള കബറിടത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഓർമ്മപ്പെരുന്നാൾ: ജനുവരി 3.



# പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്ക ബാവാ (1884-1975)

പെരുമ്പാവൂർ വെങ്ങോല ചേട്ടാകുളത്തുംകരയിൽ അബ്രഹാം കത്തനാരുടെ പുത്രനായി 1884 ജൂൺ 26-ന് ജനിച്ചു. മാതാവ് അന്നമ്മ അബ്രഹാം. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പാമ്പാക്കുട കോനാട്ട് മാത്തൻ മല്പാന്റെ ശിഷ്യത്വം സ്വീകരിച്ച് സുറിയാനി പഠനം ആരംഭിച്ചു. എം.ഡി. സെമിനാരിയിൽ നിന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസവും സിറിയയിൽ സുറിയാനിയിൽ ഉപരിപഠനവും നടത്തി.

കടവിൽ പൗലോസ് മാർ അത്താനാസിയോസിൽ നിന്ന് ശെമ്മാശുപട്ടവും 1908-ൽ യറുശലേമിൽ വച്ച് ഔഗേൻ എന്ന നാമധേയത്തിൽ റമ്പാൻ സ്ഥാനവും സ്വീകരിച്ചു. 1927-ൽ യറുശലേമിൽ വച്ച് ഔഗേൻ മാർ തീമോത്തിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. തുടർന്ന് കണ്ടനാട് ഭദ്രാസനത്തിന്റെ നാലാമത്തെ മെത്രാപ്പോലീത്തായായി നിയമിതനായി.

മലങ്കരസഭയിൽ സമാധാനം ഉണ്ടാകണമെന്ന് അതിയായി ആഗ്രഹിച്ച ഇദ്ദേഹം സഭയുടെ പുരോഗതിക്കും ഐക്യത്തിനും സ്വാതന്ത്ര്യത്തിനു

മായി കാതോലിക്കാ സിംഹാസനം കൂടിയേ തീരൂ എന്ന് ആത്മാർത്ഥമായി വിശ്വസിച്ച് 1942-ൽ ഓർത്തഡോക്സ് സഭയുടെ നിലപാട് അംഗീകരിച്ചു. ഓർത്തഡോക്സ് വൈദികസെമിനാരി പ്രിൻസിപ്പാൾ, കണ്ടനാട്, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ തുടങ്ങി നിരവധി സ്ഥാനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹത്തെ 1962 മെയ് 17-നു നിരണത്തുവച്ചു കൂടിയ മലങ്കര അസോസിയേഷൻ, മലങ്കര മെത്രാപ്പോലീത്തായുടേയും പ. കാതോലിക്കായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.


സുപ്രീംകോടതി വിധിയെ തുടർന്നുണ്ടായ സമാധാന പുനഃസ്ഥാപന കാലത്ത് പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കാർമ്മികത്വത്തിലും വിദേശ മേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിലും പ. സുന്നഹദോസ് 1964 മെയ് 22-ന് കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് ഇദ്ദേഹത്തെ മലങ്കരസഭയുടെ നാലാമത്തെ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്യിച്ചു.

എത്യോപ്യയിൽ നടന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭാമേലദ്ധ്യക്ഷന്മാരുടെ സമ്മേളനത്തിൽ പങ്കെടുക്കുകയും 1964 ഡിസംബറിൽ ബോംബെയിൽ വച്ച് പോൾ മാർപാപ്പായെ കണ്ട് സംഭാഷണം നടത്തുകയും ചെയ്തു. 1966 ആഗസ്റ്റ് 24-ന് കോലഞ്ചേരിയിൽ വച്ചും 1975 ഫെബ്രുവരി 16-നു നിരണത്തു വച്ചും മെത്രാൻ സ്ഥാനാഭിഷേകം നടത്തി. 1970 ഡിസംബർ 31-ന് പ. കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി മാത്യൂസ് മാർ അത്താനാസിയോസിനെ തെരഞ്ഞെടുത്തു. പ്രായാധിക്യത്തിലായിരുന്ന അദ്ദേഹം 1975 സെപ്തംബർ 24-ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം പിൻഗാമിക്ക് ഒഴിഞ്ഞു കൊടുത്തു.

മലയാളം, സുറിയാനി എന്നീ ഭാഷകളിൽ അസാമാന്യമായ വ്യുൽപ്പത്തി നേടിയ ഇദ്ദേഹം പെങ്കീസാ നമസ്കാരം, പ്രുമിയോനുകൾ, വലിയ നോമ്പിലെ നമസ്കാരത്തിന്റെ ഗദ്യപദ്യങ്ങൾ. പട്ടംകൊട ശുശ്രൂഷാക്രമങ്ങൾ, പള്ളി കൂദാശാക്രമങ്ങൾ എന്നിവ മലയാളത്തിലേക്ക് തർജ്ജിമ ചെയ്യുകയും വി. കുർബാന തക്സായിലെയും പെരുന്നാളുകളുടെയും ഹൂത്തോമാകൾ തുടങ്ങിയവ രചിക്കുകയും ചെയ്തു. ഗ്രന്ഥങ്ങൾ: വേദോപദേശസാരം, പ. സുന്നഹദോസുകൾ, മരണാനന്തരാവസ്ഥ.

പ്രാർത്ഥനാ ജീവിതം, തപോനിഷ്ഠ, വ്രതാനുഷ്ഠാനങ്ങൾ, സേവനതല്പരത, ജ്ഞാനതൃഷ്ണ, പ്രവർത്തനത്തിനുള്ള അദമ്യമായ താല്പര്യം, രചനാവൈഭവം, ദീർഘവീക്ഷണം, വിനയം എന്നീ വിശിഷ്ഠ ഗുണങ്ങളാൽ അനുഗൃഹീതനായിരുന്ന ഇദ്ദേഹം 1975 ഡിസംബർ 8-ന്

ദേവലോകം അരമനയിൽ വച്ച് കാലം ചെയ്തു. ഭൗതികദേഹം ദേവലോകം അരമനചാപ്പലിനു സമീപമുള്ള കബറിടത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഓർമ്മപ്പെരുന്നാൾ: ഡിസംബർ 8.



# പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ (1907-1996)

കോട്ടയം വട്ടക്കുന്നേൽ കുര്യൻ കത്തനാരുടേയും ഒളശ്ശ പുളിക്കപ്പറമ്പിൽ മറിയാമ്മയുടെയും ഇളയ മകനായി 1907 മാർച്ച് 27-ന് ജനിച്ചു. ചിറയിൽ അയ്യപ്പൻപിള്ളയുടെ ശിക്ഷണത്തിൽ നിലത്തെഴുത്തു പഠിച്ചു. സ്കൂൾ വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരിയിൽ നടത്തി. കോട്ടയം സി.എം.എസ്. കോളജിൽ നിന്ന് ഇന്റർമീഡിയറ്റും തിരുവനന്തപുരം മഹാരാജാസ് കോളജിൽ നിന്ന് കെമിസ്ട്രിയിൽ ബി.എ. യും കൽക്കട്ട ബിഷപ്സ് കോളജിൽ നിന്ന് ബി.ഡി. യും കരസ്ഥമാക്കി.

ചെറിയമഠത്തിൽ സ്കറിയാ മല്പാന്റെ ശിഷ്യനായി മാങ്ങാനം എബ്നേസർ ദയറായിൽ സുറിയാനി പഠനം നടത്തി. മാതാപിതാക്കളുടേയും സി. ജെ. സ്കറിയാ മൽപാന്റെയും പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും പ്രേരണയും പ്രോത്സാഹനവും അദ്ധ്യാത്മിക ജീവിതത്തെ കൂടുതൽ കരുപ്പിടിപ്പിച്ചു. ദൈവശാസ്ത്ര വിജ്ഞാനീയത്തിലും സഭാ പാരമ്പര്യ ശാസ്ത്രത്തിലും കാനോനിലും അനുപമ വ്യക്തിത്വം സ്ഥാപി

ച്ചെടുത്ത ഇദ്ദേഹം അവൈദികനായിരിക്കുമ്പോൾ 1944-ൽ സഭാ മാനേ ജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞടുക്കപ്പെട്ടു.

1945 ഓഗസ്റ്റ് 22-ാം തീയതി പഴയസെമിനാരിയിൽ വച്ച് ശെമ്മാശു പട്ടവും ആഗസ്റ്റ് 23-നു ഏലിയാ ചാപ്പലിൽ വച്ച് പൂർണ്ണശെമ്മാശു പട്ടവും 1946 ഒക്ടോബർ 27-ാം തീയതി കശ്ശീശ്ശാപട്ടവും പരിശുദ്ധ ബസ്സേലി യോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും സ്വീക രിച്ചു. തുടർന്ന് കാരാപ്പുഴ മാർ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ചാപ്പ ലിൽ 7 വർഷം വികാരിയായി സേവനമനുഷ്ഠിച്ചു.

1951 സെപ്തംബർ 21-നു പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, റമ്പാൻ സ്ഥാനം നല്കി. 1953 മെയ് 15-നു കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ മെത്രാപ്പോലീത്തായായി വാഴിച്ചു. 1960-ൽ ബാഹ്യ കേരളത്തിലെ ഏതാനും പള്ളികളുടെയും കോൺഗ്രിഗേഷനുകളുടെയും ചുമതലക്കാരനായി നിയമിച്ചു.

1970 ഡിസംബർ 31-നു കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസ്സോസിയേഷൻ ഇദ്ദേഹത്തെ പ. കാതോലിക്കാബാവായു ടേയും മലങ്കര മെത്രാപ്പോലീത്തായുടേയും പിൻഗാമിയായി ഏകകണ്ഠ മായി തെരഞ്ഞെടുത്തു. 1975 സെപ്റ്റംബർ 24-ാം തീയതി മലങ്കര മെത്രാ പ്പോലീത്തായായി. 1975 ഒക്ടോബർ 27-നു പഴയസെമിനാരിയിൽ വച്ച് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കായായി അവരോധിക്കപ്പെട്ടു.

മലങ്കരസഭാ വർക്കിംഗ് കമ്മിറ്റി ഉപാദ്ധ്യക്ഷൻ, കാതോലിക്കേറ്റ് സ്കൂൾ ബോർഡ് പ്രസിഡന്റ്, കാതോലിക്കേറ്റ് എം.ഡി. സ്കൂൾ മാനേ ജർ, എപ്പിസ്കോപ്പൽ കൗൺസിലംഗം, ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ, 1977-ൽ റഷ്യയിൽ വച്ചു നടന്ന അഖിലലോക സർവ്വ മത സമ്മേളനത്തിന്റെ രക്ഷാധികാരി, മോസ്കോയിൽ വച്ചു നടന്ന നിരാ യുധീകരണ സമ്മേളനാധ്യക്ഷൻ, 1982-ൽ നടന്ന ലോകമത സമ്മേളന ത്തിന്റെ മുഖ്യരക്ഷാധികാരി തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

ചെറുപ്രായത്തിൽത്തന്നെ ഓർത്തഡോക്സ് വിശ്വാസത്തിന്റെ വീറും വിശുദ്ധിയും സ്വാംശീകരിച്ചിരുന്ന ഇദ്ദേഹം അതു കാത്തുസൂക്ഷിക്കുന്ന തിൽ സദാ ജാഗരൂകനായിരുന്നു. അസാധാരണമായ ധിഷണാവൈഭവ ത്തോടെ പാശ്ചാത്യപൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ നിഗൂഢമേഖല കളിലേയ്ക്ക് കടന്നുചെന്ന് സ്വതന്ത്രവും മൗലികവുമായ ചിന്തകളവത രിപ്പിക്കുവാൻ കഴിഞ്ഞു. സഭയുടെ കാനോനുകൾ, വിശുദ്ധ കൂദാശകൾ എന്നിവയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ആധികാരികങ്ങളായിരുന്ന

തിനാൽ മാർത്തോമ്മാ സഭയിലെ ദാനിയേൽ കേസിലും ഓർത്ത ഡോക്സ് സഭയുടെ സമുദായ കേസുകളിലും നൽകിയ മൊഴികൾ നിയ മജ്ഞന്മാരുടെയും നീതിപാലകരുടെയും മുക്തകണ്ഠമായ പ്രശംസ നേടി. അയ്മേനിയായിരിക്കുമ്പോൾത്തന്നെ സമുദായക്കേസിൽ കാനോൻ വിദഗ്ധ സാക്ഷി എന്ന നിലയിൽ കോട്ടയം അഡീഷണൽ ഡിസ്ട്രിക്ട് കോർട്ടിൽ മൊഴികൊടുത്ത ഇദ്ദേഹത്തിന് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ഒരു സ്വർണ്ണമോതിരം സമ്മാനിച്ചു.

ആഗോളതലത്തിൽ അറിയപ്പെടുന്ന ആദ്ധ്യാത്മിക നേതാവായ ഇദ്ദേ ഹത്തിന്റെ പ്രവർത്തനങ്ങൾ കാതോലിക്കാ സിംഹാസനത്തിന്റെ അന്തസ്സും പ്രൗഢിയും ഉയർത്തി. റഷ്യൻ പാത്രിയർക്കീസ് ദി ഓർഡർ ഓഫ് സെന്റ് വ്ളാഡിമിർ ബഹുമതിയും റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ സെമിനാരി അക്കാദമി ഫെലോ സ്ഥാനവും ജോർജ്ജി യൻ കാതോലിക്കാ ദി ഓർഡർ ഓഫ് സെന്റ് ജോർജ്ജും അമേരിക്ക യിലെ നോബിൾ കാനോനിയൻ ഓഫ് ദി സ്വാൻ, ഗ്രാന്റ് പ്രിലേറ്റ്, ഗ്രാന്റ് കോളറും നൽകി ആദരിച്ചു. ദൈവശാസ്ത്രരംഗത്തെ പ്രശസ്ത സേവ നത്തെ മുൻനിർത്തി 1973-ൽ സെറാമ്പൂർ സർവ്വകലാശാല ഡോക്ടറേറ്റ് നൽകി.

റഷ്യ, റുമേനിയ, അർമ്മീനിയാ, ബൾഗേറിയാ എന്നിവിടങ്ങളിലെ സഹോദരീസഭകളിലും അമേരിക്ക, റോം, വത്തിക്കാൻ മുതലായ രാജ്യ ങ്ങളിലും സന്ദർശനം നടത്തി. മാർപാപ്പായുടെ കേരള സന്ദർശനവേള യിൽ കാതോലിക്കായുടെ ആസ്ഥാന ദേവാലയമായ ഏലിയാ കത്തീ ഡ്രലിൽ എത്തി ജോൺ പോൾ മാർപാപ്പാ പ. ബാവായെ സന്ദർശിച്ച് സംഭാഷണം നടത്തി. 1982 സെപ്റ്റംബറിൽ കാതോലിക്കേറ്റ് പുനഃസ്ഥാ പന സപ്തതി ആഘോഷവും 1984 ഫെബ്രുവരിയിൽ വട്ടശ്ശേരിൽ തിരു മേനിയുടെ ചരമ രജതജൂബിലിയും വിപുലമായി ആഘോഷിച്ചു. സമ്മേ ളനങ്ങളിൽ ഇൻഡ്യൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പ്രധാനമന്ത്രി, ഗവർണ്ണർ, മുഖ്യമന്ത്രി തുടങ്ങിയ പ്രമുഖർ പങ്കെടുക്കുകയും വിദേശ മേലദ്ധ്യക്ഷന്മാർ മലങ്കരസഭയിൽ സന്ദർശനം നടത്തുകയും ചെയ്തു.

ബാഹ്യകേരള ഭദ്രാസന ഇടവകയുടെ വ്യവസ്ഥാപിതമായ പുരോഗ തിക്ക് അടിസ്ഥാനമിട്ട് മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ടാ, അമേ രിക്കാ എന്നീ അഞ്ചു ഭദ്രാസനങ്ങൾക്ക് ആധാരശിലയിടുവാൻ കഴിഞ്ഞു. ആന്ധ്രാ, ആഫ്രിക്കാ, ഭോപ്പാൽ, അർമ്മീനിയ തുടങ്ങിയ സ്ഥലങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനത്തിന് സഹായങ്ങൾ എത്തിക്കുന്നതിനും ഭാര തത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ മിഷൻ പ്രവർത്തനം വ്യാപകമാക്കുന്ന തിനും സാധിച്ചു. ഭദ്രാസനങ്ങൾ പുനർ വിഭജനം നടത്തി ഭരണസംവി

ധാനത്തെ ശക്തവും സംപുഷ്ടവുമാക്കി. എക്യുമിനിക്കൽ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു. മലങ്കരസഭ എൻ.സി.സി. യിലും, കെ.സി.സി. യിലും അംഗത്വമെടുത്തത് പ. ബാവായുടെ കാലയളവി ലാണ്. നിലയ്ക്കൽ എക്യുമെനിക്കൽ ദേവാലയസ്ഥാപനത്തിന് പ. ബാവാ നൽകിയ നേതൃത്വം പ്രശംസനീയമാണ്.

ഓർത്തഡോക്സ് വൈദികസെമിനാരിയുടെ ആഭിമുഖ്യത്തിലുള്ള അത്മായ പരിശീലനപദ്ധതിയായ ദിവ്യബോധനം, ലിറ്റർജിക്കൽ മ്യൂസിക്ക് സ്കൂൾ എന്നിവ ആരംഭിച്ചു. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകളിലേയ്ക്ക് വിശുദ്ധ ആരാധനാക്രമത്തെ പരിഭാഷപ്പെടുത്തിയതും സഭയുടെ ഭാവിവാഗ്ദാനങ്ങളെ കരുപ്പിടിപ്പിക്കുന്നതിനായി ബാലികാ-ബാലസമാജ പ്രസ്ഥാനങ്ങൾക്ക് പ. സുന്നഹദോസ് അംഗീകാരം നൽകി യതും ഇദ്ദേഹത്തിന്റെ കാലത്താണ്. ഇങ്ങനെ പുരോഗതിയുടെ ശ്രേണി യിലേയ്ക്ക് സഭയെ നയിക്കുന്നതിന് നേതൃത്വം നൽകി. പ. ബാവാ 15 മെത്രാപ്പോലീത്താമാരെ അഭിഷേകം ചെയ്യുകയും 1978-ൽ പഴയസെമി നാരിയിൽ വച്ചും 1988-ൽ ദേവലോകത്തുവച്ചും വി. മൂറോൻകൂദാശ നട ത്തുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷ കത്വവും അരക്കിട്ടുറപ്പിക്കുന്നതിനും നൂതനങ്ങളായ ഭരണപരിഷ്കാര ങ്ങൾ നടപ്പാക്കി സഭയുടെ പേരും പ്രശസ്തിയും ആഗോളതലത്തിലെ ത്തിക്കുന്നതിനും കഴിഞ്ഞു.

1991 ഏപ്രിൽ 27-ന് പ. ബാവാ സ്ഥാനത്യാഗം ചെയ്തു. 1996 നവം ബർ 8-ന് ആ പ. പിതാവ് കാലം ചെയ്തു. ദേവലോകം അരമന ചാപ്പ ലിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ നവംബർ 8.



# പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ (1915-2006)

കൊല്ലം പെരിനാട് പുതുശ്ശേരഴികത്ത് പുത്തൻവീട്ടിൽ ഇടിക്കുളയുടേയും അന്നമ്മയുടേയും മൂത്ത മകനായി 1915 ജനുവരി 30-ന് ജനിച്ചു. പ്രാക്കുളം എൻ.എസ്.എസ്. ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. പത്തനംതിട്ട ബേസിൽ ദയറ, കോട്ടയം പഴയസെമിനാരി എന്നിവിടങ്ങളിൽ നിന്ന് വൈദികപരിശീലനം നേടി. കൽക്കട്ടാ ബിഷപ്സ് കോളജിൽ നിന്ന് ക്രിസ്തീയ വേദശാസ്ത്രത്തിൽ ബി.ഡി. കരസ്ഥമാക്കി. ന്യൂയോർക്കിലെ ജനറൽ തിയോളജിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി.

പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് കുണ്ടറ സെമിനാരിയിൽ വച്ച് 1938-ൽ കോറൂയോ പട്ടവും 1941 മെയ് 6-ന് ശെമ്മാശുപട്ടവും 1941 മെയ് 25-ന് വൈദികപട്ടവും സ്വീകരിച്ചു. പെരിനാട്, ഓതറ, മംഗലം, മദ്രാസ്, കൽക്കട്ടാ, ഡൽഹി എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. 1951 സെപ്റ്റംബർ 21-ന് കോട്ടയം പഴയസെമിനാരി ചാപ്പലിൽ വച്ച് പ. ഗീവർഗീസ്

ദ്വിതീയൻ കാതോലിക്കാ ബാവാ റമ്പാൻ സ്ഥാനം നൽകി. 1953 മെയ് 15-ന് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ മാത്യൂസ് മാർ കൂറിലോസ് എന്ന നാമത്തിൽ 38-ാം വയസ്സിൽ എപ്പിസ്കോപ്പായായി അഭിഷേകം ചെയ്തു. 1959 ജൂലൈ 12-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്തായായി ഉയർത്തി.

1953-ൽ കൊല്ലം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായും 1965-ൽ ഭദ്രാസനാധിപനായും നിയമിതനായി. 1980 മെയ് ഒന്നിനു കൂടിയ മലങ്കര അസ്സോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. 1991 ഏപ്രിൽ 27 ശനിയാഴ്ച മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ സ്ഥാന മൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റെടുത്തു. 1991 എപ്രിൽ 29 തിങ്കളാഴ്ച പരുമല സെമിനാരിയിൽ പൗരസ്ത്യ കാതോ ലിക്കായായി സ്ഥാനാരോഹണം ചെയ്തു.

സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റ്, സഭാ വർക്കിംഗ് കമ്മിറ്റി മെമ്പർ, ഇതര സഭാ സമ്പർക്ക കമ്മിറ്റി മെമ്പർ, നിലയ്ക്കൽ എക്യുമെനിക്കൽ കമ്മിറ്റി ചെയർമാൻ തുടങ്ങി നിരവധി ചുമതലകൾ വഹിച്ചു. അടൂർ സെന്റ് മേരീസ്, ശൂരനാട് ബസലേൽ, ആദിച്ചനെല്ലൂർ ഗത്സീമോൻ, കൊട്ടാരക്കാര സെന്റ് ബേസിൽ, കല്ലട മൗണ്ട് കാർമ്മേൽ എന്നീ കോൺവെന്റുകളും ചെങ്ങമനാട് ബേത്ലഹേം ആശ്രമം, പട്ടാഴി കാൽവറി ആശ്രമം, ചായലോട് സെന്റ് ജോർജ്ജ് ആശ്രമം, കിഴക്കേ കല്ലട കർമ്മേൽ ആശ്രമം, കുറ്റിക്കോണം ബഥേൽ ആശ്രമം, കൊട്ടാര ക്കര മൗണ്ട് ആശ്രമം, ശൂരനാട് സെന്റ് തോമസ് ആശ്രമം എന്നിവയും സ്ഥാപിച്ചു. അടൂർ സെന്റ് സിറിൾസ് കോളജ്, കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളജ്, കൊട്ടാരക്കര ബി.എഡ്. കോളജ് എന്നിവയു ടേയും കൊല്ലം ഭദ്രാസനത്തിലുള്ള നിരവധി സ്കൂളുകളുടേയും ചെങ്ങ മനാട് ഐ.ടി.സി. എന്നിവയുടേയും മാനേജരായി പ്രവർത്തിച്ചു.

അമേരിക്കാ, കാനഡാ, റഷ്യ, അർമീനിയ, ഇംഗ്ലണ്ട്, ജർമ്മനി, ഗൾഫ് നാടുകൾ, യൂറോപ്യൻ രാജ്യങ്ങൾ, വിശുദ്ധ നാടുകൾ, മലയ, സിങ്കപ്പൂർ തുടങ്ങിയ വിദേശ രാജ്യങ്ങളിലും സന്ദർശനം നടത്തിയിട്ടുണ്ട്. അന്തർദ്ദേ ശീയ കോൺഫറൻസുകളിലും സമ്മേളനങ്ങളിലും മലങ്കരസഭയെ പ്രതി നിധീകരിച്ച് സംബന്ധിച്ചു. ധ്യാനഗുരുവും ആദ്ധ്യാത്മിക പ്രഭാഷകനു മായിരുന്നു.


1991 ഏപ്രിൽ 30-ന് ഇയ്യോബ് മാർ പീലക്സീനോസ്, കുറിയാക്കോസ് മാർ ക്ലീമ്മീസ്, ഗീവറുഗീസ് മാർ കൂറിലോസ്, സഖറിയാ മാർ അന്തോ

ണിയോസ്, മാത്യൂസ് മാർ സേവേറിയോസ് എന്നിവരെ പരുമല വച്ചും 25-10-1993 ൽ പൗലോസ് മാർ പക്കോമിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയസ് എന്നിവരെ പരുമല വച്ചും എപ്പിസ്ക്കോപ്പന്മാരായി വാഴിച്ചു. ഏഴു പേരെയും കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്തന്മാരാക്കി.

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ. സഖറിയ മാർ തെയോഫിലോസ്, ഔഗേൻ മാർ ദീവന്നാസ്യോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നിവരെ പരുമലയിൽ വച്ച് 2005-ൽ എപ്പിസ്ക്കോപ്പന്മാരാക്കി. മാവേലിക്കര, യു. കെ. & യൂറോപ്പ് എന്നീ ഭദ്രാസനങ്ങൾ പുതുതായി രൂപീകരിച്ചു. 1999 മാർച്ച് 26-ന് ദേവലോകത്ത് വച്ച് മൂറോൻ കൂദാശ നടത്തി.

ഓതറ ദയറായിൽ വൈദികനായി കഴിയുമ്പോൾ മുതൽ സുറിയാനി-ഇംഗ്ലീഷ് ഭാഷാപണ്ഡിതനായ അദ്ദേഹം ഏയ്ഞ്ചൽ അച്ചൻ എന്ന് അറിയപ്പെട്ടു. മികച്ച ധ്യാനഗുരു, കൺവൻഷൻ പ്രസംഗകൻ, സെമിനാരി അദ്ധ്യാപകൻ എന്ന നിലയിലും അറിയപ്പെട്ട അദ്ദേഹം കൊല്ലത്തിന്റെ ആദ്യത്തെ മുഴുവൻസമയ മെത്രാൻ എന്ന നിലയിൽ ഭദ്രാസനത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. പള്ളികൾ, സ്കൂളുകൾ, കോളജുകൾ, ദയറാകൾ, കോൺവെന്റുകൾ തുടങ്ങി അദ്ദേഹം സ്ഥാപിച്ച അത്രയും സ്ഥാപനങ്ങൾ സമീപകാലത്ത് ഒരു മേല്പട്ടക്കാരനും സ്ഥാപിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കാലത്ത് 1995-ൽ ഓർത്തഡോക്സ് സഭയ്ക്കനുകൂലമായി സുപ്രീംകോടതിയുടെ വിധിയുണ്ടായി. 2002-ൽ സുപ്രീംകോടതി നിരീക്ഷകൻ ജസ്റ്റീസ് മളീമഠിന്റെ സാന്നിദ്ധ്യത്തിൽ നടന്ന അസോസിയേഷൻ താത്വികമായി യോജിച്ച മലങ്കരസഭയുടെ അധിപനായി പൗരസ്ത്യ കാതോലിക്കാ പ. മാത്യൂസ് ദ്വിതീയനെ വീണ്ടും തിരഞ്ഞെടുപ്പു നടത്തി സ്ഥിരീകരിച്ചു. മറുഭാഗം പരുമല അസോസ്യേഷൻ ബഹിഷ്കരിച്ചതുമൂലം ഫലത്തിൽ യോജിപ്പുണ്ടായില്ല. എങ്കിലും അങ്കമാലി, തൃശൂർ, കണ്ടനാട് മെത്രാസനങ്ങൾ ഭാഗികമായി ഐക്യത്തിലേക്ക് വന്നു. മാർ തോമസ് അത്താനാസ്യോസ്, മാർ അബ്രഹാം സേവേറിയോസ്, യൂഹാനോൻ മാർ മിലിത്തോസ്, സഖറിയാ മാർ നിക്കോളവോസ് എന്നിവർ കാതോലിക്കേറ്റിലേക്ക് സ്വീകരിക്കപ്പെട്ടു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് 'പരിശുദ്ധൻ' എന്നും സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് 'സഭാജ്യോതിസെ'ന്നും ഉള്ള സിനഡ് നിശ്ചയം ഇദ്ദേഹം പ്രഖ്യാപിച്ചു.

പ. പിതാവ് 2006 ജനുവരി 26-ന് കാലം ചെയ്തു. ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഓർമ്മപ്പെരുന്നാൾ ജനുവരി 26.



# പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ

# (1921-2014)

മൗനത്തിന്റെ വിശുദ്ധി പകർന്ന താപസ തേജസ്സാണ് പരിശുദ്ധ ദിദിമോസ് ബാവാ. വ്രതശുദ്ധിയും മൗനത്തിന്റെ തപശ്ചര്യയും ആ ജീവിതത്തെ ഉജ്ജ്വലമാക്കിത്തീർത്തു. നിരന്തരമായ പ്രാർത്ഥനയും ഉപവാസവും ആരാധനയും വഴി നേടിയ ആത്മീയ തേജസ്സ് ജീവിതത്തെ അനുഗ്രഹങ്ങളുടെ തീർത്ഥാടനമാക്കി മാറ്റി. ബാല്യത്തിൽത്തന്നെ ദാരിദ്ര്യവും ഉപവാസവും മൗനവും സ്വീകരിച്ച് സന്യാസത്തിന്റെ അകവും പുറവും വിശുദ്ധിയിൽ മുദ്രിതമാക്കി. പത്തനാപുരം താബോർമലയിലെ വ്രതനിഷ്ഠ നിറഞ്ഞ ജീവിതചര്യ ഇടയപരിപാലനത്തിന്റെ എല്ലാത്തലങ്ങളിലും കാത്തുസൂക്ഷിച്ചു. ഒരു ദയറായക്കാരന്റെ ഏറ്റവും പ്രധാനപ്പെട്ട യോഗ്യതകളിൽ ഒന്ന് മുടക്കം കൂടാതെയുള്ള പ്രാർത്ഥനയാണ്. അതിൽ ഏറ്റവും അധികം വേരൂന്നിയ പിതാവാണ് പ. ബാവാ. അതിനാൽ അദ്ദേഹം യാമങ്ങളുടെ കാവൽക്കാരൻ എന്ന പേരിൽ വിശേഷിപ്പിക്കപ്പെട്ടു.

1921 ഒക്ടോബർ 29-ന് തിരുവല്ല നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിരാ തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടേയും നാലാമത്തെ പുത്രനായി പ. പിതാവ് ജാതം ചെയ്തു. ചെറുപ്പത്തിലെ പേര് സി. ടി. തോമസ് എന്നായിരുന്നു. 1939-ൽ (18-ാമത്തെ വയസ്സിൽ) താബോർ ദയറായിൽ ചേർന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം ദയറാ സ്കൂളിൽ അദ്ദേഹം പൂർത്തീകരിച്ചു. 1945-ൽ കോട്ടയം സി.എം.എസ്. കോളജിൽ ഇന്റർമീഡിയറ്റ് പാസ്സായി. 1951-ൽ തൃശിനാപ്പിള്ളി നാഷണൽ കോളജിൽ നിന്ന് ബി.എ. യും 1954-ൽ ചെന്നൈ മാസ്റ്റർ ട്രെയിനിംഗ് കോളജിൽ നിന്ന് ബി.റ്റി. യും 1961-ൽ കാൺപൂർ ക്രൈസ്റ്റ് ചർച്ച് കോളജിൽ നിന്ന് എം.എ. ഇംഗ്ലീഷും കരസ്ഥമാക്കി.

1942 മാർച്ച് 11 പാത്രിനോമ്പ് ബുധനാഴ്ച കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പലിൽ വച്ച് പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് കോറൂയോ പട്ടം ഏറ്റു. 1947 മെയ് 22 വ്യാഴം സ്വർഗ്ഗാരോഹണ പെരുന്നാൾ ദിനത്തിൽ തിരുവല്ല ബഥനി അരമന ചാപ്പലിൽ വച്ച് പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് പൂർണ്ണശെമ്മാശു പട്ടമേറ്റു. 1950 ജനുവരി 25 ബുധനാഴ്ച പത്തനാപുരം മൗണ്ട് താബോർ ദയറായിൽ വച്ച് പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് കശ്ശീശ്ശാപട്ടമേറ്റു. തുടർന്ന് പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ അധ്യാപകനായി ദീർഘനാൾ സേവനം ചെയ്തു.

1965 ഡിസംബർ 28 ചൊവ്വാഴ്ച കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. 1966 ആഗസ്റ്റ് 24 ബുധനാഴ്ച കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ വച്ച് ഫിലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ് എന്നിവരോടൊപ്പം തോമസ് മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. തുടർന്ന് 1966 നവംബർ 11-ന് മലബാർ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായും 1968 ഫെബ്രുവരി 2-ന് മലബാർ ഭദ്രാസന മെത്രാപ്പോലീത്തായായും ചുമതലയേറ്റു. 1992 സെപ്റ്റംബർ 10 വ്യാഴാഴ്ച പരുമല സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാപ്പോലീത്തായുടേയും പിൻഗാമിയായി തെരഞ്ഞെടുത്തു.

2005 ഒക്ടോബർ 29 ശനിയാഴ്ച പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തു. 2005 ഒക്ടോബർ 31-ന് പരുമല സെമിനാരിയിൽ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ എന്ന പേരിൽ

പൗരസ്ത്യ കാതോലിക്കായായി വാഴിക്കപ്പെട്ടു. തുടർന്ന് 2006-ൽ തന്റെ പിൻഗാമിയായി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. 2008 സെപ്റ്റംബർ 11-ന് പാമ്പാക്കുട എം.ടി.എം. ഹയർ സെക്കന്ററി സ്കൂളിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിക്കുകയും 7 പേരെ മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. 2009 ഫെബ്രുവരി 19 വ്യാഴാഴ്ച അവരെ പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് വാഴിച്ചു. 2009 ഏപ്രിൽ 3 വെള്ളിയാഴ്ച ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വി. മൂറോൻ കൂദാശ ചെയ്തു. 2010 ഫെബ്രുവരി 17-നു ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിക്കുകയും 7 പേരെ മേൽപട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. 2010 മെയ് 12-ന് അവരെ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് വാഴിച്ചു. 2010 ഒക്ടോബർ 31-ന് സ്ഥാനത്യാഗം ചെയ്തു. 2010 നവംബർ 1 തിങ്കളാഴ്ച പരുമല സെമിനാരിയിൽ വച്ച് തന്റെ പിൻഗാമിയായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കായെ വാഴിച്ചു. 2014 ഫെബ്രുവരി 21 വെള്ളിയാഴ്ച ദേവലോകം അരമനയിൽ വച്ച് കന്തീലാ ശുശ്രൂഷ സ്വീകരിച്ചു. 2014 മെയ് 26 തിങ്കളാഴ്ച വൈകിട്ട് 7.30-ന് പരുമല ആശുപത്രിയിൽ കാലം ചെയ്തു. 2014 മെയ് 28 ബുധനാഴ്ച പത്തനാപുരം മൗണ്ട് താബോർ ദയറായിൽ കബറടക്കി.

## റിക്കോർഡുകളുടെ ബാവാ

മലങ്കരസഭാ ചരിത്രത്തിൽ നിരവധി റിക്കോർഡുകൾക്ക് പ. ബാവാ അർഹനായി. 2005-ൽ കാതോലിക്കായാകുമ്പോൾ 84 വയസ്സാണ്. ഏറ്റവും കൂടിയ പ്രായത്തിൽ കാലം ചെയ്ത കാതോലിക്കായായും പ. ബാവാ യാണ് - 92 വയസ്സ്. യോജിച്ച സഭയിൽ തെരഞ്ഞെടുക്കപ്പെടുകയും (1965) വാഴിക്കപ്പെടുകയും (1966) ചെയ്തവരിൽ ഏറ്റവും അവസാനം കാലം ചെയ്തതും പ. ബാവായാണ്. മുൻഗാമിയാൽ വാഴിക്കപ്പെടുകയും (പ. മാത്യൂസ് ദ്വിതീയൻ) പിൻഗാമിയെ (പ. പൗലോസ് ദ്വിതീയൻ) വാഴിക്കുകയും ചെയ്ത ഏക പൗരസ്ത്യ കാതോലിക്കായാണ് ഈ പുണ്യപിതാവ്. മലങ്കരസഭയിൽ ഏറ്റവും കൂടുതൽ മേൽപട്ടക്കാരെ (14) വാഴിക്കുവാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. ഒരുമിച്ച് 7 പേരെ വാഴിച്ചതും ആദ്യ സംഭവം ആണ്. ഏറ്റവും ഹ്രസ്വകാലയളവിൽ (2005-2010) ഒരു തവണ വി. മൂറോൻ കൂദാശയും 4 മലങ്കര അസ്സോസിയേഷൻ യോഗങ്ങളും (2006, 2007, 2008, 2010) വിളിച്ചുകൂട്ടിയ മലങ്കര മെത്രാപ്പോലീത്താ തുടർച്ചയല്ലാത്ത രണ്ടു ദിവസങ്ങളിലായി (2006 സെപ്റ്റംബർ 21, ഒക്ടോബർ 12) ഒരു അസ്സോസിയേഷൻ സമ്മേളിച്ചതും അപൂർവ്വതയാണ്.

പൗരസ്ത്യദേശത്തെ 90-ാമതും മലങ്കരയിലെ ഏഴാമത്തെ കാതോലിക്കായുമായ ബാവാ 20-ാമത്തെ മലങ്കര മെത്രാപ്പോലീത്തായുമാണ്.

മലങ്കരയിലെ ചില ഭദ്രാസനങ്ങൾ പുനർ നിർണ്ണയിച്ച് അഹമ്മദാബാദ്, ബാംഗ്ലൂർ, ബ്രഹ്മവാർ, അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, നിലയ്ക്കൽ എന്നീ ഭദ്രാസനങ്ങൾ രൂപീകരിച്ചു. ലോകത്തെ വിവിധ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും സാഹോദര്യബന്ധം അരക്കിട്ടുറപ്പിക്കുന്നതിനും ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് അവസരങ്ങൾ ഉണ്ടായി. ദിദിമോസ് ബാവായുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് റഷ്യൻ ഓർത്തഡോക്സ് സഭയുടെ സിറിൾ മെത്രാപ്പോലീത്താ (2006) അർമ്മീനിയൻ സുപ്രീം കാതോലിക്കാ കരേക്കിൻ രണ്ടാമൻ (2008), സിലീഷ്യൻ കാതോലിക്കാ അരാം പ്രഥമൻ (2010), എത്യോപ്യൻ പാത്രിയർക്കീസ് (2008) എന്നിവർ മലങ്കര സന്ദർശിച്ചു. സഭകളുടെ ലോക കൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാം കോബിയാ (2007) ദേവലോകത്ത് എത്തി പ. ബാവായെ സന്ദർശിച്ചു. ആഫ്രിക്കൻ രാജ്യമായ ലെസോത്തോയിലെ ഉപപ്രധാനമന്ത്രി ആർബാർഡ് ലിഹാഹ്‌ലയും ദേവലോകത്തു വന്ന് ബാവായെ സന്ദർശിച്ചു. കോപ്റ്റിക് സഭാ തലവൻ പോപ്പ് ഷെനൂഡാ മൂന്നാമനെ കെയ്റോയിൽ വച്ചും അസീറിയൻ പാത്രിയർക്കീസ് ദിൽഹാ നാലാമനെ ഷിക്കാഗോയിൽ വച്ചും പ. ബാവാ സന്ദർശിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള അഭേദ്യബന്ധത്തിന്റെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും സൂചനയായി അർമ്മീനിയൻ സുപ്രീം കാതോലിക്കാ കരേക്കിൻ രണ്ടാമനും സിലീഷ്യൻ കാതോലിക്കാ അരാം പ്രഥമനും എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസിനും മലങ്കരസഭയുടെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് സെന്റ് തോമസ് നൽകി ആദരിച്ചു. കേരളാനവോത്ഥാനത്തിനു നേതൃത്വം നൽകിയ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമനെ സഭാ തേജസ് എന്ന സ്ഥാനനാമം നൽകി ആദരിച്ചു. ഓർമ്മപ്പെരുന്നാൾ മെയ് 26.

# മെത്രാപ്പൊലീത്തന്മാർ



# മാർ തോമ്മാ ഒമ്പതാമൻ
## (1816–1817)

എട്ടാം മാർത്തോമ്മായുടെ പിതൃസഹോദരനായ ഐപ്പു കത്തനാരെ 1816–ൽ എട്ടാം മാർത്തോമ്മാ തന്റെ പിൻഗാമിയായി വാഴിച്ചു. പക്ഷേ, ഇദ്ദേഹത്തിന് മലങ്കര മെത്രാപ്പോലീത്താ എന്ന രീതിയിൽ അംഗീകാരം ലഭിച്ചില്ല. എന്നാൽ ഇദ്ദേഹം പട്ടം ഏറ്റപ്പോൾ മാർ ദീവന്നാസ്യോസ് രണ്ടാമൻ തിരുവിതാംകൂർ സർക്കാരിന്റെ അംഗീകാരത്തോടെ മെത്രാനായി അവരോധിക്കപ്പെട്ടിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒമ്പതാം മാർതോമ്മായിൽ നിന്നും മെത്രാൻ സ്ഥാന ചിഹ്നങ്ങൾ എല്ലാം ഏറ്റുവാങ്ങി. ഇതോടെ മാർതോമ്മാ ഒമ്പതാമന് സഭയിൽ സ്ഥാനമോ ഭരണപ്രസക്തിയോ ഇല്ലാതെയായിത്തീർന്നു. 1817–ൽ കടമറ്റം പള്ളിയിൽ താമസിച്ചുവരവേ നിര്യാതനായി. അവിടെ കബറടങ്ങി. പകലോമറ്റം കുടുംബത്തിൽ നിന്ന് സഭാനേതൃത്വത്തിലേക്ക് പിന്നീട് ആരും ഉയർന്നില്ല.




# ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ (1829-1884)

കോനാട്ട് മാത്തന്റെയും പാലപ്പിള്ളിൽ വലിയവീട്ടിൽ കുഞ്ഞളച്ചാരുടെയും പുത്രനായി 1829-ൽ ജനിച്ചു. സുറിയാനി പണ്ഡിതനായിരുന്ന ഇദ്ദേഹം ആ കാലഘട്ടത്തിലെ പ്രശസ്ത മല്പാൻ ആയിരുന്നു. പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് ഇദ്ദേഹത്തിന്റെ ശിഷ്യനാണ്. സ്മര്യപുരുഷൻ പാമ്പാക്കുടയിൽ 1879-ൽ ഒരു സുറിയാനി അച്ചുകൂടം സ്ഥാപിച്ചു. ആ പ്രസ്സ്, പിന്നീട് സ്ഥാപകന്റെ നാമത്തിൽ അറിയപ്പെട്ടു. ഇന്ത്യയിലെ ഇദംപ്രഥമമായ സുറിയാനി അച്ചുകൂടമാണത്.

മലങ്കരസഭയുടെ ക്ഷണപ്രകാരം 1875-ൽ വന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസിൽ നിന്ന് ആർത്താറ്റ് പള്ളിയിൽ വച്ച് റമ്പാൻ സ്ഥാനവും 1876 വൃശ്ചികം 21-ന് (ഡിസംബർ 3-നു) വടക്കൻപറവൂർ പള്ളിയിൽ വച്ച് മാർ യൂലിയോസ് എന്ന സ്ഥാനനാമത്തിൽ തുമ്പമൺ മെത്രാസനത്തിനായി മെത്രാപ്പോലീത്താ സ്ഥാനവും പ്രാപിച്ചു.


1884 മീനം 9-ന് കാലം ചെയ്തു. പാമ്പാക്കുട വലിയപള്ളിയിൽ കബറടങ്ങി. കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ ഇദ്ദേഹത്തിന്റെ സഹോദരപുത്രൻ ആണ്.



# ശെമവൂൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ
## (- 1886)

പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കര വന്ന് വാഴിച്ച ആറു മെത്രാപ്പോലീത്തന്മാരിൽ ഒരാൾ. 1877 മേയ് മാസം 17-നു കുന്നംകുളം ചിറളയം പള്ളിയിൽ വച്ച് കൊച്ചി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. എന്നാൽ യഥാർത്ഥത്തിൽ ഇദ്ദേഹത്തെ ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ ഭൂരിഭാഗം ഇടവകകളും അംഗീകരിക്കാതിരുന്നതിനാൽ ഭദ്രാസനഭരണം സുഗമമായി നടത്താനായില്ല എന്ന് സഭാചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

ഇദ്ദേഹം എഴുതിയ സഭാചരിത്രമാണ് 'ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമം.' കണ്ടനാട് ഗ്രന്ഥവരി എന്ന പേരിൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 18-ാം നൂറ്റാണ്ടിലെ വിശദമായ മലങ്കരസഭാചരിത്രമാണിത്. സ്വന്തം ഇടവകയായ കണ്ടനാട് പള്ളിയുടെ ഒരു മുറിയിൽ താമസിച്ചു. അവിടെത്തന്നെ കുർബ്ബാന അർപ്പിച്ചുപോന്നു. മാർ ദീവന്നാസ്യോസ് 1886 ഒക്ടോബർ 2-നു കാലം ചെയ്തു. തിരുവാങ്കുളത്തിനടുത്തുള്ള കടുങ്ങമംഗലം പള്ളിയിൽ കബറടക്കപ്പെട്ടു.



# ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ
## (- 1891)

1876-ൽ സ്ഥാപിതമായ അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് മെത്രാപ്പോലീത്തായായി ഇദ്ദേഹത്തെ 1876 ഡിസംബർ 10-നു വാഴിച്ചു. 14 വർഷം ഭദ്രാസനത്തെ നയിച്ചു. ആലുവാ തൃക്കുന്നത്തു സെമിനാരി സ്ഥിതിചെയ്യുന്ന സ്ഥലം ഭദ്രാസനത്തിനു വേണ്ടി സമ്പാദിച്ചു.

1891 മാർച്ച് 9-ന് കാലം ചെയ്തു. കബറിടം അങ്കമാലി സെന്റ് മേരീസ് പള്ളിയിൽ സ്ഥിതിചെയ്യുന്നു.



# പ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പൊലീത്താ (പ. പരുമല തിരുമേനി) (1848-1902)

മുളന്തുരുത്തി ചാത്തുരുത്തി കുടുംബത്തിൽ കൊച്ചുമത്തായിയുടേയും, മറിയാമ്മയുടേയും മകനായി 1848 ജൂൺ 15-ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസാനന്തരം പിതൃസഹോദരനായ മല്പാൻ ഗീവർഗീസ് കത്തനാരിൽ നിന്ന് സുറിയാനി അഭ്യസിച്ചു. തുടർന്ന് പാമ്പാക്കുട, കോനാട്ട് മല്പാന്റെ വിദഗ്ധ ശിക്ഷണത്തിൽ സുറിയാനിഭാഷയും ആരാധനയും കാനോൻ നിയമങ്ങളും പഠിച്ചു.

1858-ൽ കരിങ്ങാച്ചിറ പള്ളിയിൽ വച്ച് മാത്യൂസ് മാർ അത്താനാസിയോസിൽ നിന്ന് കോറൂയോ പട്ടവും 1861-ൽ ശെമ്മാശുപട്ടവും സ്വീകരിച്ചു. യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്താ 1865-ൽ കശ്ശീശ്ശാ പട്ടവും കോർഎപ്പിസ്കോപ്പാസ്ഥാനവും നൽകി. 1872 ഏപ്രിൽ 7-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ റമ്പാൻ സ്ഥാനം നൽകി.

1875-ൽ മലങ്കര സന്ദർശിച്ച പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ദ്വിഭാഷിയും സെക്രട്ടറിയുമായി പ്രവർത്തിച്ചു. 1876-ൽ മുളന്തുരുത്തിയിൽ നടന്ന മൂറോൻ കൂദാശയിലും ചരിത്രപ്രസിദ്ധമായ മലങ്കര അസ്സോസിയേഷനിലും സജീവപങ്കാളിത്തം വഹിച്ചു. 1876 ഡിസംബർ 10-ന് പറവൂർ പള്ളിയിൽ വച്ച് പത്രോസ് പാത്രിയർക്കീസ് ബാവാ, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. നിരണം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി നിയമിതനായ ഇദ്ദേഹം 'പരുമല കൊച്ചുതിരുമേനി' എന്ന് അറിയപ്പെട്ടു.

പരുമല ആസ്ഥാനമാക്കി ഭരണം നടത്തുന്നതിനും ശെമ്മാശന്മാരെ പരിശീലിപ്പിക്കുന്നതിനുമായി പരുമലയിൽ പഠിത്തവീട് (സെമിനാരി) പണികഴിപ്പിച്ചു. തുടർന്ന് പഴയ പരുമല പള്ളിയുടെ പണിയാരംഭിച്ചു. 1895 മകരം 15-ന് മലങ്കര മെത്രാപ്പോലീത്താ ജോസഫ് മാർ ദീവന്നാസിയോസിന്റെ സാന്നിദ്ധ്യത്തിൽ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി പള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു. അനന്തരം കൊല്ലം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ ഭരണസാരഥ്യം ഏറ്റെടുത്തു.


ബാഹ്യകേരളത്തിൽ മലങ്കരസഭയ്ക്ക് അസ്തിത്വവും വ്യക്തിത്വവും ഉണ്ടാകാൻ തക്കവണ്ണം ഗോവ, തെക്കൻ കാനറ, സിലോൺ എന്നിവിടങ്ങളിൽ നിന്നുള്ളവരെ സഭയിലേയ്ക്ക് ചേർക്കുകയും ഫാ. അൽവാറിസിനെ 1889-ൽ മാർ യൂലിയോസ് എന്ന പേരിൽ ഇന്ത്യാ-സിലോൺ ഇടവകയുടെ മെത്രാപ്പോലീത്തായായി നിയമിക്കുകയും ചെയ്തു. അമേരിക്കൻ ഐക്യനാടുകളിൽ നിന്ന് മലങ്കരസഭയിലേയ്ക്ക് ചേർന്നവർക്കു വേണ്ടി ഫാ. റെനിവിലാത്തിയെന്ന പാതിരിയെ 1892 ഇടവം 14-ന് മാർ തീമോത്തിയോസ് എന്ന പേരിൽ സിലോണിൽ വച്ച് വാഴിച്ചപ്പോൾ പരുമല തിരുമേനിയും ശുശ്രൂഷയിൽ സഹകാർമ്മികത്വം വഹിച്ചു. അവിടെ വച്ച് അമേരിക്കയിലെ ഒരു പ്രസിദ്ധസംഘം കമാൻഡർ ഓഫ് ദി കൗൺ ഓഫ് തോൺസ് എന്ന ബഹുമതി നൽകി ഗ്രീഗോറിയോസ് തിരുമേനിയെ ആദരിച്ചു. 1895-ൽ ഊർശ്ലേമിലേക്ക് തീർത്ഥാടനം (1895 ജനുവരി 28-ന് തിങ്കളാഴ്ച യാത്ര തിരിച്ച് ജൂൺ 6-ന് പരുമലയിൽ തിരിച്ചെത്തി). ഊർശ്ലേം തീർത്ഥാടനത്തെക്കുറിച്ച് *ഊർശ്ലേം യാത്രാവിവരണം* രചിച്ച് 1895 ജൂലൈയിൽ പ്രസിദ്ധീകരിച്ചു.

മലങ്കരസഭയിൽ സത്യവിശ്വാസത്തിൽ ജനങ്ങളെ ഉറപ്പിക്കുന്നതിനും ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനും വിജാതീയ മിഷൻ ആരംഭിച്ച് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുമായി ബദ്ധശ്രദ്ധനായി യത്നിച്ചു. കുന്നംകുളം, മുളന്തുരുത്തി, നിരണം, തുമ്പമൺ, തിരുവല്ല എന്നിവിടങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ചു.

സാമൂഹ്യ പരിഷ്ക്കർത്താവ്, ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചാരകൻ, ദളിത് വിഭാഗങ്ങളുടെ വിമോചകൻ, അനുഗൃഹീത പ്രഭാഷകൻ, അജ പാലകൻ എന്നീ നിലകളിൽ തിളക്കമാർന്ന വ്യക്തിത്വം.

വിശുദ്ധ ജീവിതത്തിൽ അനേകരുടെ ഹൃദയം കവർന്ന തിരുമേനി, രോഗബാധിതനായതിനെ തുടർന്ന് 1902 നവംബർ 2-ന് കാലം ചെയ്തു. തിരുമേനിയുടെ ആഗ്രഹപ്രകാരം പരുമലപ്പള്ളി മദ്ബഹായുടെ വടക്കു വശത്തായി കബറടക്കി. 1947 നവംബർ 2-ന് പ. എപ്പിസ്ക്കോപ്പൽ സുന്ന ഹദോസ് പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചു. നവംബർ 2-ന് പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ മലങ്കരസഭ ഭക്തിപുരസ്സരം ആഘോഷിക്കുന്നു.

കൃതികൾ: *ഊർശ്ലേം യാത്രാവിവരണം, പവിത്രരചനകൾ, എഴുത്തുകൾ*




# പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ
## (1833–1907)

കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ. പറവൂർ ഇടവകയിൽ കടവിൽ കൂരൻ അവിരാ വർക്കിയുടെ പുത്രനായി 1833 വൃശ്ചികം 19–ന് ജനിച്ചു. നാട്ടുഭാഷയും അകപ്പറമ്പിൽ ചക്കരയകത്ത് ഇട്ടൂപ്പ് മല്പാനിൽ നിന്ന് സുറിയാനിഭാഷയും അഭ്യസിച്ചു. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് 1021–മാണ്ട് കുംഭ മാസം 10–നു പതിമൂന്നാമത്തെ വയസ്സിൽ ശെമ്മാശുപട്ടവും 1846–ൽ കേരളത്തിൽ വന്ന യൂയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് 1029–മാണ്ട് മകര മാസം 6–നു കശീശ്ശാസ്ഥാനവും ഏറ്റു. വളരെക്കാലം കോട്ടയം പഴയസെമിനാരിയിൽ സുറിയാനി മല്പാനായി പ്രവർത്തിച്ചു.

പത്രോസ് പാത്രിയർക്കീസ് 1876 ഡിസംബർ 3–ന് ഇദ്ദേഹത്തെ മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു. കോട്ടയം ഭദ്രാസനത്തിന്റെ മാത്രം മെത്രാപ്പോലീത്തായാ യിരുന്ന ഇദ്ദേഹത്തിന് അങ്കമാലി ഇടവകയുടെ അമ്പാട്ട് ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ കാലം ചെയ്തതോടെ (1891 മാർച്ച്) ആ

ഭദ്രാസനത്തിന്റെ ചുമതല കൂടി ലഭിച്ചു. 1907-ൽ ആലുവാ തൃക്കുന്നത്തു സെമിനാരി സ്ഥാപിച്ചു. അമേരിക്കയിലെ ഒരു പ്രധാന സംഘം കമാൻഡർ ഓഫ് ദി ക്രൗൺ ഓഫ് ത്രോൺസ് എന്ന ബഹുമതി നൽകി. പ. ഗീവർ ഗീസ് പ്രഥമൻ ബാവാ, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പ. ഔഗേൻ ബാവാ എന്നീ കാതോലിക്കാമാരെയും പ. പാമ്പാടി തിരുമേനി, പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്നിവരെയും പൗരോഹിത്യ പാതയിലേക്ക് കൈപിടിച്ചു നയിക്കുവാൻ ഇദ്ദേഹത്തിന് അപൂർവ്വ ഭാഗ്യം സിദ്ധിച്ചു. സുറിയാനി ഭാഷയിൽ നിന്നും മക്കാബിയർ, രൂഥ്, തുബീദ്, മസുമൂർ മുതലായ അനേകം ഗ്രന്ഥങ്ങൾ മലയാളത്തി ലേക്ക് തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചു. 1907 നവംബർ 2-ന് കാലം ചെയ്തു. ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടക്കി.



# പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ
## (-1917)

1908 കുംഭം 16-ന് വട്ടശ്ശേരിൽ റമ്പാനൊപ്പം കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1908 മേടം 12-ന് ഊർശ്ലേം സന്ദർശിച്ചു. 1908 ഇടവം 18-ന് മെത്രാനായി വാഴിക്കപ്പെട്ടു. 1908 ജൂലൈ 17-ന് തിരികെ നാട്ടിലെത്തി. പിറവം പള്ളിയിൽ നീതിന്യായം നടത്തുവാൻ ഇടവക മെത്രാപ്പോലീത്തായായ ഈവാനിയോസ് ശ്രമിച്ചപ്പോൾ ചില പ്രമുഖ വൈദികരെയും പ്രമാണികളെയും കൂട്ടി അബ്ദുള്ളാ പാത്രിയർക്കീസിനെ കണ്ടു. ആ കൂടിക്കാഴ്ചയുടെ ഫലമായി പ്രായാധിക്യം, അനാരോഗ്യം മുതലായ കാരണങ്ങൾ കണക്കിലെടുത്ത് മുറിമറ്റത്തിൽ തിരുമേനിയെ ഭരണത്തിൽ നിന്ന് ഒഴിവാക്കി. തുടർന്ന് കൊച്ചുപറമ്പിൽ കൂറിലോസ് തിരുമേനിക്ക് കണ്ടനാടിന്റെ ഭരണം നൽകിക്കൊണ്ട് പാത്രിയർക്കീസ് കൽപ്പന നൽകി. പിറവം സെമിനാരി കേന്ദ്രമാക്കി കുറച്ചുനാൾ മാത്രമാണ് ഇദ്ദേഹം ഭരണം നടത്തിയിരുന്നത്. 14-12-1917-ൽ കാലം ചെയ്തു. കോട്ടയം പാണമ്പടി പള്ളിയിൽ കബറടങ്ങി.



# അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ
## (–1923)

ഇൻഡ്യ, സിലോൺ, ഗോവ മുതലായ ഇടവകകളുടെ മെത്രാപ്പോലീത്താ ആയിരുന്നു. റോമൻ കത്തോലിക്കാ സഭയിൽ നിന്നും മലങ്കര സഭാവിശ്വാസത്തിലേക്കു വന്ന ഗോവാ സ്വദേശിയായ ഒരു ജസ്യൂട്ട് പുരോഹിതൻ. ഇദ്ദേഹവും ഏതാനും പട്ടക്കാരും ആയിരക്കണക്കിന് ആളുകളും 1887–ൽ ഓർത്തഡോക്സ് വിശ്വാസം സ്വീകരിച്ചു. 1889 ജൂലൈ 29–ന് കോട്ടയം പഴയസെമിനാരിയിൽ വെച്ച് കടവിൽ മാർ അത്താനാസ്യോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ്, പരുമല മാർ ഗ്രീഗോറിയോസ് എന്നിവർ ചേർന്ന് ഇദ്ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിച്ചു.

ഗോവയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഒന്നിലധികം പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായിരുന്ന ഇദ്ദേഹം ഗോവയിലെ പദ്രവാദോ ഭരണത്തിനെതിരെയുള്ള സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണി പോരാളിയായിരുന്നു. ഈ സമരവും റോമൻ വിശ്വാസത്തിൽ നിന്നുള്ള വ്യതിചലനവും ഇദ്ദേഹത്തെ പോർട്ടുഗീസ്–റോമൻ സഭാ അധികാരികളുടെ

ശത്രുവാക്കി. തുടർന്ന് കഠിനമായി പീഡിപ്പിക്കപ്പെട്ട ഇദ്ദേഹം പല കുറ്റങ്ങളും ആരോപിക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെട്ടു. തടവിലായിരിക്കെ 1923 സെപ്തംബർ 23-നു കാലം ചെയ്തു. ഭൗതികശരീരം പഞ്ചിമിലെ മുനിസിപ്പൽ സെമിത്തേരിയിൽ മറവു ചെയ്തു. പോർട്ടുഗീസ് ഭരണത്തിലായിരുന്ന ഗോവ, ഇൻഡ്യൻ യൂണിയനിൽ ലയിച്ചതിനുശേഷം ബാഹ്യകേരള ഇടവകയുടെ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ) ഇദ്ദേഹത്തിന്റെ കബറിടം കണ്ടുപിടിക്കുകയും, 1981-ൽ ഗോവാ പഞ്ചിം സെന്റ് മേരീസ് പള്ളിയിലേക്ക് മാറ്റി ഇദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം ക്രമപ്രകാരം സംസ്കരിക്കുകയും ചെയ്തു.


മലങ്കര നസ്രാണി അല്ലാതിരുന്നിട്ടും മലങ്കരസഭയുടെ വൈഷമ്യമേറിയ ഒരു ഘട്ടത്തിൽ ശക്തമായ നിലപാട് സ്വീകരിച്ച ഒരു വ്യക്തിയായിരുന്നു മാർ യൂലിയോസ്. 1911-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ അബ്ദുള്ളാ പാത്രിയർക്കീസ് അകാരണമായി മുടക്കിയപ്പോൾ ഇദ്ദേഹവും മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും (പിന്നീട് ഒന്നാം കാതോലിക്കാ) ചേർന്ന് മുടക്കിനെ നിഷേധിച്ചുകൊണ്ടും മാർ ദീവന്നാസ്യോസിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടും ഒരു സംയുക്ത കല്പന എഴുതി പ്രസിദ്ധീകരിച്ചു. ഇതിൽ കുപിതനായ പാത്രിയർക്കീസ് മാർ യൂലിയോസിനെ മുടക്കി. മാർ ദീവന്നാസ്യോസിനെപ്പോലെ ഇദ്ദേഹവും മുടക്കിനെ വകവച്ചില്ല. ഇദ്ദേഹവും കടവിൽ മാർ അത്താനാസ്യോസും പരുമല മാർ ഗ്രിഗോറിയോസും ചേർന്നാണ് 1892 മെയ് 29-ന് സിലോണിൽ വച്ച് റെനിവിലാത്തി മാർ തീമോത്തിയോസിനെ മേല്പട്ടക്കാരനായി വാഴിച്ചത്.



# യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ
## (1858-1925)

തുമ്പമൺ, കണ്ടനാട് ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ (1913-25) ആയിരുന്നു. കണ്ടനാട് കരവട്ടുവീട്ടിൽ കോരയുടെ പുത്രനായി 1858-ൽ ജനിച്ചു. കോനാട്ട് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ശിക്ഷണ ത്തിൽ സുറിയാനിയും സഭാവിശ്വാസപ്രമാണങ്ങളും പഠിച്ചു. പ. പത്രോസ് പാത്രിയർക്കീസിൽ നിന്ന് 1876 മെയ് 5-ന് (മേടം 23) കണ്ടനാട് പള്ളിയിൽ വച്ച് യൗഫ്പദിയക്കിനോ പട്ടം സ്വീകരിച്ചു. 1882 ഏപ്രിൽ 6-ന് (മീനം 25) ശെമവൂൻ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ യിൽ നിന്ന് കടുങ്ങമംഗലം പള്ളിയിൽ വച്ച് പൂർണ്ണ ശെമ്മാശുപട്ടം സ്വീകരിച്ചു. കോട്ടയം പഴയസെമിനാരി ചാപ്പലിൽ വച്ച് പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ 1892 ഏപ്രിൽ 14-ന് കശീശാ പട്ടം നൽകി. ദീർഘകാലം പഴയസെമിനാരിയിലും പരുമല സെമിനാ രിയിലും താമസിച്ചു. യരുശലേമിൽ വച്ച് അബ്ദുള്ളാ പാത്രിയർക്കീസ് റമ്പാൻ സ്ഥാനം നൽകി. അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കര വന്ന് ലൗകികാധികാരം കൈയടക്കുവാൻ ശ്രമിച്ചപ്പോൾ, ഇദ്ദേഹം വട്ടശ്ശേരിൽ

തിരുമേനിയോടൊപ്പം നിന്ന് അതിനെ ശക്തമായി എതിർത്തു. 1913 ഫെബ്രുവരി 9–ന് ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വച്ച് പ. അബ്ദുൾ മശിഹാ പാത്രിയർക്കീസ് ഇദ്ദേഹത്തെ യൂയാക്കിം മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. പരുമല ആസ്ഥാനമാക്കി തുമ്പമൺ, കണ്ടനാട് എന്നീ ഭദ്രാസനങ്ങളുടെ ഭരണസാരഥ്യം വഹിച്ചു. 1925 ജൂൺ 6–ന് കാലം ചെയ്തു. പരുമല സെമിനാരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.



# ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ
## (1897–1951)

പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ തോമസ് കത്തനാരുടെ ദ്വിതീയ പുത്രനായി 1897 ജൂൺ 18-നു ജനിച്ചു. എം.എ., ബി.ഡി. ബിരുദങ്ങൾ കരസ്ഥമാക്കിയ ശേഷം വൈദിക പദവിയിലേക്കുയർത്തപ്പെട്ടു. ഹ്രസ്വ കാലം കോട്ടയം എം.ഡി. സെമിനാരി ബോർഡിംഗ് മാസ്റ്ററായും അദ്ധ്യാ പകനായും പ്രവർത്തിച്ചു. 1930-ൽ മലങ്കര അസോസിയേഷൻ ഇദ്ദേഹ ത്തെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1930 നവംബർ 3-ന് തുമ്പമൺ ഭദ്രാസനാധിപസ്ഥാനത്തേക്ക് മെത്രാപ്പോലീത്തായായി വാഴി ക്കപ്പെട്ടു.


ഭരണപരമായ പല പരിഷ്കാരങ്ങളും നടപ്പാക്കിക്കൊണ്ട് മലങ്ക രയുള്ള മറ്റു ഭദ്രാസനങ്ങൾക്കു മുമ്പിൽ ഈ ഭദ്രാസനത്തെ എത്തി ക്കുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. അവിവാഹിതരായ പട്ടക്കാരുടെ ഒരു സന്യാസസമൂഹം മുന്നിൽ കണ്ടുകൊണ്ട് പത്തനംതിട്ട ബേസിൽ ദയ റായ്ക്ക് ആരംഭം കുറിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിൽ ഇദ്ദേഹം മുൻകൈ എടുത്തു. കിഴവള്ളൂർ സെന്റ് ജോർജ്ജ്, പത്തനംതിട്ട

കാതോലിക്കേറ്റ്, പുത്തൻകാവ് മെത്രാപ്പോലീത്തൻ എന്നീ ഹൈസ്കൂളുകൾ ഇദ്ദേഹം സ്ഥാപിച്ചു.

ഹൃദയഹാരിയായ ആരാധന, ആരെയും ആകർഷിക്കുന്ന വാഗ് വിലാസം, വശ്യമായ വർത്തനം ഇവയെല്ലാം ഇദ്ദേഹത്തെ മലങ്കരസഭയുടെ കണ്ണിലുണ്ണിയാക്കി. മെത്രാൻസ്ഥാനമേൽക്കുമ്പോൾ മുപ്പത്തിമൂന്നു വയസ്സു മാത്രം. അക്കാരണത്താൽ "കൊച്ചു തിരുമേനി" എന്ന ഓമനപ്പേരിൽ അറിയപ്പെട്ടു. മലങ്കരസഭയുടെ പ്രഥമ എം.എ. ബിരുദധാരിയായ ബഥനിയുടെ മാർ ഈവാനിയോസ് റോമ്മാസഭയെ ആശ്ലേഷിച്ചപ്പോൾ മറ്റൊരു എം.എ. ബിരുദധാരിയായ ഇദ്ദേഹം ആ വിടവു നികത്തിയതായി സഭാംഗങ്ങൾ കരുതി.

മലങ്കരയിൽ തെക്കും വടക്കുമായി ഇദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങൾ മലങ്കരസഭയിൽ ആത്മീയ ഉണർവ്വ് ഉളവാക്കുന്നവയായിരുന്നു. പ്രസംഗപര്യടനത്തിനായി കുന്നംകുളത്തു പോയപ്പോൾ 1951 ഏപ്രിൽ 17-നു മരത്തംകോടു പള്ളിയിൽ വെച്ചു കാലം ചെയ്തു. പുത്തൻകാവിൽ പള്ളിയിൽ സംസ്കരിച്ചു. ഓർമ്മദിനം ഏപ്രിൽ 17.


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഗാനകോകിലം' എന്നറിയപ്പെട്ട ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ പ്രവർത്തനങ്ങളെയും സേവനങ്ങളെയും മാനിച്ച് അനുയോജ്യമായ ഒരു നാമം നൽകി ആദരിക്കുന്നത് ഉചിതമായിരിക്കുമെന്ന് 2013 ഫെബ്രുവരിയിൽ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മെത്രാപ്പോലീത്തായെ 'കാതോലിക്കേറ്റിന്റെ രത്നദീപം' എന്ന നാമം നൽകി ആദരിക്കുന്നതായി ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ 2013 മാർച്ച് മാസം 22-നു കല്പന പ്രസിദ്ധീകരിക്കുകയും ചെയ്തു.



# പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ
## (1810–1962)

കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തായായിരുന്നു. ചെറായി വലിയ പള്ളി ഇടവകയിൽ മുളയിരിക്കൽ കുഞ്ഞിട്ടൂപ്പിന്റെയും എളിച്ചിയുടെയും പുത്രനായി 1910 നവംബർ 6–ന് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കോതമംഗലത്ത് എം. റ്റി. ഇട്ടീരാ മല്പാനിൽ നിന്നും സുറിയാനിയും വിശ്വാസസത്യങ്ങളും അഭ്യസിച്ചു. 1912–ൽ പൗലോസ് മാർ അത്താനോസ്യോസ് തിരുമേനിയിൽ നിന്നും ശെമ്മാശുപട്ടവും 1930–ൽ വൈദികപട്ടവും 1934 ആഗസ്റ്റ് 19–നു ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ സ്വീകരിച്ചു. 1939–ൽ കൊരട്ടി സീയോൻ ആശ്രമം സ്ഥാപിച്ചു. 1946 ഓഗസ്റ്റ് 4–ന് പ. അപ്രേം പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ പൗലോസ് മാർ സേവേറിയോസ് എന്ന പേരിൽ പാത്രിയർക്കീസ് ഭാഗത്തിന്റെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തായായി വാഴിച്ചു. 1958–ലെ സഭാ സമാധാനത്തിനുശേഷം യോജിച്ച സഭയിലെ കൊച്ചി ഭദ്രാസനാധിപനായി നിയമിതനായി. ഇപ്പോഴുള്ള ഭദ്രാസനാസ്ഥാനമായ കൊരട്ടി അരമന ഇദ്ദേഹം നിർമ്മിച്ചതാണ്. സമാധാനത്തിന്റെ അന്തസത്ത ഉൾ

ക്കൊണ്ടു കൊണ്ട് തന്റെ ഭദ്രാസനത്തിൽ പ്രവർത്തിച്ചു. ഇന്നു മലബാർ ഭദ്രാസനത്തിലുള്ള നല്ല പങ്ക് പള്ളികളും ഇദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. 1962 മാർച്ച് 17-നു കാലം ചെയ്തു. ആർത്താറ്റ് സെന്റ് മേരീസ് പുത്തൻപള്ളിയിൽ അന്ത്യവിശ്രമംകൊള്ളുന്നു.



# കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പൊലീത്താ (പ. പാമ്പാടി തിരുമേനി) (1885-1965)

പാമ്പാടി പേഴമറ്റത്ത് ചാക്കോച്ചൻ-ഇളച്ചി ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. ജനനം 5-4-1885. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാന്റെയും കോനാട്ട് മാത്തൻ മല്പാന്റെയും കീഴിൽ പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം.

5-2-1899 ൽ ശെമ്മാശുപട്ടം കടവിൽ പൗലോസ് മാർ അത്താനാസ്യോസ് നൽകി. 1906 ജൂലൈ 28-നു പാമ്പാടി വലിയപള്ളിയിൽ വച്ച് കശ്ശീശാപട്ടവും ജൂലൈ 29-ന് റമ്പാൻ സ്ഥാനവും മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിൽ (പിന്നീട് ഒന്നാം കാതോലിക്കാ) നിന്നു സ്വീകരിച്ചു.


16-2-1929 ന് പ. ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് ഗ്രീഗോറിയോസ് എന്ന പേരിൽ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചു. 1934 ജൂൺ 1-ന് സ്വർണ്ണ വെള്ളിയാഴ്ച മെത്രാപ്പോലീത്താ

സ്ഥാനം നൽകി. കോട്ടയം മെത്രാസനത്തിന്റെ ചുമതല വഹിച്ചു (1929–1965).

കുന്നംകുളത്ത് പ്ലേഗ് പടർന്നു പിടിച്ചപ്പോൾ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ നിർദ്ദേശപ്രകാരം അവിടെയെത്തി കുന്നംകുളം നസ്രാണികളെ ആശ്വസിപ്പിക്കുകയും അവർക്കു വേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ആ ബാധ നീങ്ങിപ്പോയി. ഈ സംഭവത്തിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും കുന്നംകുളം നസ്രാണികൾ അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളിൽ സമൂഹമായി പോയി സംബന്ധിക്കുന്നു.

1965 ഏപ്രിൽ 5-ന് പാമ്പാടി ദയറായിൽ ദിവംഗതനായി. ഏപ്രിൽ 6-നു പള്ളിയോട് ചേർന്ന് വടക്കുഭാഗത്ത് അദ്ദേഹത്തെ കബറടക്കി.

മാതൃകാപരമായ ദയറാ ജീവിതത്തിന്റെ ഉടമ, അതിമനോഹരമായ സുറിയാനി കൈയക്ഷരം, മികച്ച പ്രാർത്ഥനാജീവിതം, മാതൃകാപരമായ ലാളിത്യം എന്നിവയുടെ പേരിൽ പ്രശസ്തനായ അദ്ദേഹത്തെ ഒരു പരിശുദ്ധനായി സഭ അനൗദ്യോഗികമായി പരിഗണിക്കുന്നു. പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിലും പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിലും അദ്ദേഹത്തിന്റെ പേരിൽ മദ്ബഹാകൾ സ്ഥാപിച്ചിട്ടുണ്ട്.



# അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പൊലീത്താ (1888-1965)


നിരണം മട്ടയ്ക്കൽ മത്തായിയുടേയും കുഞ്ഞാണ്ടമ്മയുടേയും മകനായി 1888 ആഗസ്ത് 28-ന് ജനിച്ചു. തിരുവല്ല എം.ജി.എം. കോട്ടയം എം.ഡി., സി.എം.എസ്. കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. 1915 മുതൽ ഈസ്റ്റ് ബംഗാളിലെ ബാരിസോൺ ഡിവിനിറ്റി കോളജ്, ഇംഗ്ലണ്ടിലെ മെൽഫിസിലിം, സെറാമ്പൂർ എന്നിവിടങ്ങളിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിൽ നിന്ന് കോട്ടയം ചെറിയപള്ളിയിൽ വച്ച് ശെമ്മാശുപട്ടവും 1918-ൽ പരുമല പള്ളിയിൽ വച്ച് യൂയാക്കീം മാർ ഈവാനിയോസിൽ നിന്ന് വൈദികപട്ടവും സ്വീകരിച്ചു. റാന്നി-പെരുനാട്ടിൽ ബഥനി ആശ്രമം സ്ഥാപിച്ചു. ബഥനി മെത്രാൻ മാർ ഈവാനിയോസ് റോമാസഭയിൽ ചേർന്നതിനെ തുടർന്ന് 1930-ൽ ബഥനി ആശ്രമാദ്ധ്യക്ഷനായി.

1938 ഏപ്രിൽ 7-നു കണ്ടനാട് കർമ്മേൽ ദയറായിൽ വച്ച് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ, അലക്സിയോസ് മാർ തേവോദോസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. തുടർന്ന് ബാഹ്യകേരള ഭദ്രാസനാധിപനായി നിയമിതനായി. 1937-ൽ ഇംഗ്ലണ്ടിൽ നടന്ന ഫെയ്ത്ത് ആൻഡ് ഓർഡർ സമ്മേളനത്തിലും 1948-ൽ നടന്ന WCC രൂപീകരണയോഗത്തിലും ഇദ്ദേഹം സംബന്ധിച്ചിരുന്നു. 1948-55 വരെ WCC കേന്ദ്രസമിതി അംഗമായിരുന്നു.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ വെയ്ക്കുവാൻ തയ്യാറായ ഇദ്ദേഹത്തെപ്പോലെ മറ്റൊരു മെത്രാപ്പൊലീത്താ ഉണ്ടോയെന്നു സംശയമാണ്. കാരണം, ''ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്തായായി കഴിയുവാൻ ആഗ്രഹിക്കുന്നില്ല. ഒരു നായയെപ്പോലെ മരിക്കേണ്ടി വന്നാലും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ അടരാടും. മലങ്കര സഭയുടെ സ്വാതന്ത്ര്യം തീറെഴുതുവാനും അബ്ദൾ മ്ശിഹായുടെ പട്ടത്ത്വം പാഴാണെന്ന് സമ്മതിക്കുവാനും ഞാൻ തയ്യാറല്ല. എന്റെ ഉത്തമബോധ്യത്തിനെതിരായി ഞാൻ പ്രവർത്തിക്കുകയില്ല'' എന്ന നിലപാടുകാരനായിരുന്നു അദ്ദേഹം.

1965 ആഗസ്റ്റ് 6-നു കാലം ചെയ്തു. പെരുനാട് ബഥനി ആശ്രമത്തിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ ഓഗസ്റ്റ് 6.




# ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പൊലീത്താ (1889–1966)

അങ്കമാലി നെടുമ്പാശ്ശേരിൽ പൈനാടത്തു വയലിപ്പറമ്പിൽ തോമസിന്റെയും ശോശാമ്മയുടേയും ദ്വിതീയ പുത്രനായി 1889 ജൂലൈ 17–ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസാനന്തരം ആലുവ യു.സി. കോളജിൽ നിന്ന് ബി.എ. ബിരുദം നേടി.

കൊ.വ. 1107–ൽ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്ന് ശെമ്മാശുപട്ടവും കൊ.വ. 1109–ൽ പൗലോസ് മാർ അത്താനാസ്യോസിൽ നിന്ന് കശ്ശീശ്ശാപട്ടവും സ്വീകരിച്ചു. 1946 കർക്കിടകം 22–ന് ഹോംസിലെ പാത്രിയർക്കാ ദേവാലയത്തിൽ വച്ച് പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

1953 ജനുവരി 27–ന് അങ്കമാലി ഭദ്രാസനാധിപനായി നിയമിതനായി. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്ന 'സഭാചന്ദ്രിക' മാസിക ഇദ്ദേഹമാണ് ആരംഭിച്ചത്. 1966 നവംബർ 6–ന് കാലം ചെയ്തു. ആലുവാ തൃക്കുന്നത്തു സെമിനാരി പള്ളിയോടു ചേർന്ന് കബറടക്കി. ഓർമ്മപ്പെരുന്നാൾ നവംബർ 6.



# പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പൊലീത്താ

# (1886-1968)


തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ ചെറിയാൻ പുരവത്തിന്റേയും കുഞ്ഞു മറിയാമ്മയുടേയും മകനായി 1886 ജൂൺ 20-ന് ജനിച്ചു. മെട്രിക്കുലേഷനു ശേഷം തിരുവനന്തപുരം മഹാരാജാസ് കോളജിൽ നിന്ന് ബി.എ., എൽ.ടി. സെറാമ്പൂരിൽ നിന്ന് ബി.ഡി. എന്നീ ബിരുദങ്ങൾ നേടി.

യൂയാക്കീം മാർ ഈവാനിയോസിൽ നിന്ന് 1916-ൽ പരുമലയിൽ വച്ച് ശെമ്മാശുപട്ടം സ്വീകരിച്ചു. 1926 മെയ് 4-നു സ്ലീബാ മാർ ഒസ്താത്തിയോസ് വൈക്കം ചെമ്പ് പള്ളിയിൽ വച്ച് വൈദികപട്ടം നൽകി. 1924 സെപ്റ്റംബർ 14-ാം തീയതി സ്ലീബാദാസസമൂഹം സ്ഥാപിച്ച് മിഷനറി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. തീണ്ടൽ, തൊടീൽ തുടങ്ങിയ ദുരാചാരങ്ങൾക്ക് എതിരായി പോരാടി. ജാതിക്കോമരങ്ങൾ കേരളത്തിൽ തീണ്ടലിന്റെയും, തൊടീലിന്റെയും പേരിൽ കാട്ടിക്കൂട്ടിയ പേക്കൂത്തുകൾ പത്രദ്വാരാ പൊതുജനസമക്ഷത്ത് കൊണ്ടുവരുവാൻ ഇദ്ദേഹം ശ്രമിച്ചിരുന്നു (മലയാള മനോരമ, 1923, മാർച്ച് 17).

1943-ൽ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ റമ്പാൻ സ്ഥാനം നൽകി. 1953 മെയ് 15-നു കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചു പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഇദ്ദേഹത്തെ പത്രോസ് മാർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു. തുടർന്ന് മലബാർ ഭദ്രാസനാധിപനായി നിയമിതനായി.

ലളിതജീവിതം, സമഭാവനയുള്ള സമീപനം, സ്വന്തമായി ഒന്നും സമ്പാദിക്കാത്ത നിസ്വാർത്ഥത, സഭയുടെ സ്വാതന്ത്ര്യാഭിവാഞ്ഛ, ആരുടേയും മുന്നിൽ മുട്ടുമടക്കാത്ത ആത്മധൈര്യം ഇതിന്റെയെല്ലാം ഉടമയായിരുന്നു.

ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി 20,000-ത്തിൽപ്പരം പേർ ക്രിസ്തുമതം സ്വീകരിച്ചു. സഭയുടെ മിഷണറി ബിഷപ്പായിരുന്ന ഇദ്ദേഹം ഒന്നിലധികം ഭാരതപര്യടനങ്ങൾ നടത്തി. 1968 ഫെബ്രുവരി 2-ന് കാലം ചെയ്തു. കർമ്മേൽ ദയറായിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ ഫെബ്രുവരി 2.



# തോമ്മാ മാർ ദീവന്നാസിയോസ് മെത്രാപ്പൊലീത്താ (1887-1972)


മാവേലിക്കര കല്ലുംപുറത്ത് മാത്യുവിന്റെയും ഏലിയാമ്മയുടേയും മകനായി 1887 ജൂൺ 8-നു ജനിച്ചു. മാവേലിക്കര ഗവ. ഹൈസ്ക്കൂൾ, കോട്ടയം സി.എം.എസ്. കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. 1937-ൽ ഓക്സ്ഫഡ് സർവ്വകലാശാലയിൽ വേദശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. മുൻ ഇന്ത്യൻ പ്രസിഡണ്ട് എസ്. രാധാകൃഷ്ണൻ ഓക്സ്ഫഡിൽ സതീർത്ഥ്യനായിരുന്നു.

1912 നവംബറിൽ ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ വച്ച് വട്ടശ്ശേരിൽ ദീവന്നാസിയോസിൽ നിന്ന് ശെമ്മാശുപട്ടവും 1934-ൽ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് തോമ്മാ മാർ ദീവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു.

1944-ൽ നിരണം ഭദ്രാസന മെത്രാപ്പോലീത്തായായി നിയമിതനായി. പത്തനാപുരം താബോർ സന്യാസസമൂഹവും മറ്റു സ്ഥാപനങ്ങളും

സ്ഥാപിച്ചു. മികച്ച പ്രഭാഷകനായിരുന്നു. WCC തുടങ്ങിയ അന്തർദേശീയ സംഘടനകളിൽ സഭയുടെ ഖ്യാതി ഉയർത്തുവാൻ അങ്ങേയറ്റം പരിശ്ര മിച്ചു. 'വിശ്വാസം, പട്ടത്വം, അച്ചടക്കം' എന്ന പുസ്തകത്തിന്റെ കർത്താ വാണ്.


1972 ഡിസംബർ 3-നു കാലം ചെയ്തു. പത്തനാപുരം മൗണ്ട് താബോർ ദയറായിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ ഡിസംബർ 3-ന്.



# യൂഹാനോൻ മാർ അത്താനാസ്യോസ് (1928–1980)

കോട്ടയം ചക്കാലപ്പറമ്പിൽ വടക്കേപ്പറമ്പിൽ വർക്കി - അന്നമ്മ ദമ്പതികളുടെ മകൻ. ജനനം 21-3-1928. ബിരുദാനന്തരം ഇംഗ്ലണ്ടിൽ വച്ച് വേദശാസ്ത്രത്തിൽ ഉപരിപഠനം. കോളജധ്യാപക ജോലി രാജി വച്ച് ബഥനി ആശ്രമത്തിൽ ചേർന്നു. 1956 ജൂൺ 14 ന് മാത്യൂസ് മാർ അത്താനാസ്യോസ് കശ്ശീശാ പട്ടം നൽകി. ബഥനി സുപ്പീരിയർ ആയി. 1978 മേയ് 15-ന് പഴഞ്ഞി പള്ളിയങ്കണത്തിൽ വച്ച് മാത്യൂസ് I കാതോലിക്കാ മേല്പട്ടം നൽകി. കോട്ടയത്തിന്റെ സഹായ മെത്രാനായി നിയമിച്ചു. ബഥനിയുടെ വിസിറ്റർ ബിഷപ്പ് ആയിരുന്നു.

1980 ഒക്ടോബർ 12-ന് നിര്യാതനായി. റാന്നി-പെരുനാട് ബഥനി ആശ്രമം ചാപ്പലിൽ കബറടക്കി.




# മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (1889-1980)

പുതുപ്പള്ളി വലിയ പാറേട്ട് മാത്തുവിന്റെയും അച്ചാമ്മയുടേയും പുത്രനായി 1889 ജനുവരി 19-ന് ജനിച്ചു. കോട്ടയം എം.ഡി. സെമിനാരിയിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പഴയസെമിനാരിയിലും കൽക്കട്ടാ ബിഷപ്പ്സ് കോളജിലുമായി വൈദികാഭ്യസനം നടത്തി.

1899 ജൂൺ 7-ന് പുതുപ്പള്ളി വലിയപള്ളിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസിൽ നിന്ന് കോറൂയോ പട്ടവും 1908 മെയ് 17-ന് യറുശലേം സെഹിയോൻ മാളികപള്ളിയിൽ വച്ച് യറുശലേം പാത്രിയർക്കീസിൽ നിന്ന് പൂർണ്ണശെമ്മാശുപട്ടവും 1920 ജൂൺ 7-ന് പരുമല സെമിനാരിയിൽ വച്ച് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിൽ നിന്ന് കശ്ശീശ്ശാപട്ടവും സ്വീകരിച്ചു. 33 വർഷം പുതുപ്പള്ളി വലിയപള്ളി വികാരിയായി സേവനമനുഷ്ഠിച്ചു.

1953 മെയ് 11-ന് പഴയസെമിനാരിയിൽ വച്ച് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, റമ്പാൻ സ്ഥാനം നൽകി. 1953 മെയ് 15-ന് കോട്ടയം ഏലിയാ

ചാപ്പലിൽ വച്ച് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, മാത്യൂസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു. കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്താ യായും 1965 മുതൽ മെത്രാപ്പോലീത്തായായും ഭരണസാരഥ്യം വഹിച്ചു. 1980 ഒക്ടോബർ 31-ന് കാലം ചെയ്തു. പാമ്പാടി ദയറായിൽ കബറ ടക്കി. ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 31.




# യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പൊലീത്താ

# (1921-1986)

അയ്യമ്പള്ളി മഴുവഞ്ചേരിൽ ചാക്കോ മാത്യുവിന്റെയും അന്നമ്മയുടെയും മകനായി 1921 ഫെബ്രുവരി 19-ന് ജനിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം സി.എം.എസ്. കോളജിൽ നിന്ന് ഇന്റർമീഡിയറ്റും ആലുവാ യു.സി. കോളജിൽ നിന്ന് ബി.എ. യും തിരുവനന്തപുരം ട്രെയിനിംഗ് കോളജിൽ നിന്ന് ബി.റ്റി. യും കരസ്ഥമാക്കി. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് ശെമ്മാശുപട്ടവും 1948 ജൂലൈ 3-ന് വൈദികപട്ടവും സ്വീകരിച്ചു.

1978 മെയ് 15-ന് പഴഞ്ഞിയിൽ വച്ച് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, യാക്കോബ് മാർ പോളിക്കാർപ്പോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. തുടർന്ന് കൊച്ചി ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി നിയമിതനായി. 1986 ഡിസംബർ 26-ന് കാലം ചെയ്തു. 27-ന് കൊരട്ടി സീയോൻ സെമിനാരി ചാപ്പലിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ ഡിസംബർ 26.



# യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പൊലീത്താ (1920-1990)


1920 ജനുവരി 14-നു പുതുപ്പള്ളി സെന്റ് ജോർജ്ജ് ഇടവകയിൽ തൃക്കോതമംഗലത്തു നരിമറ്റത്തിൽ വർഗീസ് അവിരായുടെ പുത്രനായി ജനിച്ചു. വാകത്താനം മിഡിൽ സ്കൂളിലും, പുതുപ്പള്ളി ഹൈസ്കൂളിലും പഠിച്ചശേഷം കെ. വി. ഗീവർഗീസ് റമ്പാന്റെ കീഴിൽ സുറിയാനി പഠിത്തം ആരംഭിച്ചു. സുറിയാനി ഭാഷയിലുള്ള അസാമാന്യമായ വാസനാവൈഭവം റമ്പാന്റേയും മറ്റുള്ളവരുടേയും പ്രശംസയാർജ്ജിക്കുവാൻ പര്യാപ്തമായിരുന്നു. തൽഫലമായി കൂടുതൽ പഠിക്കുവാനുള്ള പ്രേരണ ലഭിച്ചു.

1939-ൽ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ (ഔഗേൻ കാതോലിക്കാ ബാവാ) കീഴിൽ സുറിയാനി ഭാഷാ സംബന്ധമായ ഉപരിപഠനമാരംഭിച്ചു. അതോടൊപ്പം വേദശാസ്ത്രം, സഭാചരിത്രം, കാനോൻ എന്നിവയും പഠിച്ചു. 1943 ഏപ്രിലിൽ മുവാറ്റുപുഴ അരമന ചാപ്പലിൽ വച്ച് ശെമ്മാശു പട്ടവും, ജൂണിൽ കുറിഞ്ഞി പള്ളിയിൽ വച്ച് കശ്ശീശ്ശാപട്ടവും സ്വീകരിച്ചു. അനന്തരം, ഏതാനും മാസക്കാലം

പാമ്പാക്കുട വലിയപള്ളിയിൽ കോനാട്ട് ഏബ്രഹാം മല്പാന്റെ സഹപട്ടക്കാരനായി സേവനം അനുഷ്ഠിച്ചു. പാമ്പാക്കുടയിലുള്ള സുപ്രസിദ്ധ ലൈബ്രറിയിൽ നിന്ന് ഒട്ടനവധി വേദശാസ്ത്രഗ്രന്ഥങ്ങൾ (സുറിയാനി ഭാഷയിലുള്ളവ) വായിച്ചു ഗ്രഹിച്ച് തന്റെ വേദശാസ്ത്ര വിജ്ഞാനം വളർത്തുന്നതിനു യോഹന്നാൻ അച്ചനു സാധിച്ചു. അനന്തരം പരിശുദ്ധ പാമ്പാടി തിരുമേനിയുടെ നിർദ്ദേശപ്രകാരം ഒരു വർഷക്കാലം പാമ്പാടി ദയറായിൽ ചാപ്ലെയിൻ ആയി താമസിച്ചു. ഈ കാലഘട്ടം ബഹു. അച്ചന്റെ ആത്മിക ജീവിതത്തിൽ വളരെ വിലപ്പെട്ടതായിരുന്നു. വിശുദ്ധമായ ഒരു ജീവിതചര്യ പകർത്തുന്നതിന് ഇതു പ്രയോജനപ്പെട്ടു.

1942 മുതൽ മൂന്നു വർഷക്കാലം അമയന്നൂർ കാരാട്ടുകുന്നേൽ പള്ളി വികാരിയായിരുന്നു. ഇതിനിടയ്ക്ക് പുതുപ്പള്ളി വലിയപള്ളിയിൽ സഹായ പട്ടക്കാരനായും സേവനം ചെയ്തു. 1945-ൽ പള്ളം സെന്റ് മേരീസ് സെഹിയോൻ പള്ളി വികാരിയായി സ്ഥലംമാറ്റപ്പെട്ടു. 1948-ൽ പാണ്ഡിത്യവും മാതൃകാജീവിതവും മൂലം ശ്രേഷ്ഠ ഗുരുവായ അദ്ദേഹത്തിന് സെമിനാരിയിലെ മല്പാൻ സ്ഥാനം സഭ നൽകി. ഈ നിയമന ശേഷം വലിയ കാലതാമസം കൂടാതെ ഇടവകജോലിയിൽ നിന്നും സ്വയം വിരമിച്ചു. 1955-ൽ കോട്ടയം ദേവലോകം അരമന ചാപ്പലിനായി സേവനം ചെയ്തു. 1958-ലെ സമാധാനത്തിനുശേഷം യോജിച്ച സഭ മേല്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. വൈദികസെമിനാരി, എം.ഡി. സെമിനാരിയിൽ നിന്നും പഴയസെമിനാരിയിലേയ്ക്കു മാറ്റിയതിനെ തുടർന്ന് 1959-ൽ പഴയസെമിനാരി ചാപ്ലെയിൻ കൂടി ആയി നിയമിക്കപ്പെട്ടു.

1966 ഫെബ്രുവരി 26-ന് റമ്പാൻ സ്ഥാനവും, തുടർന്ന് ആഗസ്റ്റ് 26-ന് കോലഞ്ചേരി പള്ളിയിൽ വച്ച് മേല്പട്ടസ്ഥാനവും ലഭിച്ചു. ഒക്ടോബറിൽ കൊച്ചി ഭദ്രാസനാധിപനായി സ്ഥാനാരോഹണം ചെയ്തു. നൂറുകണക്കിന് ഈടുറ്റ ലേഖനങ്ങളുടേയും ഏതാനും ഗ്രന്ഥങ്ങളുടേയും രചയിതാവുമാണ്. 1990 മെയ് 16-ന് കാലം ചെയ്തു. കൊരട്ടി സീയോൻ സെമിനാരിയിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ മെയ് 16.



# ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പൊലീത്താ (1910-1990)

ഓമല്ലൂർ വടുതല പി. ഇ. ഈശോ കത്തനാരുടെ ദ്വിതീയ പുത്രനായി 1910 മെയ് 10-ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കൈപ്പട്ടൂർ ഗവ. പ്രൈമറി സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം എം.ഡി. സെമിനാരി യിലും നടത്തി. തിരുവനന്തപുരം മഹാരാജാസ് സയൻസ് കോളജിൽ നിന്ന് ഫിസിക്സിൽ ബി.എ., സെറാമ്പൂർ കോളജിൽ നിന്ന് ബി.ഡി. ബിരുദങ്ങൾ കരസ്ഥമാക്കി.

പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി 12-ാം വയസ്സിൽ മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് തിരുമേനി യിൽ നിന്ന് കോറൂയോ പട്ടവും 1938 ഡിസംബർ 11-ന് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് ശെമ്മാശുപട്ടവും 1944 ജൂൺ 9-ന് വൈദിക പട്ടവും സ്വീകരിച്ചു. 1937-ൽ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ സെക്രട്ടറിയായി ബേസിൽ അരമനയിൽ താമസം ആരം ഭിച്ചതോടെയാണ് അദ്ദേഹം സഭാസേവന രംഗത്ത് സജീവമായി പ്രവേ ശിച്ചത്. കൈപ്പട്ടൂർ, ഓമല്ലൂർ, മുള്ളനിക്കാട്, മല്ലശ്ശേരി, വാഴമുട്ടം ഈസ്റ്റ്, തുമ്പമൺ ഏറം, കദീശ്ത്താ, തുമ്പമൺ നോർത്ത്, നരിയാപുരം എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

1951-ൽ മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1951 സെപ്റ്റം ബർ 21-ന് പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1953 മെയ് 15-ന് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചു നടന്ന മെത്രാൻ സ്ഥാനാഭിഷേ കത്തിൽ മറ്റു നാലുപേരുടെ കൂടെ, 'ദാനിയേൽ മാർ പീലക്സീനോസ്' എന്ന പേരിൽ വാഴിക്കപ്പെട്ടു. 1953 മെയ് 15-ന് തുമ്പമൺ ഭദ്രാസനാധി പനായി നിയമിതനായി.

കാതോലിക്കേറ്റ് സ്കൂളിലെ പ്രഗത്ഭനായ അദ്ധ്യാപകൻ, പത്തനം തിട്ട കാതോലിക്കേറ്റ് കോളജ് പ്രഥമ പ്രിൻസിപ്പാൾ, തുമ്പമൺ ഭദ്രാ സന സെക്രട്ടറി, പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അസിസ്റ്റന്റ്, കൊച്ചി ഭദ്രാസന സഹായ മെത്രാപ്പൊലീത്താ, പ. സുന്ന ഹദോസ് സെക്രട്ടറി, വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡന്റ്, യുവജന പ്രസ്ഥാനം പ്രസിഡന്റ്, എം. ഒ. സി. കോളജ് മാനേജർ, കോർപ്പറേറ്റ് സ്കൂൾ മാനേജർ, മാർ ബേസിൽ ദയറാ സുപ്പീരിയർ, റൂൾസ് കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

വേദശാസ്ത്രപാണ്ഡിത്യവും പ്രഭാഷണനൈപുണ്യവും വിശ്വാസ സുസ്ഥിരതയും പരക്കെ അംഗീകരിക്കപ്പെട്ടിരുന്നതിനാൽ ലോകത്തിലെ വിവിധ ക്രൈസ്തവ സംഘടനാ സമ്മേളനങ്ങളിൽ സംബന്ധിക്കുന്ന തിനു സാധിച്ചു. 1953-ൽ അമേരിക്കയിൽ കൂടിയ അഖില ലോക ക്രൈസ്തവ സമ്മേളനത്തിലും 1961-ൽ ഗ്രീസിൽ നടന്ന പാൻ ഓർത്ത ഡോക്സ് സമ്മേളനത്തിലും 1963 ജൂലൈയിൽ മോസ്കോയിൽ നടന്ന റഷ്യൻ പാത്രിയർക്കീസിന്റെ സ്ഥാനാഭിഷേക ജൂബിലി ആഘോഷ ത്തിലും 1965 ജനുവരിയിൽ എത്യോപ്യയിൽ വച്ചു നടന്ന ഓർത്ത ഡോക്സ് സഭകളുടെ കോൺഫറൻസിലും മലങ്കരസഭയെ പ്രതിനിധീ കരിച്ച് സംബന്ധിച്ചു. ഇംഗ്ലണ്ട്, ഫ്രാൻസ്, സ്വിറ്റ്സർലന്റ്, ഗ്രീസ്, വിശു ദ്ധനാടുകൾ എന്നിവ സന്ദർശിച്ചു.

നവംനവങ്ങളായ പദ്ധതികളും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ പുരോഗതിയും വൈദികരുടെ സഹകരണവും തിരുമേനിയുടെ സംഘ ടനാശേഷിയും, വൈദികരുടെ ശമ്പളപദ്ധതിയും ഭദ്രാസനത്തിന്റെ നവോ ത്ഥാനത്തിനും ആത്മിക വളർച്ചയ്ക്കും പ്രേരകമായി. മലങ്കരസഭയിൽ ഭദ്രാസന ഡയറക്ടറി ആദ്യമായി പ്രസിദ്ധപ്പെടുത്തിയത് തിരുമേനിയാണ്. ഇന്നു കാണുന്ന രീതിയിൽ ഭദ്രാസനത്തിന്റെ വികസനോന്മുഖമായ വളർച്ചയ്ക്ക് തിരുമേനി ചെയ്ത സേവനം നിസ്തുലമാണ്.

1990 ഡിസംബർ 15-നു കാലം ചെയ്തു. പത്തനംതിട്ട ബേസിൽ അരമന ചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഓർമ്മപ്പെരുന്നാൾ ഡിസംബർ 15.



# ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ (1926-1991)

കണ്ടനാട് മെത്രാസനത്തിലെ മുളക്കുളം പള്ളി ഇടവകാംഗമായ പൂവത്തുങ്കൽ വർക്കി-അന്ന ദമ്പതികളുടെ മൂത്ത മകനായി 1926 ജൂൺ 19-ന് ഭൂജാതനായി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, എറണാകുളം സെന്റ് ആൽബർട്ട്സ് കോളജ്, മഹാരാജാസ് കോളജ് എന്നിവിടങ്ങളിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും നേടി. ഇംഗ്ലണ്ടിലെ കാർഡിഫ് സെന്റ് മൈക്കിൾസ് കോളജിൽ വേദശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. 1952 ജൂൺ 22-ന് വൈദികപട്ടം സ്വീകരിച്ചശേഷം കൊച്ചി, എറണാകുളം, സിംഗപ്പൂർ, ലണ്ടൻ, മലേഷ്യ, പറന്തൽ, വയലത്തല എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. 1974-ലെ നിരണം അസ്സോസിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1975 ഫെബ്രുവരി 16-ന് ഔഗേൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ ജോസഫ് മാർ പക്കോമിയോസ് എന്ന പേരോടെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. 1975 ജൂലൈ

19-ന് കണ്ടനാട് മെത്രാസന മെത്രാപ്പോലീത്തായായി വെട്ടിക്കൽ ദയറായിൽ വച്ച് സൂന്ത്രോണീസോ നടത്തി.

വൈദികനായിരുന്നപ്പോൾ യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ്, സുന്നഹദോസ് ഓഫീസ് സെക്രട്ടറി എന്നീ നിലകളിലും മെത്രാപ്പോലീത്തായായിരുന്ന സമയത്ത് എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി, കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ, മലങ്കരസഭ ഫിനാൻസ് കമ്മിറ്റി ചെയർമാൻ, ദിവ്യബോധനം വൈസ് പ്രസിഡന്റ്, മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പ. പരുമല തിരുമേനിയുടെ പാദസ്പർശനത്താൽ പുണ്യമാക്കപ്പെട്ട വെട്ടിക്കൽ ദയറ പുനരുദ്ധരിച്ച് പാത്രിയർക്കീസ് വിഭാഗത്തിന്റെ കരാളഹസ്തത്തിൽ നിന്നും അതിനെ രക്ഷിച്ചതിന്റെ എല്ലാ ക്രെഡിറ്റും പക്കോമിയോസ് തിരുമേനിക്കുള്ളതാണ്. പാത്രിയർക്കീസ് വിഭാഗത്തിന്റെ പരദേശാധികാരവാദങ്ങളുടെ മുനയൊടിക്കുവാൻ ഇദ്ദേഹം വാചാലനായി സഭയിൽ അങ്ങോളം ഇങ്ങോളം ഓടിനടന്നിട്ടുണ്ട്. സാധാരണക്കാരായ ഓർത്തഡോക്സ് വിശ്വാസികൾക്കായി മെത്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ കാതോലിക്കേറ്റ് സെന്ററുകൾ പടുത്തുയർത്തുവാൻ സന്നദ്ധത കാണിച്ചു.

മലങ്കരസഭയുടെ സംരക്ഷണത്തിനും, കണ്ടനാട് ഭദ്രാസനത്തിന്റെ ഉദ്ധാരണത്തിനുമായി അനേകം ഭാരത തീർത്ഥയാത്രകളും വിദേശയാത്രകളും മാർ പക്കോമിയോസ് നടത്തി. കാതോലിക്കായുടെ അസിസ്റ്റന്റ്, ഫിനാൻസ് കമ്മിറ്റി ചെയർമാൻ, സുന്നഹദോസ് സെക്രട്ടറി, സഭ വക സ്കൂളുകളുടെ മാനേജർ തുടങ്ങിയ അനേക ചുമതലകളിൽ അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.


കക്ഷി വഴക്കിന്റെ മൂർദ്ധന്യഭാവത്തിൽ കിടന്നു പിടഞ്ഞുകൊണ്ടിരുന്ന വടക്കൻ മെത്രാസനങ്ങൾക്കു വേണ്ടി സഭാകേന്ദ്രത്തിൽ എന്നും വാദിച്ചിട്ടുള്ള യഥാർത്ഥ നേതാവായിരുന്നു തിരുമേനി. അതുപോലെ മലങ്കര സഭയെ തെക്ക് വടക്ക് ഭേദമില്ലാതെ ഒന്നായി കരുതിയിരുന്ന മറ്റൊരു സഭാപിതാവ് ഉണ്ടോ എന്ന് സംശയമാണ്.

മലങ്കരസഭയുടെ അഖണ്ഡത കാത്തുസൂക്ഷിക്കുവാൻ യാതൊരുവിധ വിഭാഗീയ ചിന്താഗതിയും കൂടാതെ നേതൃത്വം കൊടുത്തുകൊണ്ട് ഒന്നര ദശാബ്ദത്തിലധികം ഈ പിതാവ് കണ്ടനാട് മെത്രാസനത്തിന് സുധീരമായ നേതൃത്വം കൊടുത്തു. സഭയ്ക്കും മെത്രാസനത്തിനും വേണ്ടി വിശ്രമമില്ലാതെ ഓടി നടന്നതിന്റെ ഫലമായി 1991 ആഗസ്റ്റ് 19-ന് കാലം

ചെയ്തു. സ്വന്തം ഇടവക പള്ളിയായ കർമ്മേൽക്കുന്ന് പള്ളിയിൽ കബറടക്കി. ഈ പിതാവ് മലങ്കരസഭയിലെ കക്ഷിവഴക്കിന്റെ മദ്ധ്യത്തിൽ പ്രശ്നബാധിത മെത്രാസനങ്ങൾക്കു വേണ്ടി തന്റെ ജീവൻ ബലി അർപ്പിക്കുകയായിരുന്നു.

കക്ഷി വഴക്കിനെ തുടർന്ന് മലങ്കരസഭയുടെ സംരക്ഷണത്തിനും കണ്ടനാട് മെത്രാസനത്തിന്റെ ഉദ്ധാരണത്തിനും, വെട്ടിക്കൽ ദയറായുടെ പുനർനിർമ്മാണത്തിനും വേണ്ടി സ്വദേശത്തും വിദേശത്തും ഉള്ള സഭാസ്നേഹികളെ നേരിൽ കണ്ട് സാമ്പത്തിക സഹായങ്ങൾ സമാഹരിക്കുന്നതിൽ തിരുമേനി നിർവ്വഹിച്ച പങ്ക് നിസ്തുലമാണ്.

ഒരു മികച്ച വാഗ്മിയും സംഘാടകനും കൂടിയായിരുന്ന തിരുമേനി 'ഓർത്തഡോക്സ് യൂത്ത്', മലങ്കരസഭ മാസികകളിൽ ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുറിമറ്റത്തിൽ തിരുമേനിയുടെ ജീവചരിത്രം, സഭയുടെ ആചാരാനുഷ്ഠാനങ്ങൾ, മാർ അന്തോണിയോസിന്റെ ജീവചരിത്രം എന്നീ കൃതികളും രചിച്ചു. ഓർമ്മപെരുന്നാൾ ആഗസ്റ്റ് 19.



# ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (1922-1996)

ലോകപ്രശസ്ത, ദാർശനികനും, ചിന്തകനും, ദൈവശാസ്ത്രജ്ഞനും ഗ്രന്ഥകാരനും. 1922 ഓഗസ്റ്റ് 9-ന് തൃപ്പൂണിത്തുറയിൽ ജനിച്ചു. പിതാവ്: പൈലി, മാതാവ്: ഏലി. 1937-ൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. അതുകഴിഞ്ഞ് പത്രലേഖകൻ (1937-'42), ട്രാൻസ്പോർട്ട് കമ്പനിയിൽ ഗുമസ്തൻ, പി. ആൻഡ് ടി. വകുപ്പിൽ ഗുമസ്തനും പോസ്റ്റ്മാസ്റ്ററും (1942-'47). അക്കാലത്ത് പി. ആൻഡ് ടി. യൂണിയൻ തിരുവിതാംകൂർ - കൊച്ചി അസ്സോസിയേറ്റ് സെക്രട്ടറി. പിന്നീട് എത്യോപ്യയിൽ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകൻ (1947-'50). അമേരിക്കൻ സർവ്വകലാശാല കളിൽ പഠിച്ച് ഉന്നതബിരുദങ്ങൾ നേടി (1950-'54). ആലുവാ ഫെലോ ഷിപ്പ് ഹൗസ് ബർസാർ ആയി പ്രവർത്തിച്ചു (1954-'56). എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുടെ പേഴ്സണൽ അസിസ്റ്റന്റും ഉപ ദേശകനും (1956-'59).

1959 ജനുവരിയിൽ ശെമ്മാശനായി. യേൽ സർവ്വകലാശാലയിലും ഓക്സ്ഫഡിലും ഉപരിപഠനം നടത്തി (1959-'61). 1961-ൽ വൈദികനായി.

ക്രൈസ്തവസഭകളുടെ അഖിലലോക കൗൺസിലിന്റെ (W.C.C.) അസോസിയേറ്റ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു (1962–'67). സോവിയറ്റ് യൂണിയനിലേക്കു പോയ W.C.C.യുടെ ഡെലിഗേഷന്റെയും (1962), യുനെസ്കോ ഡെലിഗേഷന്റെയും (1967) നേതാവ്. 1967 മുതൽ 1996 വരെ ഓർത്തഡോക്സ് സെമിനാരിയുടെ പ്രിൻസിപ്പൽ.

1975–ൽ മെത്രാപ്പോലീത്തായായി. 1976 മുതൽ 1996 വരെ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ. ക്രൈസ്തവസഭകളുടെ ലോകകൗൺസിൽ (W.C.C.) പ്രസിഡന്റുമാരിലൊരാളായി പ്രവർത്തിച്ചു (1983–'91). ലോകസമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശവുമായി ആഗോളതലത്തിൽ സഞ്ചരിച്ചു. ഒട്ടധികം അന്താരാഷ്ട്ര സംഘടനകളുടെ നേതൃത്വം വഹിച്ചിരുന്നു. സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, ഓട്ടോനുഷ്കെ പ്രൈസ് ഫോർ ദി പീസ് (ജർമ്മനി) തുടങ്ങി ഇരുപതോളം രാജ്യാന്തര അവാർഡുകളും ഒട്ടേറെ ബഹുമതികളും ലഭിച്ചിട്ടുണ്ട്. ഗ്രിഗറി ഓഫ് നിസ്സായെക്കുറിച്ചുള്ള ഗവേഷണപഠനത്തിന് 1975–ൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. കൂടാതെ റഷ്യയിലെ ലെനിൻ ഗ്രാഡ് തിയോളജിക്കൽ അക്കാഡമി, ഹംഗറിയിലെ ബുഡാപ്പസ്റ്റ് ലൂതറൻ തിയോളജിക്കൽ അക്കാഡമി, ചെക്കോസ്ലോവാക്യയിലെ ജാൻഹസ് ഫാക്കൽറ്റി എന്നിവിടങ്ങളിൽ നിന്ന് ഓണററി ഡോക്ടറേറ്റ്.

ജോയ് ഓഫ് ഫ്രീഡം, ഫ്രീഡം ഓഫ് മാൻ, കോസ്മിക്മാൻ, ഹ്യൂമൻ പ്രസൻസ്, എൻലൈറ്റൻമെന്റ് ഈസ്റ്റ് ആന്റ് വെസ്റ്റ്, സയൻസ് ഫോർ സെയിൻ സൊസൈറ്റീസ്, എ ലൈറ്റ് റ്റൂ ബ്രൈറ്റ്, എ ഹ്യൂമൻ ഗോഡ്, ലൗവ്സ് ഫ്രീഡം തുടങ്ങി 31 ഇംഗ്ലീഷ് ഗ്രന്ഥങ്ങളും 17 മലയാള ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടാത്ത മലയാളം, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിലുള്ള പ്രബന്ധങ്ങൾ അനേകമുണ്ട്.

1996 നവംബർ 24–നു ഡൽഹിയിൽ കാലംചെയ്തു. ഓർത്തഡോക്സ് സെമിനാരി ചാപ്പലിൽ അന്ത്യവിശ്രമംകൊള്ളുന്നു.



# സഖറിയാസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ (1924-1997)

കുണ്ടറ മുളമൂട്ടിൽ ചാണ്ടപ്പിള്ളയുടേയും എലിസബത്തിന്റെയും മകനായി 1924 ആഗസ്റ്റ് 6–നു ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം തിരുച്ചിറപ്പള്ളി നാഷണൽ കോളജിൽ നിന്ന് ബി.എ. യും മദ്രാസ് മെസ്റ്റൺ കോളജിൽ നിന്ന് ബി.എഡും കരസ്ഥമാക്കി.

1940–ൽ പത്തനാപുരം താബോർ ദയറായിൽ അംഗമായി. തോമാ മാർ ദീവന്നാസിയോസിന്റെ ശിക്ഷണത്തിൽ വൈദികാഭ്യസനം നടത്തി. 1945–ൽ ശെമ്മാശുപട്ടവും 1951–ൽ കശ്ശീശാപട്ടവും സ്വീകരിച്ചു. തുടർന്ന് തിരുച്ചി സെന്റ് തോമസ്, മധുര സെന്റ് തോമസ്, മദ്രാസ് സെന്റ് തോമസ് എന്നിവിടങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചു.


1971–ൽ റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1978 മെയ് 15–ന് പഴഞ്ഞിയിൽ വച്ചു നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ വച്ച് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ഇദ്ദേഹത്തെ സഖറിയാസ് മാർ ദീവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ യായി വാഴിച്ചു. 1979 ജനുവരി 1–ന് മദ്രാസ് ഭദ്രാസനാധിപനായി നിയമിതനായി.

മലങ്കരസഭാ മാസിക ചീഫ് എഡിറ്റർ, മദ്രാസ് സർവകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ, തൃശ്ശിനാപ്പള്ളി ഹൈസ്കൂൾ ഹെഡ് മാസ്റ്റർ എന്നീ നിലകളിൽ പ്രവർത്തിച്ച ഇദ്ദേഹം മദ്രാസ് മെഡിക്കൽ മിഷന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

റഷ്യ, റുമേനിയ, ബൾഗേറിയ, അമേരിക്ക തുടങ്ങി നിരവധി വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. 1976-ൽ പ. കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ സഹോദരീ സഭകൾ സന്ദർശിച്ച ഡലിഗേഷനിലെ അംഗമായിരുന്നു.

ധ്യാനഗുരു, എഴുത്തുകാരൻ, സംഘാടകൻ എന്നീ നിലകളിൽ അറിയപ്പെട്ടു. മദ്രാസ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ദക്ഷിണേന്ത്യയിലെ ഒന്നാംകിട ഹോസ്പിറ്റലായ മദ്രാസ് മെഡിക്കൽ മിഷന്റെ സ്ഥാപനത്തിനു പിന്നിൽ അക്ഷീണം യത്നിച്ചു. വിവിധങ്ങളായ വിദ്യാഭ്യാസ സാമൂഹ്യ ആതുരസേവന രംഗങ്ങളിൽ പുതിയ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ വളരെയധികം പ്രയത്നിച്ചു.

1997 ജൂലെ 7-നു കാലം ചെയ്തു. പത്തനാപുരം മൗണ്ട് താബോർ ദയറായിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ ജൂലൈ 7.



# ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ (1911-1997)

കോട്ടയം പുത്തനങ്ങാടി കല്ലുപുരയ്ക്കൽ കോരയുടെയും മറിയാമ്മയുടെയും ആറാമത്തെ പുത്രനായി 1911 മെയ് 9-ന് ജനിച്ചു. എം.ഡി. ഹൈസ്കൂളിൽ വിദ്യാഭ്യാസം നടത്തിയശേഷം സി.എം.എസ്. കോളജിൽ നിന്ന് ഇന്റർമീഡിയറ്റും മഹാരാജാസ് കോളജിൽ നിന്ന് ബി.എ. യും നേടി. ഇംഗ്ലണ്ടിലെ കാന്റർബറി സെന്റ് അഗസ്റ്റൻസ്, കാർഡിഫ്, ചിക്കാഗോ യൂണിവേഴ്സിറ്റി, എഷൻസ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്ന് എം.എ. ടി.എച്ച്.എം. ഡി.ഡി. എന്നീ ബിരുദങ്ങളും ഷിക്കാഗോയിലെ ഹാർവാഡ് സർവ്വകലാശാലയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി.


1929-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടവും പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് 1944-ൽ പൂർണ്ണ ശെമ്മാശുപട്ടവും പ. ബസ്സേലിയോസ്

ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് വൈദികപട്ടവും സ്വീകരിച്ചു. കോട്ടയം ചെറിയപള്ളി വികാരിയായി 12 വർഷം സേവനം അനുഷ്ഠിച്ചു. 1965 ഫെബ്രുവരി 26-ന് റമ്പാൻ സ്ഥാനം ലഭിച്ചു. 1966 ഓഗസ്റ്റ് 24-ന് കോലഞ്ചേരിയിൽ വച്ച് പ. ബസ്സേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ മെത്രാപ്പോലീത്തായായി വാഴിച്ചു. തുടർന്ന് 1967 ജനുവരി 25 മുതൽ അങ്കമാലി ഭദ്രാസനത്തിന്റെയും 1979 ഫെബ്രുവരി ഒന്നു മുതൽ ബോംബെ ഭദ്രാസനത്തിന്റെയും ഭരണസാരഥ്യം ഏറ്റെടുത്തു.

1964-ലെ രണ്ടാം വത്തിക്കാൻ കൗൺസിൽ, 1937-ലെ എഡിൻബറോ കോൺഫ്രൻസ്, ആംസ്റ്റർഡാം, ഇവാൻസ്റ്റൺ, ന്യൂഡൽഹി, ഉപ്സാല, നൈറോബി എന്നിവിടങ്ങളിൽ വച്ചു നടന്ന W.C.C. സമ്മേളനങ്ങൾ, സ്വീഡനിലെ ഫെയിത്ത് ആൻഡ് ഓർഡർ കോൺഫ്രൻസ്, പാൻ ഓർത്തഡോക്സ് കോൺഫ്രൻസ്, ആഡീസ് അബാബായിലെ പൗരസ്ത്യ ഓർത്തഡോക്സ് സഭാമേലദ്ധ്യക്ഷന്മാരുടെ സമ്മേളനം തുടങ്ങിയ ഒട്ടനവധി ദേശീയ അന്തർദേശീയ കോൺഫ്രൻസുകളിൽ സഭയെ പ്രതിനിധീകരിച്ചു. സഭകളുടെ ഐക്യത്തിനായി എക്യുമിനിക്കൽ രംഗത്ത് സ്തുത്യർഹമായ സംഭാവനകളർപ്പിച്ചു.

വൈദിക സെമിനാരി പ്രിൻസിപ്പൽ, വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി, W.C.C സെൻട്രൽ കമ്മിറ്റിയംഗം, വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡന്റ്, ആലുവാ അന്ധ വിദ്യാലയം ചെയർമാൻ, എസ്.പി.എഫ്. പ്രസിഡന്റ്, വളയഞ്ചിറങ്ങര ബാലഗ്രാം പ്രസിഡന്റ്, തടാകം ആശ്രമം, കിഴക്കമ്പലം കോൺവെന്റ് എന്നിവയുടെ വിസിറ്റർ ബിഷപ്പ് തുടങ്ങിയ നിലകളിലും സേവനം അനുഷ്ഠിച്ചു.

അങ്കമാലി, ബോംബെ എന്നീ ഭദ്രാസനങ്ങളെ പുരോഗതിയിലേക്ക് നയിക്കുന്നതിനു മുഖ്യനേതൃത്വം നല്കി. ധാരാളം സ്ഥാപനങ്ങളും സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ചു. 1997 സെപ്തംബർ 28-ന് കാലം ചെയ്തു. ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ സെപ്തംബർ 28.



# ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പൊലീത്താ (1926-1999)

കോഴഞ്ചേരി തേവർവേലിൽ കുഞ്ഞപ്പായിയുടെയും അച്ചാമ്മയുടെയും ഇളയ പുത്രനായി 1925 ഒക്ടോബർ 12–ന് ജനിച്ചു. 1948–ൽ മധുര അമേരിക്കൻ കോളജിൽ നിന്ന് ഇന്റർമീഡിയേറ്റു പൂർത്തിയാക്കിയതിന് ശേഷം മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ബിരുദവും ബോംബെ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്ന് സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി.


കോഴഞ്ചേരി കോ–ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിയായി പ്രവർത്തിക്കുമ്പോൾ ഓഫീസേഴ്സ് ട്രെയിനിംഗ് കോഴ്സ്, റിസേർവ് ബാങ്ക് ഓഫ് ഇൻഡ്യ സംഘടിപ്പിച്ചു. അവിടെ വച്ച് അദ്ദേഹം തന്റെ ജോലി രാജി വയ്ക്കുകയും കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ പഠിക്കുകയും ചെയ്തു.

1963 ഏപ്രിൽ മാസത്തിൽ അദ്ദേഹം ശെമ്മാശനായി പട്ടംഏറ്റു. 1964–ൽ പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് കശിശ്ശാ പട്ടം ഏറ്റു.  വേദശാസ്ത്രത്തിൽ ഉപരിപഠനം നടത്താൻ

1966–ൽ യറുശലേമിലേക്ക് പോയി. 1970–ൽ റാന്നിയിൽ ഹോളി ട്രിനിറ്റി ആശ്രമം സ്ഥാപിച്ചു. അവിടെ താമസവും തുടങ്ങി. 1973–ൽ തുമ്പമൺ ഭദ്രാസന സെക്രട്ടറിയായി ചുമതലയേറ്റു. 1977 മെയ് 16–ന് മാവേലിക്കരയിൽ കൂടിയ മലങ്കര അസോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1978 മെയ് 15–ന് പഴഞ്ഞിപള്ളിയിൽ വച്ച് യാക്കോബ് മാർ പോളികാർപ്പോസ്, യൂഹാനോൻ മാർ അത്താനാസിയോസ്, സഖറിയാസ് മാർ ദീവന്നാസിയോസ്, മാത്യൂസ് മാർ ബർണബാസ് എന്നിവരോടോപ്പം ഗീവർഗീസ് മാർ ദിയസ്കോറോസ് എന്ന പേരിൽ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ വാഴിച്ചു.

1979 ജനുവരി 1–ന് പുതിയതായി രൂപംകൊണ്ട തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്തായായി. 1987 ഫെബ്രുവരി 28–ന് സുന്ത്രോണിസോ നടത്തപ്പെട്ടു.

സന്യാസത്തോടുള്ള തിരുമേനിയുടെ താത്പര്യം റാന്നി ഹോളി ട്രിനിറ്റി ആശ്രമം തുടങ്ങാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. കൂടാതെ ഉള്ളൂർ ഓർത്തഡോക്സ് ചർച്ച് സെന്റർ, ഇടമുളയ്ക്കൽ വി.എം.ഡി.എം. സെന്റർ, ശ്രീകാര്യം ഹാൻഡികാപ്പ്റ്റഡ് ചിൽഡ്രൻസ് വെൽഫയർ സെന്റർ തുടങ്ങിയവ എല്ലാം തിരുമേനിയുടെ സേവന സന്നദ്ധതയുടെ മുദ്രകളാണ്. തിരുവനന്തപുരം ഹോളി ട്രിനിറ്റി കോൺവെന്റ് സ്ഥാപിച്ചു. 1999 ജൂലൈ 23–ന് കാലം ചെയ്തു. റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു. ഓർമ്മ പെരുന്നാൾ ജൂലൈ 23.




# ഔഗേൻ മാർ ദീവന്നാസിയോസ് മെത്രാപ്പൊലീത്താ (1955-2007)

1955 ജൂലൈ മാസം 1-നു റാന്നി പകലോറ്റം താഴമൺ കുടുംബത്തിൽ മത്തായി കുര്യന്റെയും സാറാമ്മ കുര്യന്റെയും മകനായി ജനിച്ചു. റാന്നി ഹൈസ്കൂൾ എസ്.എസ്.സി.സി. യും റാന്നി സെന്റ് തോമസ് കോളജിൽ നിന്ന് ഫിസിക്സിൽ ബിരുദവും കരസ്ഥമാക്കി. മദ്രാസ് അണ്ണാമല സർവ്വകലാശാലയിൽ നിന്ന് ചരിത്രത്തിൽ ബിരുദാനന്തര ബിരുദവും നേടി.

ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1979 മെയ് 21-നു ശെമ്മാശുപട്ടവും 1980 ജൂലൈ 19-നു പൂർണ്ണ ശെമ്മാശുപട്ടവും ദേവലോകം അരമനയിൽ വച്ച് പ. മാത്യൂസ് പ്രഥമൻ ബാവാ നൽകി. 1980 ആഗസ്റ്റ് 30-നു വൈദികനായി. 1992 ഡിസംബർ 12-നു വള്ളിക്കാട്ട് ദയറായിൽ വച്ച് പ. മാത്യൂസ് ദ്വിതീയൻ ബാവാ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തി. 2005 മാർച്ച് മാസം 3-നു പരുമല സെമിനാരിയിൽ വച്ച് പ. മാത്യൂസ് ദ്വിതീയൻ ബാവാ മെത്രാപ്പോലീത്തായായി വാഴിച്ചു. തുടർന്ന് ഇടുക്കി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി ചുമതലയേറ്റു.

പ. മാത്യൂസ് പ്രഥമൻ ബാവായുടെ സെക്രട്ടറി, ദേവലോകം അരമന മാനേജർ, പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ഓഫീസ് സെക്രട്ടറി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. 2007 ജൂൺ 6-നു ബുധനാഴ്ച കാലം ചെയ്തു. 7-നു പ. ദിദിമോസ് ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ വള്ളിക്കാട്ട് ദയറായിൽ കബറടക്കി. ഓർമ്മ: ജൂൺ 6.



# സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ (1924 - 2007)

കോട്ടയത്തിനടുത്ത് പാത്താമുട്ടം കയ്യാലാത്തു ചാക്കോ കുര്യന്റെയും മറിയാമ്മയുടെയും അഞ്ചാമത്തെ പുത്രനായി 1924 ഒക്ടോബർ 2-നു ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം പാത്താമുട്ടം ഗവ. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം തോട്ടക്കാട്ട് സെന്റ് തോമസിലും ചിങ്ങവനം സെന്റ് തോമസിലും നടത്തി.

ജബൽപ്പൂർ സി. എ. ജയിൻ കോളജിൽ നിന്ന് ബി.എ. ബിരുദവും ജബൽപ്പൂർ മഹാകേശശ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ. യും ന്യൂയോർക്ക് ജനറൽ എപ്പിസ്കോപ്പൽ സെമിനാരിയിൽ നിന്ന് ബി.ഡി. യും കോണറ്റ് ബർക്കിലി ഡിവിനിറ്റി സ്കൂളിൽ നിന്ന് എസ്സ്.റ്റി.എം. ഉം കരസ്ഥമാക്കി.

1946ൽ പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും ശെമ്മാശുപട്ടവും 1947-ൽ വൈദികപട്ടവും സ്വീക


രിച്ചു. പാച്ചിറ, വാകത്താനം, പള്ളം, താഴത്തങ്ങാടി, ജബൽപ്പൂർ, ദാദർ, മലയാ, സിംഗപ്പൂർ. ബഹറിൻ, ദോഹ, അബുദാബി, ദുബായ്, ഭിലായ് എന്നിവിടങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചു.

1974 ഒക്ടോബർ 2-ന് നിരണത്തു കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അദ്ദേഹത്തെ മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1975 ഫെബ്രുവരി 15-ന് പുത്തൻകാവിൽ വച്ച് ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ റമ്പാൻ സ്ഥാനം നൽകി. 1975 ഫെബ്രുവരി 16-ന് നിരണത്തു വച്ച നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ സ്തേഫാനോസ് മാർ തേവോദോസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. 1976 മുതൽ 1979 വരെ മദ്രാസ് ഭദ്രാസനാധിപനായും 1979 മുതൽ 2007 വരെ കൽക്കട്ടാ ഭദ്രാസനാധിപനായും സേവനമനുഷ്ഠിച്ചു.

ഭിലായ് സെന്റ് തോമസ് മിഷൻ ഡയറക്ടർ, ഭിലായ് സെന്റ് തോമസ് കോളജിന്റെയും ഭദ്രാസനത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മാനേജർ എന്നീ നിലകളിലും പ്രവർത്തിച്ചു.

ഉത്തരേന്ത്യൻ മേഖലകളിലെ ആദ്യത്തെ ഗ്രാമീണ മിഷൻ പ്രവർത്തനത്തിന് അടിത്തറയിട്ടു. മക്കോഡിയാ മിഷൻ, ഭിലായ് മിഷൻ സെന്റർ, ആശ്രമം, ആശുപത്രികൾ, സ്കൂളുകൾ എന്നിവയ്ക്ക് നേതൃത്വം നൽകി. മലങ്കരസഭയുടെ പ്രവർത്തനമേഖലകൾ ഉത്തരേന്ത്യൻ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ബഹുമുഖമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി.

2007 നവംബർ 5-ന് കാലം ചെയ്തു. ഭിലായി സെന്റ് തോമസ് ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഓർമ്മ പെരുന്നാൾ നവംബർ 5.



# ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ (1926-2008)

അയിരൂർ കുറ്റിക്കണ്ടത്തിൽ എ. റ്റി. ചാക്കായുടെ മകനായി 1926 മെയ് 6-ന് ജനിച്ചു. ഇന്റർമീഡിയറ്റ് വിദ്യാഭ്യാസാനന്തരം ഓർത്തഡോക്സ് വൈദികസെമിനാരിയിൽ ചേർന്ന് വൈദിക വിദ്യാഭ്യാസം നടത്തി.

പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഹിസ്റ്ററി, പൊളിറ്റിക്സ് എന്നീ വിഷയങ്ങളിൽ ബി.എ. യും അമേരിക്കയിലെ വിസകോൺസിൽ യൂണി വേഴ്സിറ്റിയിൽ നിന്ന് ബി.ഡി. യും അലക്സാൻഡ്രിയ എപ്പിസ്കോപ്പൽ സെമിനാരിയിൽ നിന്ന് എസ്.റ്റി.എം. ഉം റിച്ച്മോൺഡ് യൂണിയൻ തിയോ ളജിക്കൽ സെമിനാരിയിൽ നിന്ന് ഡോക്ടറേറ്റും കരസ്ഥമാക്കി. ഇംഗ്ല ണ്ടിലെ ലിങ്കൺ തിയോളജിക്കൽ സെമിനാരി, ജനീവാ എക്യുമിനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, വാഷിംഗ്ടൺ ഹോംവാർഡ് യൂണിവേഴ്സിറ്റി എന്നിവിട ങ്ങളിൽ വേദശാസ്ത്രത്തിൽ പ്രത്യേക പരിശീലനവും നേടി.

1951-ൽ ശെമ്മാശുപട്ടവും 1952-ൽ വൈദികപട്ടവും പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും സ്വീകരിച്ചു. 1975 ഫെബ്രു വരി 16-ന് നിരണത്തു വച്ചു നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ

വച്ച് പ. ബസ്സേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ ഇദ്ദേഹത്തെ തോമസ് മാർ മക്കാറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. തുടർന്ന് 1976 മുതൽ ബോംബെ ഭദ്രാസനാധിപനായും 1979 മുതൽ അമേരിക്കാ ഭദ്രാസനാധിപനായും നിയമിതനായി.

മലങ്കരസഭാ സംരക്ഷണ സമിതി പ്രസിഡന്റ്, വൈദിക സെമിനാരി പ്രൊഫസർ, അമേരിക്കയിലെ റിച്ച് മൗണ്ട് യൂണിയൻ തിയോളജിക്കൽ കോളജിലെ വിസിറ്റിംഗ് പ്രൊഫസർ എന്നീ നിലകളിൽ സ്തുത്യർഹമായി സേവനമനുഷ്ഠിച്ചു.

2008 ഫെബ്രുവരി 23-ന് കാലം ചെയ്തു. ദേവലോകം അരമന ചാപ്പലിൽ കബറടക്കി. ഓർമ്മ പെരുന്നാൾ: ഫെബ്രുവരി 23.



# ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ (1931-2009)

കോഴഞ്ചേരി നാരങ്ങാനം പുത്തൻപറമ്പിൽ പി. ജി. തോമസിന്റെയും സാറാമ്മ തോമസിന്റെയും മകനായി 1931 ജൂൺ 16-നു ജനിച്ചു. ആലുവാ യു.സി. കോളേജിൽ നിന്ന് ഇന്റർമീഡിയറ്റും ബി.എസ്സ്.സി. യും പാസ്സായി. 1954 മുതൽ സതേൺ റയിൽവേയിൽ ഉദ്യോഗസ്ഥനായിരുന്നു. 1962-ൽ ഉദ്യോഗം രാജി വച്ചു. തുടർന്ന് സെറാമ്പൂർ കോളജിൽ നിന്ന് ബി.ഡി. യും ബാംഗ്ലൂർ യു.റ്റി. കോളജിൽ നിന്ന് എം.ടി.എച്ചും ജനീവാ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമായും കരസ്ഥമാക്കി.

1972 ഡിസംബർ 21-ന് ശെമ്മാശുപട്ടവും 1974 ജൂൺ 7-ന് വൈദിക പട്ടവും സ്വീകരിച്ചു. ഗോരഖ്പൂർ സെന്റ് ജോർജ്ജ്, പുല്ലാട് സെന്റ് ജോർജ്ജ്, ലണ്ടൻ സെന്റ് ഗ്രീഗോറിയോസ്, കുമ്മനം സെന്റ് ജോർജ്ജ് എന്നിവിടങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി, തടാകം ക്രിസ്തു ശിഷ്യാശ്രമം സുപ്പീരിയറും സെക്രട്ടറിയും, കൽക്കട്ടാ ബിഷപ്സ് കോളജ്


ലക്ചറർ, ആന്ധ്രാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സെക്രട്ടറി, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി സഭാചരിത്ര വിഭാഗം അദ്ധ്യാപകൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

1983 മെയ് 14-നു മാത്യൂസ് മാർ കൂറിലോസ് (പിന്നീട് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ) മെത്രാപ്പോലീത്താ പരുമലയിൽ വച്ച് റമ്പാൻ സ്ഥാനം നൽകി. 1985 മെയ് 15-ന് പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ വച്ച് നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, ഫീലിപ്പോസ് മാർ യൗസേബിയോസ് എന്ന പേരിൽ എപ്പിസ്കോപ്പായായി വാഴിച്ചു. 1985 ആഗസ്റ്റ് 1 മുതൽ തുമ്പമൺ ഭദ്രാസനത്തിന്റെ അസിസ്റ്റന്റായി നിയമിതനായി. പിന്നീട് ഭദ്രാസന മെത്രാപ്പോലീത്തായായി.

സ്ലീബാദാസ സമൂഹത്തിന്റെ പ്രസിഡന്റ്, മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ സൊസൈറ്റി, മിഷൻ ബോർഡ് എന്നിവയുടെ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ ആദ്ധ്യാത്മിക രംഗത്ത് നേതൃത്വം നൽകി.

ചരിത്രകാരൻ, സംഘാടകൻ, എഴുത്തുകാരൻ, പ്രസംഗകൻ തുടങ്ങി വിവിധ നിലകളിൽ തിളക്കമാർന്ന വ്യക്തിത്വത്തിന്റെ ഉടമയായ ഇദ്ദേഹം സഭകളുടെ ലോക കൗൺസിൽ, ക്രിസ്ത്യൻ കോൺഫ്രൻസ് തുടങ്ങിയ രാജ്യാന്തര സമ്മേളനങ്ങളിൽ മലങ്കരസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുണ്ട്.

2009 ജനുവരി 21-ന് കാലം ചെയ്തു. പത്തനംതിട്ട ബേസിൽ അരമനയിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ: ജനുവരി 21.



# മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പൊലീത്താ (1928-2009)

കൊട്ടാരക്കരയ്ക്കടുത്ത് ചെങ്കുളം കൂട്ടറഴികം കുര്യാക്കോസിന്റെയും ശോശാമ്മയുടെയും പുത്രനായി 1928 നവംബർ 25-ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ആയൂർ മലയാളം സ്കൂൾ, ചാത്തന്നൂർ സെന്റ് ജോർജ്ജ് ഇ. എം. സ്കൂൾ എൻ.എസ്.എസ്. ഹൈസ്കൂൾ എന്നിവിടങ്ങളിൽ നടത്തി.


തിരുനെൽവേലി സെന്റ് ജോൺസ് കോളജിൽ നിന്ന് 1950-ൽ ഇന്റർമീഡിയറ്റും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് 1952-ൽ ബി.എസ്.സി. യും മാന്നാനം സെന്റ് ജോസഫ് കോളജിൽ നിന്ന് ബി.എഡും ഓർത്തഡോക്സ് വൈദികസെമിനാരിയിൽ നിന്ന് ജി.എസ്.റ്റി. യും കരസ്ഥമാക്കി.

1957-ൽ ഓതറ സെന്റ് ജോർജ്ജ് ദയറായിൽ വച്ച് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശുപട്ടവും 1958 മാർച്ച് 25-ന് വൈദികപട്ടവും സ്വീകരിച്ചു. കോട്ടയം ഏലിയാ കത്തീഡ്രൽ, മദ്രാസ് സെന്റ് തോമസ് കത്തീഡ്രൽ എന്നിവിടങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

1954 മുതൽ 1964 വരെ ഓതറ ദയറായിൽ താമസിച്ച് ദയറായുടെ വികസന പ്രവർത്തനത്തിനായി പ്രയത്നിച്ചു. 1978-ൽ പ. കാതോലിക്കാ ബാവായിൽ നിന്ന് സന്യാസം സ്വീകരിച്ച് ചെങ്ങമനാട് ബേത്‌ലഹേം ആശ്രമം അംഗമായി. ചൊവ്വല്ലൂർ സെന്റ് ജോർജ്ജ് ബേസിക് ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർ, ചെങ്ങമനാട് ബേത്‌ലഹേം ആശ്രമം സുപ്പീരിയർ, ഓതറ ദയറാംഗം, സഭാ മാനേജിംഗ് കമ്മറ്റി അംഗം, കൊല്ലം ഭദ്രാസന സെക്രട്ടറി, ഭദ്രാസന മർത്തമറിയം സമാജം വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

1983 മെയ് 14-ന് പരുമല സെമിനാരിയിൽ വച്ച് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ (പിന്നീട് പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ) റമ്പാൻ സ്ഥാനം നൽകി. 1985 മെയ് 15-ന് പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ മറ്റ് നാലു പേരോടൊപ്പം ഇദ്ദേഹത്തെ മാത്യൂസ് മാർ എപ്പിപ്പാനിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ ആയി വാഴിച്ചു. തുടർന്ന് കൊല്ലം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നിയമിതനായി.

2009 ഫെബ്രുവരി 9-ന് കാലം ചെയ്തു. കൊല്ലം സെന്റ് തോമസ് കത്തീഡ്രലിൽ കബറടക്കി. ഓർമ്മ പെരുന്നാൾ: ഫെബ്രുവരി 9.



# ഇയ്യോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ (1939-2011)

1939 മെയ് മാസം 8-നു കണിയാന്ത്ര കുടുംബത്തിൽ കെ. സി. തോമസിന്റെ ആറാമത്തെ പുത്രനായി ജനിച്ചു. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അനന്തരവൻ ആയിരുന്നു. തിരുമേനിയുടെ അമ്മ ബാവായുടെ സഹോദരപുത്രിയായിരുന്നു.


പ്രാഥമിക വിദ്യാഭ്യാസം മേപ്രാൽ സെന്റ് ജോൺസ് സ്കൂളിലും പെരിങ്ങറ പി.എം.വി. സ്കൂളിലും പൂർത്തിയാക്കി. തന്റെ 16-ാമത്തെ വയസ്സിൽ പത്തനാപുരം മൗണ്ട് താബോർ ആശ്രമാംഗമായി ചേർന്നു. 1956 മെയ് 26-ന് ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ ശെമ്മാശുപട്ടം നൽകി. 1962-ൽ പരുമലയിൽ വച്ച് പൂർണ്ണ ശെമ്മാശനായും 1972 മെയ് 11-ന് കശ്ശീശ്ശയായും പട്ടം ഏറ്റു. തുടർന്നും അദ്ദേഹം പഠനം തുടർന്നു. ട്രിച്ചി സെന്റ് ജോസഫ് കോളജിൽ നിന്നും ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. തുടർന്ന് 1969-ൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ അദ്ധ്യാപകനായി പ്രവർത്തനം ആരംഭിച്ചു. പിന്നീട് ഡിപ്പാർട്ട്മെന്റ് തലവനായും കോളജ് വൈസ് പ്രിൻസിപ്പലായും

ഉയർന്നുവന്നു. 1974 മുതൽ മേപ്രാൽ സെന്റ് ജോൺസ് പള്ളി വികാരി ആയി സേവനം അനുഷ്ഠിച്ചു തുടങ്ങി.

1989 ഡിസംബർ 28-ന് പത്തനംതിട്ടയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ മേൽപട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. 1990 മാർച്ച് 31-ന് പരുമല പള്ളിയിൽ വച്ച് പൂർണ്ണസന്യാസം (റമ്പാൻ) സ്വീകരിച്ചു. 1991 ഏപ്രിൽ 30-ന് കുര്യാക്കോസ് മാർ ക്ലീമ്മിസ്, സഖറിയാസ് മാർ അന്തോണിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, മാത്യൂസ് മാർ സേവേറിയോസ് എന്നിവരോടൊപ്പം പ. മാത്യൂസ് ദ്വിതീയൻ ബാവായാൽ ഈയോബ് മാർ പീലക്സിനോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. തുടർന്ന് ഡൽഹി ഭദ്രാസനത്തിന്റെ സഹായ മെത്രാനായും 1996-ൽ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ വിയോഗത്തെ തുടർന്ന് 1997-ൽ ഭദ്രാസന മെത്രാപ്പോലീത്തായായും ചുമതലയേറ്റു. സുന്ത്രോണിസോ 2002 ഡിസംബർ 29-ന് ഹൗസ്ഖാസ് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

സഭയ്ക്ക് എന്നും ഓർക്കത്തക്കവിധത്തിൽ ഡൽഹി ഭദ്രാസനത്തെ അദ്ദേഹം ഉയർത്തി. പൗലോസ് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ അവാർഡ് അദ്ദേഹം ആരംഭിച്ചു.

ഡൽഹി ഭദ്രാസനത്തിന്റെ രണ്ടാമത്തെ മെത്രാപ്പോലീത്തായായ അദ്ദേഹം തന്റെ 72-ാമത്തെ വയസ്സിൽ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ വച്ച് 2011നവംബർ 20-ന് കാലം ചെയ്തു. പത്തനാപുരം മൗണ്ട് താബോർ ദയറായിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ നവംബർ 20.



# ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ (1918-2012)

മാവേലിക്കര ചെറുകോൽ മുണ്ടുവേലിൽ വൈദ്യൻ കൊച്ചിട്ടി കൊച്ചിട്ടിയുടെയും ഈഴേക്കടവിൽ മറിയാമ്മ കൊച്ചിട്ടിയുടെയും രണ്ടാമത്തെ മകൻ. ജനനം 1918 ഡിസംബർ 9-ന്. ജോർജ്ജുകുട്ടി എന്നായിരുന്നു ഓമനപ്പേര്.

ചെറുകോൽ സാൽവേഷൻ ആർമി സ്കൂളിൽ ഏഴാം ക്ലാസ്സ് വരെ പഠിച്ചു. പത്തിച്ചിറ സെന്റ് ജോൺസ്, മാവേലിക്കര ബി. എച്ച് എന്നിവിടങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം

ശാസ്താംകോട്ട സെന്റ് ജോൺസ് റൂറൽ ബേസിക് ട്രെയിനിംഗ് സ്കൂളിൽ റ്റി. റ്റി. സി. (1941-43) പാസ്സായി. ഇടയാറന്മുള ഫ്രീ സ്കൂളിലും മാവേലിക്കര ബി. എച്ച് ഹൈസ്ക്കൂളിലും പത്തിച്ചിറ സെന്റ് ജോൺസ് സ്കൂളിലും അദ്ധ്യാപകൻ. മാവേലിക്കരയിൽ ഒരു വാടക കെട്ടിടത്തിൽ 1953-ൽ 'സുവിശേഷാലയം' ആരംഭിച്ചു. ജബൽപ്പൂർ ലേണാർഡ് തിയോളജിക്കൽ സെമിനാരിയിൽ നിന്നും ബി. ഡിയും (1943-47) അമേരിക്കയിൽ ന്യൂജേഴ്സിയിലെ ഡ്രൂ (Drew) യൂണിവേഴ്സിറ്റിയിൽ നിന്നും

ഫിലോസഫിയിൽ എം.എ. യും ന്യൂയോർക്കിലെ യൂണിയൻ തിയോള ജിക്കൽ സെമിനാരിയിൽ നിന്നും എസ്.റ്റി.എം. ഉം കരസ്ഥമാക്കി (1948-51). സെറാംമ്പൂർ സർവ്വകലാശാലയിൽ നിന്നും 1993-ൽ ഡോക്ടറേറ്റ് നേടി.

പ്രശസ്ത വേദശാസ്ത്രജ്ഞരായ പോൾ ടില്ലിക്ക് (Paul Tillich 1886-1965), റെനോൾഡ് നീബുർ (Reinhold Niebuhr1892-1971), ജോർജസ് ഫ്ളോറോവ്സ്ക്കി (Georges Florovsky 1893-1979), എഡ്വിൻ ലൂയിസ് (Edwin Lewis 1881-1959) എന്നിവരുടെ മുഖ്യ ശിക്ഷണത്തിൽ അമേരിക്ക യിൽ വേദശാസ്ത്രം അഭ്യസിച്ചു. 1952 മുതൽ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ അദ്ധ്യാപകൻ (1952-2008).

1948 ആഗസ്റ്റ് 8-ന് ഔഗേൻ മാർ തീമോത്തിയോസിൽ നിന്ന് പഴയ സെമിനാരിയിൽ വച്ച് കോറൂയോ പട്ടവും ദേവലോകം അരമനയിൽ വച്ച് പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവായിൽ നിന്നും 1956 മെയ് 9-ന് പൂർണ്ണശെമ്മാശുപട്ടവും മെയ് 10-ന് വൈദിക പട്ടവും ലഭിച്ചു. 1965 ഡിസം ബർ 28-ന് കോട്ടയം എം.ഡി. സെമിനാരിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷൻ 'മെത്രാപ്പോലീത്താ സ്ഥാനത്തേക്ക്' തെര ഞ്ഞെടുത്തെങ്കിലും പ. സുന്നഹദോസ് ആ തീരുമാനം വീറ്റോ ചെയ്ത തിനാൽ സ്ഥാനം ലഭ്യമായില്ല. 1974 ഒക്ടോബർ 2-ന് നിരണം സെന്റ് മേരീസ് വലിയപള്ളിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോ സ്സിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് വീണ്ടും തെരഞ്ഞെടുത്തു. 1975 ഫെബ്രുവരി 15-ന് ശനിയാഴ്ച പുത്തൻകാവ് സെന്റ് മേരീസ് പള്ളിയിൽ വച്ച് ദാനിയേൽ മാർ പീലക്സിനോസ് റമ്പാൻ സ്ഥാനം നൽകി. 1975 ഫെബ്രുവരി 16-ന് ഞായറാഴ്ച നിരണം സെന്റ് മേരീസ് വലിയപള്ളി യിൽ വച്ച് പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ, 'ഗീവറു ഗീസ് മാർ ഒസ്താത്തിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായാക്കി. 1976 ഏപ്രിൽ ഒന്നിന് നിരണം ഭദ്രാസനാധിപനായി ചുമതലയേറ്റു. 2005 ജൂലൈ മൂന്നിന് ഭദ്രാസന ഭരണത്തിൽനിന്നും വിരമിച്ചു. 2008 ജനുവരി 27 ന് പ. ബസ്സേലിയോസ് ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ 'മലങ്കരസഭാരത്നം' ബഹുമതി നൽകി ആദരിച്ചു.

കോട്ടയം ഏലിയാ കത്തീഡ്രൽ, കൽക്കട്ട സെന്റ് ജോർജ്ജ്, ചങ്ങ നാശ്ശേരി സെന്റ് തോമസ്, കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പൽ, കുഴിമറ്റം സെന്റ് ജോർജ്ജ് എന്നിവിടങ്ങളിൽ വൈദിക ശുശ്രൂഷ നിർവ്വ ഹിച്ചു. സൗദി അറേബ്യയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ കോൺഗ്രിഗേഷന്റെയും(1975) 'മരുഭൂമിയിലെ നീരുറവ' എന്ന സഹായ നിധിയുടെയും സ്ഥാപകൻ.

അഖില ലോക സഭാ കൗൺസിൽ ഫെയ്ത്ത് ആൻഡ് ഓഡർ

കമ്മീഷനിലും പ്രോ-ഓറിയന്റേ ഫൗണ്ടേഷനിലും അംഗമായിരുന്നു. കേരളാ കൗൺസിൽ ഓഫ് ചർച്ച്സ്, ബൈബിൾ സൊസൈറ്റി കേരളാ ഓക്സിലറി, ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, സ്ലീബാ ദാസ സമൂഹം എന്നിവയുടെ പ്രസിഡന്റായിരുന്നു; ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ വൈസ് പ്രിൻസിപ്പലും.

അഖിലലോക സഭാകൗൺസിലിന്റെ വിവിധ സമ്മേളനങ്ങളിൽ പ്രബ ന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ രാജ്യാന്തര-ദേശീയ സമ്മേളനങ്ങളിൽ 1952 മുതൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചു.

സാമൂഹിക ആതുര ശുശ്രൂഷാരംഗങ്ങളിൽ വിവിധ പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രാരംഭമിട്ടു. 1958-ൽ സെന്റ് പോൾസ് സുവിശേഷ സംഘവും 1959-ൽ പുതുപ്പാടി സെന്റ് പോൾസ് ആശ്രമവും, 1978-ൽ കന്യാസ്ത്രീ മഠവും ആരംഭിച്ചു. മാവേലിക്കര സുവിശേഷാലയം 1979-ൽ, സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററായി ഉയർത്തി, മലങ്കരസഭ യിൽ മിഷൻ പഠനത്തിനും പ്രവർത്തനത്തിനും പുതിയ ദിശപകർന്നു. മലങ്കര ഓർത്തഡോക്സ് സഭയെ മിഷനറി സഭയാക്കി ഭാരതം മുഴു വൻ സുവിശേഷ പ്രവർത്തനം നടത്തുകയായിരുന്നു മുഖ്യ ലക്ഷ്യം. അതി നായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിരവധി സ്ഥാപനങ്ങൾക്ക് തുടക്കമിട്ടു.

ക്രിസ്തീയ വേദശാസ്ത്രത്തിലും ഇന്ത്യൻ ഫിലോസഫിയിലും അവ ഗാഹം നേടി. സ്നേഹത്തിലധിഷ്ഠിതമായ ത്രിത്വ വേദശാസ്ത്രത്തിന്റെ സിദ്ധാന്തവും പ്രയോഗവും ശാസ്ത്രീയമായി ആവിഷ്ക്കരിച്ചു. ഇത് സാമൂ ഹിക നീതിയിൽ അടിസ്ഥാനമിട്ട ദർശനമാണ്. പ്രമുഖ വേദശാസ്ത്ര ജ്ഞനും ദാർശനികനും എന്ന നിലയിൽ എക്യുമെനിക്കൽ രംഗത്ത് രാജ്യാന്തര പ്രശസ്തി നേടി. കൺവൻഷൻ പ്രസംഗങ്ങളിൽക്കൂടി അനേ കരെ മിഷൻ പ്രവർത്തനങ്ങളിലേക്കും ആതുരശുശ്രൂഷാ രംഗത്തേക്കും വൈദിക ശുശ്രൂഷയിലേക്കും ആകർഷിച്ചു.

Theology of Classless society, The Sin of Being Rich in a Poor World, Sharing God and a Sharing World, One Religion of Love, അദ്വൈത വേദ ശാസ്ത്രം എന്നീ ഗ്രന്ഥങ്ങൾ അന്തർദ്ദേശീയ പ്രശസ്തി നേടി. ഇംഗ്ലീ ഷിലും മലയാളത്തിലുമായി 65-ലധികം ഗ്രന്ഥങ്ങളും ആയിരത്തിൽപ്പരം പ്രബന്ധങ്ങളും രചിച്ചു. 1979 മുതൽ മിഷൻ ബോർഡിന്റെയും 1984 മുതൽ നാഷണൽ അസോസ്സിയേഷൻ ഫോർ മിഷൻ സ്റ്റഡീസിന്റെയും പ്രസി ഡന്റായി പ്രവർത്തിച്ചു.

2012 ഫെബ്രുവരി 16-നു നിത്യതയിൽ പ്രവേശിച്ചു. അന്ത്യവിശ്രമം മാവേലിക്കര സെന്റ് പോൾസ് ചാപ്പലിൽ. ഓർമ്മ ഫെബ്രുവരി 16-ന്.



# പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്താ (1946-2012)

പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കുറിച്ചി കോലത്തുകളത്തിൽ കെ. കെ. ജോണിന്റെയും മറിയാമ്മ ജോണിന്റെയും രണ്ടാമത്തെ പുത്രനായി 1946 ജനുവരി 26–ന് ജനിച്ചു. പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെയും, പ. ബസേലിയോസ് ദ്വിതീയൻ കാതോലിക്കാബാവായുടെയും കുടുംബാംഗമായതിനാൽ ബാല്യകാലത്തുതന്നെ ആദ്ധ്യാത്മിക തീക്ഷ്ണതയോടെ വളർന്നുവന്നു. ചിങ്ങവനം സെന്റ് തോമസ് സ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ നിന്നും ഫിസിക്സിൽ ബി.എസ്.സി. ബിരുദം നേടിയശേഷം 1968–ൽ റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ ചേർന്നു.

കൽക്കട്ട ബിഷപ്സ് കോളജിൽ നിന്നും ബി.ഡി. ബിരുദം കരസ്ഥമാക്കി. 1978–80 വരെ ഇംഗ്ലണ്ടിൽ ഉപരിപഠനം നടത്തി. ഇംഗ്ലണ്ടിലെ ലീഡ്സ് സർവ്വകലാശാലയിൽ നിന്നും എം.റ്റി.എച്ച്. ബിരുദം നേടി.

പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് 1973–ൽ ശെമ്മാശുപട്ടം നൽകി.

1974 ജനുവരി 8-ന് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസിയോസ് വൈദികപട്ടം നൽകി. ഫാദർ പൗലോസ് ഒ.ഐ.സി. എന്ന പേരിൽ മലങ്കരസഭ മുഴുവൻ ധ്യാനഗുരുവായി അറിയപ്പെട്ടു. 1986-93 വരെ ബഥനി ആശ്രമത്തിന്റെ സുപ്പീരിയറായി പ്രവർത്തിച്ചു.

കോട്ടയം മെഡിക്കൽ കോളജ് ചാപ്പൽ, ചങ്ങനാശ്ശേരി, റാന്നി-പെരുനാട്, ലണ്ടൻ, വടശ്ശേരിക്കര എന്നിവിടങ്ങളിൽ ദീർഘകാലം വൈദിക ശുശ്രൂഷ നിർവ്വഹിച്ചു.

1992 സെപ്റ്റംബർ 10-ന് പരുമലയിൽ നടന്ന മലങ്കര അസോസിയേഷൻ മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1992 ഡിസംബർ 18-ന് നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ്, റമ്പാൻ സ്ഥാനം നൽകി.

1993 ആഗസ്റ്റ് 16-ന് പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ, 'പൗലോസ് മാർ പക്കോമിയോസ്' എന്ന നാമത്തിൽ എപ്പിസ്ക്കോപ്പയായി വാഴിച്ചു. ഇടുക്കി, അങ്കമാലി ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു. 2002 ആഗസ്റ്റ് 10-ന് രൂപീകൃതമായ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി. ഹ്രസ്വമായ കാലയളവിൽ മാവേലിക്കര ഭദ്രാസനം ദ്രുതഗതിയിൽ വളർന്നു.

മൂന്നുകോടി രൂപ ചെലവിൽ പണിതുയർത്തിയ 'തെയോഭവൻ' അരമന സമുച്ചയം 2008 ഒക്ടോബർ 22, 23 തീയതികളിൽ കൂദാശ നിർവ്വഹിച്ചു. ഒക്ടോബർ 26-ന് മാവേലിക്കര ഭദ്രാസനകേന്ദ്രമായ 'തെയോഭവൻ' ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഓണാട്ടുകരയുടെ നാലുകെട്ടും, മധ്യതിരുവിതാംകൂറിന്റെ വാസ്തുശില്പവും ഒത്തിണങ്ങിയ അരമനയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി.


മലങ്കരസഭാ റിലീജിയസ് കമ്മിറ്റി സെക്രട്ടറി, സണ്ടേസ്കൂൾ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി മെമ്പർ, ബാലികാമഠം സ്കൂൾ ഗവേണിങ്ങ് ബോർഡ് മെമ്പർ, മാർത്തമറിയം സമാജം പ്രസിഡന്റ്, കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 1993 മുതൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ആയിരുന്നു. പരുമല സെമിനാരി കൗൺസിൽ അംഗം, കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി ഗവേണിംഗ് ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. നിരവധി എക്യുമെനിക്കൽ സമിതികളിലും പ്രവർത്തനങ്ങളിലും പങ്കുചേർന്നു. ഇന്റർ ചർച്ച് കൗൺസിലിന്റെ വിദ്യാഭ്യാസ സമിതിയിലും നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിലും മലങ്കരസഭയെ പ്രതിനിധീകരിച്ചു.

കിഴക്കമ്പലം ദയറാ, റാന്നി-പെരുനാട് ബഥനി കോൺവെന്റ്, റാന്നി ഹോളി ട്രിനിറ്റി ആശ്രമം എന്നിവയുടെ വിസിറ്റർ ബിഷപ്പ് ആയിരുന്നു. ഹരിപ്പാട് ബാലഭവൻ, ചേപ്പാട് മാർ ദീവന്നാസിയോസ് വൃദ്ധ ഭവൻ എന്നിവയുടെ പ്രസിഡന്റ് ആയിരുന്നു. മാവേലിക്കര ഭദ്രാസനത്തിൽ നിന്നും 2012-ൽ ആരംഭിച്ച 'തെയോനാദം' മാസികയുടെ സ്ഥാപക പ്രസിഡന്റ് ആണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ സാക്ഷ്യവും ജീവിതവും തപോനിഷ്ഠയും ഇടയ ശുശ്രൂഷയിൽ ഉൾക്കൊള്ളിച്ച പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കാതോലിക്കേറ്റിന്റെ ഉൾഭരണ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും കാത്തുസൂക്ഷിക്കുന്നതിനായി അക്ഷീണം യത്നിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ തനിമയും സ്വാതന്ത്ര്യവും അഭംഗുരം കാത്തുസൂക്ഷിക്കണമെന്ന് ആഹ്വാനം പകർന്ന അദ്ദേഹം തപോജീവിതത്തിന്റെ പ്രകാശം ഏവർക്കും പകർന്നു നൽകി.

2012 ഓഗസ്റ്റ് 1-ന് വന്ദ്യപിതാവ് കാലം ചെയ്തു റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഓർമ്മ ഓഗസ്റ്റ് 1.



# മാത്യൂസ് മാർ ബർണബാസ് മെത്രാപ്പൊലീത്താ (1924-2012)

പെരുമ്പാവൂർ, വെങ്ങോല, തോമ്പ്രാ-കല്ലറയ്ക്കപറമ്പിൽ കെ. വി. കൊറളയുടെയും മറിയാമ്മയുടെയും മകൻ. ജനനം 1924 ആഗസ്റ്റ് ഒൻപത്. കുറുപ്പുംപടി എം.ജി.എമ്മിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം സി.എം.എസ്. കോളേജിൽനിന്നും ഇന്റർമീഡിയറ്റ് പാസ്സായി (1943-45) മദ്രാസ് ക്രിസ്റ്റ്യൻ കോളേജിൽ നിന്നും ബി.എസിയും ഒസ്മാനിയാ സർവ്വകലാശാലയിൽനിന്നും എം.എസ്സിയും സെറാമ്പൂർ സർവ്വകലാശാലയിൽനിന്നും ബി.ഡിയും കരസ്ഥമാക്കി. ജബൽപൂർ ലീയോനാർഡ് തിയോളജിക്കൽ കോളേജിൽ ഗ്രീക്കു ഭാഷയിൽ ഉപരിപഠനം നടത്തി.

പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ ബാവ തുരുത്തിപ്ലി സെന്റ് തോമസ് പള്ളിയിൽവച്ച് 1943-ൽ കോറുയോ പട്ടം നൽകി. ഔഗേൻ മാർ തീമോത്തിയോസ് മൂവാറ്റുപുഴ അരമന ചാപ്പലിൽവച്ച് ശെമ്മാശുപട്ടവും 1951-ൽ കശ്ശീശ്ശാ പട്ടവും നൽകി. കടമറ്റം സെന്റ് ജോർജ് പള്ളിയിൽ പ്രഥമ ബലിയർപ്പിച്ചു. കുറുപ്പുംപടി എം.ജി.എം. ഹൈസ്കൂ


ളിലും കോട്ടയം എം.ഡി. ഹൈസ്കൂളിലും അദ്ധ്യാപകനായിരുന്നു. സെക്കന്തരാബാദ്, വളയംചിറങ്ങര, കൽക്കട്ട, ജബൽപൂർ, വെല്ലൂർ എന്നി വിടങ്ങളിൽ വൈദിക ശുശ്രൂഷ നിർവഹിച്ചു. ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ഗ്രീക്ക്, സഭാചരിത്രം, കൗൺസിലിംഗ് വിഷയങ്ങളിൽ അദ്ധ്യാപകനായി (1967-72). തുടർന്ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി ചാപ്ലയിനായി പ്രവർത്തിച്ചു (1972-77).

1977 മെയ് 16-ന് മാവേലിക്കരയിൽ നടന്ന മലങ്കര അസ്സോസിയേ ഷൻ 54-ാം വയസ്സിൽ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1977 ആഗസ്റ്റിൽ റമ്പാനായി. 1978 മെയ് 15-ന് പഴഞ്ഞി പള്ളിയിൽ പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ 'മാത്യൂസ് മാർ ബർന്നബാസ്' എന്ന നാമ ത്തിൽ എപ്പിസ്കോപ്പയാക്കി. 1981 ഫെബ്രുവരിയിൽ മെത്രാപ്പോലീത്താ യായി ഉയർത്തി.

അങ്കമാലി (1978-92), കോട്ടയം (1980-85), അമേരിക്ക (1992) ഭദ്രാസ നങ്ങളുടെ സഹായ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു. 1982 ജൂൺ ഒന്നിന് രൂപീകരിച്ച ഇടുക്കി ഭദ്രാസനത്തിന്റെയും 2009 ഏപ്രിലിൽ ആരം ഭിച്ച 'നോർത്ത് ഈസ്റ്റ്' അമേരിക്കൻ ഭദ്രാസനത്തിന്റെയും പ്രഥമ മെത്രാ പ്പോലീത്തായാണ്. അമേരിക്കൻ ഭദ്രാസനത്തിന്റെ (1992-2009) സമഗ്ര മായ വളർച്ചയ്ക്ക് മുഖ്യപങ്കാളിത്തം വഹിച്ചു. കേരളത്തിലെ വിവിധ ഭദ്രാസനങ്ങളിലായി 14 വർഷവും (1978-92) അമേരിക്കൻ ഭദ്രാസനങ്ങ ളിൽ (1992-2011) 19 വർഷവും ധീരമായി നയിച്ച ശേഷം 2011 ജനുവരി 18 -ന് ഭദ്രാസന ഭരണത്തിൽ നിന്നും വിരമിച്ചു.

മർത്തമറിയം വനിതാ സമാജം, ബാലികാ സമാജം, മദ്യവർജ്ജന ധാർമ്മീകോന്നത സമിതി, മലങ്കര സഭാമാസിക എന്നിവയുടെ പ്രസി ഡന്റ്, ദിവ്യബോധനം പഠനപദ്ധതിയുടെ വൈസ്പ്രസിഡന്റ്, കോർപ്പ റേറ്റ് കോളേജുകളുടെ മാനേജർ എന്നീ നിലകളിൽ സേവനം അനു ഷ്ഠിച്ചു.

ഇംഗ്ലീഷിലും മലയാളത്തിലുമായി 22-ൽ അധികം ഗ്രന്ഥങ്ങൾ പ്രസി ദ്ധീകരിച്ചു. കോട്ടയം പാമ്പാടി ദയറായിൽ വിശ്രമജീവിതം നയിച്ചു. ഡിസംബർ 9-ന് പുലർച്ചെ 2.30-ന് എൺപത്തിയെട്ടാം വയസ്സിൽ കാലം ചെയ്തു. ഭൗതികശരീരം മാതൃഇടവകയായ പെരുമ്പാവൂർ വളയഞ്ചിറ ങ്ങരയിൽ ഡിസംബർ 12-ന് 12 മണിക്ക് സംസ്ക്കരിച്ചു. ഓർമ്മ: ഡിസം ബർ 9.



# ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (1940-2013)

ഓതറ കീയത്ത് കെ. ഐ. ജോർജ്ജിന്റെയും നിരണം മാണിപ്പറമ്പിൽ അന്നമ്മയുടെയും മൂന്നാമത്തെ പുത്രനായി 1940 നവംബർ 14-ന് ഗീവർഗീസ് മാർ ഈവാനിയോസ് മധുരയിൽ ജനിച്ചു. പിതാവ് റയിൽവേ ഉദ്യോഗസ്ഥനായിരുന്നു. നാലു വയസു വരെ തമിഴ്നാട്ടിലെ മധുരയിൽ താമസിച്ചു. പിതാവിന്റെ സ്ഥലംമാറ്റത്തെ തുടർന്ന് കൊല്ലത്തെത്തി. 21-ാം വയസുവരെ കൊല്ലത്തു വളർന്നു. മാതാപിതാക്കൾ മാർത്തോമ്മാ സഭാംഗങ്ങളായിരുന്നു. കൊല്ലത്തെ മാർത്തോമ്മാപള്ളി വീട്ടിൽ നിന്നും വളരെ ദൂരത്തായിരുന്നതിനാൽ, ചെറുപ്പത്തിൽ സമീപത്തുള്ള ഒരു സി.എസ്.ഐ. പള്ളിയിൽ വി. കുർബ്ബാനയിൽ പങ്കെടുക്കുകയും സണ്ടേസ്കൂളിൽ പഠിക്കുകയും ചെയ്തു.

മെത്രാപ്പോലീത്തായുടെ പിതാവിന്റെ സഹോദരിമാരെ ഓർത്തഡോക്സ് സഭയിലേക്കാണ് വിവാഹം കഴിപ്പിച്ച് അയച്ചിരുന്നത്. അവർ സഹോദരഭവനത്തിൽ വരുമ്പോൾ നമസ്കാരക്രമം കൊണ്ടുവരുമായിരുന്നു. ജോർജിനെയും സഹോദരങ്ങളെയും അവർ പിടിച്ചിരുത്തി

പ്രാർത്ഥിപ്പിക്കും. നിലവിളക്കിന്റെ വെളിച്ചത്തിൽ അന്ന് ചൊല്ലിയ പ്രാർത്ഥനകളാണ് ഓർത്തഡോക്സ് സഭയിലേക്ക് ആകർഷിച്ചത്. വീട്ടിലെ മേശക്കുള്ളിൽ ഓർത്തഡോക്സ് സഭയുടെ ഒരു വിശുദ്ധ കുർബ്ബാനക്രമം ഉണ്ടായിരുന്നു. ജോർജ് അത് മറിച്ചുനോക്കുമായിരുന്നു. പിതൃസഹോദരിമാരാണ് നോമ്പു നോൽക്കുവാനും, ഉപവസിക്കാനും പ്രേരിപ്പിച്ചതും പഠിപ്പിച്ചതും.

പ്രീ-ഡിഗ്രിക്കു ശേഷം എഞ്ചിനിയറിംഗിന് ചേർക്കണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. പക്ഷേ, ജോർജിന് അതിൽ താല്പര്യമുണ്ടായില്ല. അതുകൊണ്ട് ഡിഗ്രിക്ക് കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളജിൽ ചേർന്നു. ഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് കൊല്ലം അരമനയിൽ താമസിച്ചിരുന്ന ചിലർ സുഹൃത്തുക്കളായി. ആ സുഹൃദ്ബന്ധം മൂലം അരമന ചാപ്പലിൽ സന്ധ്യാപ്രാർത്ഥനയ്ക്ക് പോകുവാൻ തുടങ്ങി. അങ്ങനെയാണ് മാത്യൂസ് മാർ കൂറിലോസ് തിരുമേനിയെ പരിചയപ്പെടുന്നത്. ആ ബന്ധം ഓർത്തഡോക്സ് സഭയോട് അടുക്കുവാൻ ഇടയാക്കി. പിന്നീട് വി. കുർബ്ബാന അനുഭവിക്കുവാൻ വേണ്ടി ഓർത്തഡോക്സ് സഭാംഗമായി. അതിനുശേഷം വി. മദ്ബഹാ ശുശ്രൂഷകനും സണ്ടേസ്കൂൾ അദ്ധ്യാപകനുമായി. ബി.എസ്.സി. കഴിഞ്ഞ് എഞ്ചിനിയറിംഗിന് പോകണമെന്ന നിർദ്ദേശം വന്നെങ്കിലും; സെമിനാരിയിൽ ചേരണമെന്ന് ജോർജ് ആഗ്രഹിച്ചു.

1963 മാർച്ചിൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ജോർജിന് ശെമ്മാശുപട്ടം നൽകി. ഓക്സ്ഫഡിൽ ആംഗ്ലിക്കൻ സഭയുടെ ആശ്രമമായ കൗളി ഫാദേഴ്സിൽ രണ്ടു വർഷം താമസിച്ച് സന്യാസപരിശീലനം നേടി. അതിനുശേഷം മാസ്ഫീൽഡ് കോളജിൽ നിന്നും ഹീബ്രുവിലും സുറിയാനിയിലും എം. എ. ബിരുദം നേടി. ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ നിന്നും 'ക്രിസ്തീയ വേദശാസ്ത്രത്തിൽ' മാസ്റ്റർ ബിരുദം കരസ്ഥമാക്കി. എട്ടു വർഷം ഡീക്കൻ ജോർജ് ഓക്സ്ഫഡിൽ ആശ്രമ അന്തേവാസിയായി താമസിച്ചു.

1971-ൽ ലണ്ടനിലെത്തിയ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ക്ഷണമനുസരിച്ച് ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകനായി ഡീക്കൻ ജോർജ് തിരികെ നാട്ടിലെത്തി. 1972-ൽ പൂർണ്ണ ശെമ്മാശുപട്ടവും 1973 ഡിസംബറിൽ കശ്ശീശാപട്ടവും പഴയ സെമിനാരിയിൽ വച്ച് മാത്യൂസ് മാർ കൂറിലോസ് തിരുമേനി നൽകി. ഹീബ്രു, ഗ്രീക്ക്, സുറിയാനി അദ്ധ്യാപകനായും വാർഡനായും സെമിനാരിയിൽ സേവനമനുഷ്ഠിച്ചു.

1978-ൽ 38-ാം വയസ്സിൽ ക്യാൻസർ രോഗബാധിതനായി. ക്യാൻസർ

രോഗത്തിൽ നിന്നും അത്ഭുതകരമായി രക്ഷപെട്ടു. രോഗം ഭേദമായി സെമിനാരിയിലെത്തി അദ്ധ്യാപനം തുടർന്ന അദ്ദേഹത്തെ പ. മാത്യൂസ് പ്രഥമൻ ബാവാ 1979 മാർച്ചിൽ റമ്പാനാക്കി; പരുമല സെമിനാരിയിൽ നിയോഗിച്ചു. ഏഴു വർഷം പരുമലയിൽ കഴിഞ്ഞു.

വൈദികനായിരുന്നപ്പോഴും റമ്പാനായിരുന്നപ്പോഴും വികാരിയായി 15 വർഷം ശുശ്രൂഷിച്ചത് കോട്ടയം കാരാപ്പുഴ മാർ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ചാപ്പലിലായിരുന്നു. പ. പാമ്പാടി തിരുമേനി പണിയിച്ച ചാപ്പൽ പുതുക്കിപണിയുന്നതിനും അദ്ദേഹത്തിന്റെ ശുശ്രൂഷാകാലത്ത് ദൈവം ഇടയാക്കി.

1982 ഡിസംബർ 28-ന് ഫാ. ജോർജിനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ. മാത്യൂസ് പ്രഥമൻ ബാവായുടെ ആഗ്രഹപ്രകാരം തിരുവല്ലായിൽ ചേർന്ന മലങ്കര അസോസിയേഷൻ യോഗം തിരഞ്ഞെടുത്തു. 1985 മെയ് 15-ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് ഗീവർഗീസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

1985 ഓഗസ്റ്റ് ഒന്നിന് കോട്ടയം ഭദ്രാസനത്തിന്റെ ഇടയനായി. എം. ഡി. സെമിനാരി കോമ്പൗണ്ടിനോട് ചേർന്നുകിടക്കുന്ന എഴുപതു സെന്റ് സ്ഥലം വാങ്ങി പ. പാമ്പാടി തിരുമേനിയുടെ പേരിൽ ഭദ്രാസന മന്ദിരം പണിതു. പാമ്പാടി തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പാമ്പാടി ദയറായിൽ ചാപ്പലും അരമനയും പണിതതുൾപ്പെടെ ഭദ്രാസനത്തിലെ ഭൂരിഭാഗം പള്ളികളും പുതുക്കിപ്പണിയുവാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞു.

ഹൃദയ ശുദ്ധീകരണം, മൗനത്തിന്റെ ലാവണ്യം, നിർലേപം എന്നീ ഗ്രന്ഥങ്ങൾ രചിച്ച മെത്രാപ്പോലീത്താ ധ്യാനഗുരു, എഴുത്തുകാരൻ എന്നീ നിലകളിൽ അറിയപ്പെട്ടു.

ദീർഘകാലമായി രോഗബാധിതനായിരുന്ന അദ്ദേഹം 2013 ഏപ്രിൽ 12-ന് രാവിലെ കോട്ടയം കരിപ്പാൽ ആശുപത്രിയിൽ കാലം ചെയ്തു. ഞാലിയാകുഴി ബസേലിയോസ് ദയറായിൽ ഏപ്രിൽ 13-ന് ശനിയാഴ്ച 4 മണിക്ക് കബറടക്കി.

ആദ്ധ്യാത്മീക ശിക്ഷണവും നിഷ്ഠയും പരിരക്ഷിച്ച അദ്ദേഹം പ്രകൃതിയോടും സഹജീവികളോടും അശരണരോടും കാരുണ്യം പുലർത്തി. ഹൃദയ വിശുദ്ധി പകർന്ന കാരുണ്യ കർമ്മങ്ങളിൽ പരിസ്ഥിതി സൗഹൃദവും സംരക്ഷണവും ബദൽ ഊർജ്ജ സ്രോതസ്സും ഉൾപ്പെടുത്തി. കരുതലും ലാളിത്യവും നീതിയും താപസവിശുദ്ധിയിൽ ഹരിത സൗന്ദര്യം പകർന്നു. അനേകർക്ക് ആശ്വാസവും അനുതാപവും പ്രകാശവും പകർന്ന് പുണ്യ ജീവിതം നയിച്ചു.

**അനുബന്ധം**

# Church Dignitaries

**CATHOLICOS AND MALANKARA METROPOLITAN:**

***H.H. Baselius Mar Thoma Paulose II***
*B'day: Aug. 30, 1946*
Catholicate Aramana, Devalokam, Kottayam - 686 004 Ph: 0481 2578500 2578499 94472 80074
*e-mail: catholicos@mosc.in* *Website: www.mosc.in*

**METROPOLITANS:**

**H.G *Thomas Mar Athanasios* (Chengannur)**
*B'day: Apr. 3, 1938*
Bethel Aramana, Chengannur. Pin - 689 121
Ph: 0479 2451331 2453310 94477 91896, *e-mail: marathanasios@gmail.com*

***H.G. Dr. Thomas Mar Athanasius* (Kandanad East)**
*B'day: Jun.28, 1952*
Bishop's House, Cathedral Road, Muvattupuzha. Pin - 686 661
Ph: 0485 2833401 94470 83340 *e-mail: thomasathanasius@yahoo.co.in*

***H.G. Dr. Yuhanon Mar Meletius* (Trissur)**
*B'day: Jul. 7, 1954*
Gethsemon, Mannuthy, Trissur - 680 651 Ph: 0487 2371039 2371748 94470 37174
*e-mail: mormilitos@gmail.com*
*yuhanonmilitos@hotmail.com*

***H.G. Kuriakose Mar Clemis* (Thumpamon)**
*B'day: July. 26, 1936*
Basil Aramana, Pathanamthitta. Pin - 689 645
Ph: 0468 2222243 2325942 9495694429 *e-mail: hgmarclemis@gmail.com, thumpamondiocese@gmail.com*

***H.G. Zachariah MarAnthonios*** **(Kollam)**
*B'day: Jul. 19, 1946*
Bishop's House, Cross Junction, Kollam - 691 001 Ph: 0474 2743535 2746900 (Fax) 9496852535
*e-mail: kollamdiocese@gmail.com*

***H.G. Dr. Mathews Mar Severios*** **(Kandanad West)**
*B'day: Feb.12, 1949*
Prasadam Centre, Kolencherry, Ernakulam. Pin - 682 311
Ph: 0484 2760286 2763025 94472 13999 *e-mail: mseverios@gmail.com, mseverios@hotmail.com*

***H.G. Geevarghese Mar Coorilos*** **(Mumbai)**
*B'day: Oct. 7, 1949*
Orthodox Church Centre, Mar Theophilos Marg, Sector X-A, Vashi, Juhu Nagar, Navi Mumbai - 400 703
Ph: 022 27669850 27801427 27663427 (Fax) 09820 333379 96457 47393
*e-mail: marcoorilos@yahoo.com orthodox77@hotmail.com bishopcoorilos@gmail.com*

***H.G. Zachariah Mar Nicholovos*** **(North East America)**
*B'day: Aug. 13, 1959*
IOC Centre, 2158 Route 106, Jericho, Muttontown, NY -11791 USA
Ph: 001 7185416286 7184709844 716 470 9219 (Fax) +919847068761 *e-mail: thirumeni@aol.com*

***H.G. Dr. Yakoob Mar Irenaios*** **(Kochi)**
*B'day: Aug. 15, 1949*
Sion Seminary, Koratty East, Chirangara, Chalakudy, Trissur - 680 308
Ph: 0480 2732023 2734218 94957 03344
*email:marirenaios@gmail.com*

***H.G. Dr. Gabriel Mar Gregorios*** **(Tiruvananthapuram)**
*B'day: Feb.10, 1948*
Orthodox Church Centre, Ulloor, Medical College P.O., Tiruvananthapuram - 695 011.

*e-mail: gabrielmargregorios@gmail. com* Ph: 0471 2442509 2552509 94471 66857

***H.G. Dr. Zachariah Mar Theophilos* (Malabar)**
*B'day: Aug. 17, 1952*
Mount Hermon Aramana, NIT Campus P.O., Kozhikode - 673 601 Ph: 0495 2287278 2288278 94476 61438 *e-mail:martheophilos@gmail.com*

***H.G. Dr. Yuhanon Mar Chrisostomos* (Niranam)** *B'day: Jan. 07, 1955*
Bethany Aramana, Tiruvalla - 689 101. Ph: 0469 2701357 2603357 94470 45543
*e-mail: marchrisostomos@yahoo.co.in*

***H.G. Yuhanon Mar Policarpos* (Ankamaly)**
*B'day: Mar. 30, 1955*
Thrikunnathu Seminary, P.B. No. 61, Aluva - 683 101 Ph: 0484 2624339 2622339 94474 75544
*e-mail:marpolicarpos@yahoo.com*

***H.G. Mathews Mar Theodosius* (Idukki)**
*B'day: Sept. 15, 1955*
Gethsemon Aramana, Chakkupallom, Kumily, Idukki - 685 509 Ph: 04868 282248 284504 9495112665
*e-mail:mathewsmartheodosius@gmail.com*

***H.G. Dr. Joseph Mar Dionysius* (Kolkatta)**
*B'day: Jun. 15, 1956*
St.Thomas Asram P.B. No. 24, Kailash Nagar, Bhilai, Durg (CG) 0)07882285309 2285803 (Fax) 09446181314 Ph: 09425553147 *e-mail: josephdionysius@gmail. com*

***H.G. Abraham Mar Epiphanios* (Sultan's Battery)**
*B'day: Sept. 17, 1960*
Nirmalgiri Aramana, Poomala P.O., S. Battery, Wayanad - 673 592 Ph: 04936 220969 240898 94479 08814 *e-mail: marepiphanios@gmail.com*

***H.G. Dr. Mathews Mar Timothies*** **(UK-Europe-Africa)**
*B'day: May 03, 1963*
St. Gregorios Indian Orthodox Church, Cranfield Road, Brochley, London-SE4 1UF, UK
Ph: 00442086919456 07541814466 +9194477 18511 *e-mail: thimothiosmathews@gmail.com*
Menorah Orthodox Centre, Venmani P.O., Chengannur, Alappuzha Dist. Ph: 0479 2351722

***H.G. Alexios Mar Eusebius*** **(South West America)**
*B'day: Sept 05, 1964*
3101, Hopkins Rd., Beasley, TX 77417, USA
Ph: 001 281 403 0670 Fax: 281 459 0814 +91 8547058607 *e-mail: mareusebius@ds-wa.org www.ds-wa.org*

***H.G. Dr. Yuhanon Mar Diascoros*** **(Madras)**
*B'day: April 8, 1965*
Bishop's House, 4/51, Rajeswari Street, Mehta Nagar Chennai-600 029
Ph: 04423746010/11 09791020730 09447464090 *e-mail: mardiascoros@yahoo. com*

***H.G. Dr. Yuhanon Mar Demetrios*** **(Delhi)**
*B'day: Dec. 18, 1952*
Delhi Orthodox Church Centre, 2nd Institutional Area, Thuglaqabad, New Delhi - 110 062
Ph: 011 29956417 29955203 29958975 (Fax) 098711 24022 094471 47282 *e-mail: mar.demetrios@gmail.com*

***H.G. Dr. Yuhanon Mar*** **Theodoras (KTR - Punalur)**
*B'day: Feb. 10, 1953*
Kottappuram Seminary, Pulamon P.O., Kottarakkara - 691 531 Ph: 0474 2652755 94474 71408
*e-mail: stpaulsmtc@yahoo.co.in*

***H.G. Yakob Mar Elias*** **(Brahmavar)**
*B'day: Feb. 24, 1953*
Mount Horeb, Bishop House, Door No. 3E9/746-3,
Vivekananda 2nd Cross Road, Nanthoor, Mangalore, Karnataka - 575005

Ph: 0824 2210018 09483530018
*e-mail: metropolitanelias@gmail. com*

**H.G. Dr. *Joshua Mar Nicodimos* (Nilackel & Mavelikara)**
*B'day: Oct. 8, 1962*
St. Thomas Aramana, Pazhavangadi, Ranni, Pathanamthitta - 689 673
Ph: 04735 224477 94466 00671
*e-mail: nilackaldiocese@gmail.com*
*marnicodimos@gmail.com*

***H.G. Dr. Zachariah MarAprem* (Adoor-Kadambanad)**
*B'day: Mar. 11, 1966*
Sreyas Aramana, Mar Epiphanios Centre, Kannamkode, Adoor - 691 523
Ph: 04734 227117 94471 84303
*e-mail:drzachariasmaraprem@gmail.com*

**H.G. Dr. Geevarghese *Mar Yulios* (Ahmedabad)**
B'day: *May 17, 1967*
St. Mary's H.S. School Campus, Naroda-Nicol Road, Ahmedabad, Gujarat-382 330
Ph: 07922811352 09624461457 09447383931
*e-mail: hgyulios@gmail.com*

***H.G. Dr. Abraham Mar Seraphim* (Bangaluru)**
B'day: Dec. 28, 1969
Bishop's House, No. 1, Malankara Veethi, Nr Sharma Farm, Bangaluru - 560 077
Ph: 09483540234 09447963528 09844258191
*e-mail: marseraphim@gmail.com*
*metropolitan@bangaloreorthodoxdiocese.org*